അന്നദാതാവായ നമ്മുടെ പൊന്നു തമ്പുരാൻ തിരുമനസ്സിലെ പ്രജാക്ഷേമ കാംക്ഷയേയും, ഭരണകുശലതയേയും ഹാർദ്ദമായി അഭിനന്ദിച്ച്, ചക്രവർത്തി തിരുമനസ്സു കൊണ്ട്, തിരുമനസ്സിലേക്ക് ജീ.സി.ഐ.ഈ. എന്ന ഉത്കൃഷ്ടബിരുദം നല്കിയതിൽ "സഹൃദയ"യ്ക്കുള്ള അളവററ ആഹ്ളാദഭരം ഭക്ത്യാദരപുരസ്സരം തൃപ്പാദങ്ങളിൽ ഉണർത്തിച്ചുകൊള്ളുന്നു.



H. H. THE MAHARAJAH OF TRAVANCORE, G. C. I. E.

# മഹാരാജമങ്ഗളാശംസാ.*

ജയതു ജയതു ശ്രീവഞ്ചീശഃ പ്രജാഹൃദയോത്സവഃ
സദയഹൃദയശ്ചിത്രാനക്ഷത്രജഃ കുലശേഖരഃ
നവമസുലഭം ജീ. സീ. ഐ. ഈ ത്യനല്പയശസ്കരം
ബിരുദമുരുദോ യസ്സമ്രാജശ്ശുഭാദധിജഗ്മിവാൻ.

അയിഭോ മഹാന്തഃ പണ്ഡിതാഗ്രഗണ്യാഃ,

അസ്യ സമ്മേളനസ്യോദ്ദേശഃ സ്പഷ്ട ഏവ. സഹസ്രാധികഷട്ത്രിംശകോളംബവർഷാദനന്തരം ത്രയോ മഹാരാജാഃ ശ്രീവഞ്ചിഭൂമിം സമ്യഗശാസുഃ. പ്രഥമസ്തത്രാശ്ലേഷർക്ഷാവതാരോ മഹാരാജഃ, കുശാഗ്രീയബുദ്ധിസാമർത്ഥ്യേന സ്വസംസ്ഥാനമ് ഐശ്വര്യ്യപദവ്യാമതിഷ്ഠിപൽ. തസ്യാനുജോ വിശാഖനക്ഷത്രജാതോ മഹാരാജഃ പ്രചണ്ഡപാണ്ഡിത്യശാലീ സ്വരാജ്യപ്രശസ്തിം വ്യതസ്തരൽ. തദനന്തരം മഹാരാജർഷിഃ ശ്രീമൂലതാരാവതാരോ ധർമ്മനിഷ്ഠാപടിഷ്ഠഃ പരമഭക്തശ്ചിരായ ധരണീമിമാം അപീപലൽ. ശ്രീമൂലമഹാരാജസ്യ സ്വർഗ്ഗാരോഹണകാലേ അപ്രാപ്തവ്യവഹാരോഽഭവദസ്മന്മഹാരാജഃ ശ്രീ ചിത്രാതാരാവതാരഃ. തസ്മാദ് "ഉഷഃപ്രഭാപല്ലവകോമളേ"തി മയാ കുത്രചിദ്വർണ്ണിതാ ശ്രീസേതുലക്ഷ്മീമഹാരാജ്ഞീ മഹാരാജസ്യ പ്രാതിനിധ്യമവലംബ്യ രാജ്യരക്ഷാമകരോൽ. ഏകോനവിംശവയസ്സമ്പൂർത്തിസന്ധൗ മഹാരാജഃ സ്വയമേവ രാജ്യം രക്ഷിതും പ്രാരഭത. പൂർവ്വോക്താനാം മഹാരാജാനാം വിശിഷ്ടാ ഗുണാഃ സർവ്വേ ശ്രീചിത്രർക്ഷജമഹാരാജേ സമ്മില്യ ക്രമശോ വികാസം പ്രാപ്നുവന്തി.

ചിത്രാനക്ഷത്രജന്മതോ മഹാരാജചരിത്രമാരബ്ധമാത്രമപി വിവിധവൈചിത്ര്യമനോഹരം ദൃശ്യതേ. യദയം ശ്രീപാർവ്വതീസൂനുരപി ശ്രീപത്മനാഭദാസഃ; ഉത്തിഷ്ഠമാനയൗവനോപി ബ്രഹ്മചര്യ്യാവ്രതസ്ഥഃ; അകൃതദാരപരിഗ്രഹോപി പ്രജാഹിതൈകതാനഃ; സമ്പന്നകോശോപി സ്വാർത്ഥാലസഃ; മഹാരാജസ്യാധിരാജഃ സമസ്തസ്തവാർഹഃ ക്രൈസ്തവഃ; മന്ത്രീ മഹാൻ മുസൽമാൻ, നിയമോപദേഷ്ടാ ബ്രാഹ്മണാഗ്രണീഃ, മാതൃഷ്വസാ പൂർവ്വാഷാഢർക്ഷജാ, കനീയാൻ ഭ്രാതാ തൂത്തരാഷാഢർക്ഷജഃ. ശ്രീരാമനാമതോ രഘുപതിവന്മഹാരാജോപി സമുദ്രമലലംഘൽ. ശ്രീരാമസ്യ

---

* മഹാരാജാവു തിരുമനസ്സിലെ ജീ. സീ. ഐ. ഈ. ബിരുദലബ്ധിയിൽ തിരുമനസ്സിലെ അനുമോദിക്കുന്നതിന തിരുവനന്തപുരത്തുകൂടിയ പൗരസ്ത്യഭാഷാപണ്ഡിതസദസ്സിൽ രാജശ്രീ പി. കെ. നാരായണപിള്ള അവർകൾ ചെയ്ത അദ്ധ്യക്ഷപ്രസ്താവന.

കോസലദേശാൽ പ്രവാസോഽഭൂൽ; മഹാരാജസ്യ ഹോസലദേശേനിവാസോഽഭൂൽ. ഇത്യലം പ്രപഞ്ചനേന.

ഏതാനി വൈചിത്ര്യാണി സർവ്വാണി സമീകൃത്യ, തൌര്യത്രികസ്യൈവ പരസ്പരലയം സമ്പാദ്യ, വഞ്ചിരാജ്യം രക്ഷതേ രക്ഷിഷ്യതേ ച മഹാരാജായ ബ്രിട്ടൻരാജ്യേ ഭാരതവർഷേ ച പട്ടാഭിഷിക്തേന മഹീശ്വരേണ സമ്രാജാ പ്രദത്തോ "ജീ. സീ. ഐ. ഈ." ബിരുദതല്ലജഃ കം നാമ സുജനമിദാനീം നാഹ്ലാദയതി? യേ കേപി ദുർമ്മേധോമദാന്ധാ മഹാരാജരാജ്യഭാരം കളങ്കയിതുമുദ്യുഞ്ജതേ, ദുർഗ്ഗന്ധമയവാക്യാന്യുദ്വമ്യ കുക്കുരവദ് ബുക്കന്തി, ഗ്രാമസൂകരവദ് ഘുരന്തി, തേഽപ്യമുമഭിനവബിരുദലാഭമാലോക്യ തീക്ഷ്ണ തുഷ്ണീകതയാ മഹാരാജമഭിനന്ദന്തി, നതു നിന്ദന്തി. അതോഽസ്മാഭിശ്ചക്രവർത്തിപ്രസാദകൃതജ്ഞതാപുരസ്സരമ് ഏഷഭാഗ്യോദയസ്സവിശേഷമ് ആഘോഷണീയഃ.

മഹോന്നതമഹിമശാലീ ചൈത്രികോ മഹാരാജോ മുഖകമലപ്രതിഫലിതഹൃദയവിമലിമാ, നയനദ്വയദ്യോത്യമാനനിത്യൌർജ്ജിത്യനൃത്യഃ ശ്രവണസുധാമധുരവാണീവിലാസഃ സ്വസന്നിധിമാത്രേണ ജനോന്നമനകാരീ, സർവ്വോൽകർഷേണ വർത്തതാം. ഇതരാണി ച ബിരുദരത്നാനി സമുപാർജ്ജ്യ ദീർഘായുരാരോഗ്യ ഭാഗ്യയോഗ്യതാഭിഃ മാതാപിതൃഭ്രാത്രാദിഭിശ്ച ചിരായ ജേജീയതാം മഹാരാജഃ. അസ്തു സർവ്വമംഗളം. ശ്രീ പത്മനാഭഃ പ്രസീദതു.

# വിഷയവിവരം


| | | പുറം |
|---|---|---|
| 1. | കവികളുടെ കള്ളങ്ങൾ:—കൈനിക്കര എം. കുമാരപിള്ള, ബി. ഏ., എൽ. ററി. | 167 |
| 2. | കവികളും പ്രകൃതിയും:—കീഴ്കുളം എൻ. രാമൻപിള്ള, എം. ഏ. (സയൻസ്കാളേജ്) | 180 |
| 3. | യവദ്വീപം:— പി. അനന്തൻപിള്ള, എം. ഏ. | 187 |
| 4. | കരുണ അനുകരണമാണോ?:—വിദ്വാൻ ഏ. ഡി. ഹരിശർമ്മ | 189 |
| 5. | വാസുദേവ യമകകവി:—വിദ്യാഭൂഷണൻ വി. വെങ്കട്ടരാമശർമ്മ | 195 |
| 6. | മുക്തിയും ഭക്തിയും:— വി. കൃഷ്ണൻതമ്പി, ബി. ഏ., | 218 |
| 7. | കിമപികാവ്യം:—സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള, ബി. ഏ., ബി. എൽ. | 224 |
| 8. | തമിഴ്‌വ്യാകരണപ്രവേശിക:— വി. കൃഷ്ണൻതമ്പി, ബി. ഏ. | 233 |
| 9. | ഗ്രന്ഥനിരൂപണം. | 235 |
| 10. | പത്രാധിപക്കുറിപ്പുകൾ. | 240 |

# സഹൃദയ

പുസ്തകം ൧. } വൃശ്ചികം ൧൧൧൧. { ലക്കം ൩.


## കവികളുടെ കള്ളങ്ങൾ.


കൈനിക്കര എം. കുമാരപിള്ള ബി. ഏ., എൽ. ററി.


കവികളെല്ലാം കള്ളന്മാരാണെന്നുള്ളതിൽ ആൎക്കും അഭിപ്രായവ്യത്യാസമുണ്ടാകാൻ ഇടയുണ്ടെന്നു തോന്നുന്നില്ല. കള്ളമേ പറയാവു എന്നവൎക്കു നിബ്ബന്ധമുണ്ടു്. ഒരു വസ്തുവും ഉള്ളതുപോലെ പറയുകയില്ല. ഒരു പൂ നമുക്കൊക്കെ ഒരു പൂവാണു്. അവൎക്കു് പ്രകൃതിയുടെ പുഞ്ചിരിയാണു്, അല്ലെങ്കിൽ ആരാമത്തിന്റെ രോമാഞ്ചമാണു്. അതു സ്പഷ്ടമേ കള്ളമെന്നാൎക്കാണറിയാൻ പാടില്ലാത്തതു്?

ചിലപ്പോൾ അവൎക്കു് അല്പം മനഃസാക്ഷിയുടെ ഉപദ്രവം ഉണ്ടാകാറുണ്ടു്. അപ്പോഴാണു് അവർ 'പോലെ', 'സമം', 'സമാനം' എന്നൊക്കെ പറയുന്നതു്. ഒരു കണ്ണു് താമരപ്പൂവിന്റെ ഇതളുപോലെയാണെന്നു് പറഞ്ഞാൽ, അതു പോലെയല്ലെന്നു് നമുക്കൊക്കെ അറിയാമെങ്കിലും, അതുപോലെയാണെന്നല്ലേ പാഞ്ഞുള്ളൂ എന്നൊരു സമാധാനമുണ്ടു്.

“പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി,
പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം,
വായ്ക്കുന്നു വേലിക്കു വൎണ്ണങ്ങൾ പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾ പോലെ.”

എന്നു പാടിയ കവി ആദ്യത്തെ മൂന്നു പാദത്തിലും നേരുകാരനായിരുന്നു. അവസാനത്തെ പാദത്തിലാണു കവി ആയതു്. എങ്കിലും സഹിക്കാം. അതിൽ 'പോലെ'യുണ്ടു്. പോരെങ്കിൽ നാനാവൎണ്ണപ്രഭങ്ങളായ പുഷ്പങ്ങളെക്കൊണ്ടു നിബിഡമായ ഒരു കാട്ടു് അന്തിമേഘങ്ങൾപോലെയാണെന്നു പറഞ്ഞതിൽ അല്പം സത്യവുമുണ്ടു്.

എന്നാൽ, ധ്യാനനിഷ്ഠനായ പരമശിവനെ

‘കാർ കൊണ്ടു മിണ്ടാത്തൊരു
കൊണ്ടൽ പോലെ,
കല്ലോലമില്ലാതെഴുമാഴി
പോലെ,
കാററിൽപ്പെടാദ്ദീപവുമെന്ന
പോലെ’

എന്നും മററും വൎണ്ണിക്കുന്ന കാളിദാസന്റെ കള്ളം അക്ഷന്തവ്യം തന്നെയാണു്. ഒരു മനുഷ്യസ്വരൂപത്തെ നോക്കിക്കൊണ്ടു്, അതു കാറു പോലെയാണു്, കടലു

പോലെയാണ്, അതു് കഴിഞ്ഞിട്ടോ! ദീപശിഖ പോലെയാണ് എന്നൊക്കെ പറയുന്നതു കുറെ കടുപ്പമല്ലേ?

നമ്മുടെ കവികൾ ഒട്ടും കുറഞ്ഞ കൂട്ടരല്ല. ഇരുളടഞ്ഞ രാത്രി നാമൊക്കെ കണ്ടിട്ടുള്ളതല്ലേ? പക്ഷേ ഇങ്ങനെ ആരെങ്കിലും കണ്ടിട്ടുണ്ടോ?

"രാവൊരു മുഴുഭ്രാന്തൻ
പോലെ പാഞ്ഞണഞ്ഞിരുൾ-
ചേർവാരിയെറികയായ്
ദിങ്മുഖത്തിലേക്കെല്ലാം!"

ബ്രഹ്മാണ്ഡപ്പെരുംഭാണ്ഡം കല്ക്കരിക്കൂമ്പാരത്തിന്നൊത്ത മാതിരിയിലായി; വാനിടം നാലു ഭാഗത്തേക്കും ചാഞ്ഞിറങ്ങി കരിമ്പാറ പോലെ കിടക്കുന്നു; ആ പാറയിന്മേൽ വീണ കക്കകളേ പോലെ അങ്ങിങ്ങ് കുറേ നക്ഷത്രങ്ങളേയും കാണാം.

നമ്മുടെ വടക്കൻ മേനോൻ ഇങ്ങനെയൊക്കെ എഴുതിയാൽ തെക്കൻ സ്വാമി രണ്ടടി മുന്നോട്ടാണ്. വള്ളത്തോളിന് 'പോലെ' 'ഒത്ത മാതിരി' എന്നൊക്കെ ചില സമാധാനങ്ങളുണ്ട്. ഉള്ളൂരിന് അങ്ങനെ യാതൊന്നുമില്ല. എന്തു പച്ച കള്ളമാണു തട്ടിവിട്ടിരിക്കുന്നതെന്നു നോക്കണം:—

"തന്മണാളനേത്തേടി
രാത്രിദേവിയാൾ വാടി
തന്മുടിക്കെട്ടഴിഞ്ഞു
നാലുപാടും ചിന്നുന്നു."

രണ്ടു യാമം കാത്തിട്ടും നാഥനെ കണ്ടില്ല. അപ്പോൾ കൊണ്ടൽവേണിയുടെ മുഖം മേൽക്കുമേൽ കറുക്കുന്നു. ഒന്നു രണ്ടു നക്ഷത്രങ്ങൾ അങ്ങിങ്ങു മങ്ങിക്കാണുന്നുണ്ട്—'വിൺതമാലക്കാട്ടിലെത്തൈമിന്നാമിനുങ്ങുകൾ!'

പോരേ? ഉത്തമബ്രാഹ്മണൻ പാപം വലിച്ചു തലയിൽ കമിച്ചിരിക്കുന്നതു കണ്ടില്ലേ? അക്ഷന്തവ്യം! അക്ഷന്തവ്യം എന്നല്ലാതെന്താണു പറയുക!

ഇവക്ക് ഇന്നതേ പറയാവൂ എന്നു യാതൊരു നിബന്ധനയുമില്ല. എന്തൊക്കെയേ ചിന്തിക്കാവൂ എന്നു യാതൊരു നിബന്ധവുമില്ല. ഒരു കുഞ്ഞിനെ നോക്കികൊണ്ട് ഒരു സരസൻ പറഞ്ഞതെന്തൊക്കെയാണ്?

ഓമനത്തിങ്കൾക്കിടാവോ—നല്ല
കോമളത്താമരപ്പൂവോ
പൂവിൽ നിറഞ്ഞ മധുവോ—പരി-
പൂർണ്ണേന്ദുതന്റെ നിലാവോ

ഒരു മനുഷ്യക്കുഞ്ഞിനെക്കണ്ടിട്ട് അതു് തിങ്കൾക്കിടാവാണോ, താമരപ്പൂവാണോ, തേനാണോ, നിലാവാണോ എന്നൊക്കെ സന്ദേഹിച്ചുകൊണ്ടാൽ എന്തു ചെയ്യും? "മഞ്ഞക്കിളിയോ മരനായോ" എന്നു സംശയിച്ച പാവം ഇതിൽ എത്ര എത്ര ഭേദം. ഇവരുടെ അടുക്കൽ തോൽക്കുകയേ തരമുള്ളൂ.

ഈ കൂട്ടരെ കണ്ടല്ലേ നമ്മുടെ ചെറുപ്പക്കാർ പഠിക്കുന്നതു്. അവർ പിന്നെങ്ങനെയാണ് ഇവരേക്കാൾ സത്യസന്ധന്മാരാകുക. കള്ളത്തിൽ ഇവരെ അതിശയിക്കാനാണ് അവരുടെ ശ്രമം. ആ ശ്രമം പലപ്പോഴും ഫലിക്കുന്നുമുണ്ട്. സമ്മതിക്കാതെ തരമില്ല.

ഒരു വിദ്വാൻ ഒരു രാത്രിയിൽ വെളിയിലോട്ടു നോക്കിയപ്പോൾ സർവ്വത്ര കുഞ്ഞുങ്ങളെക്കാണുന്നു. രാത്രിയിൽ നാമെല്ലാവരും എത്ര പ്രാവശ്യം വെളിയിലേക്കു നോക്കിയിരിക്കുന്നു. ആരെങ്കിലും ആകാശത്തും കടലിലും കരയിലും എല്ലായിടത്തും കുഞ്ഞുങ്ങളെക്കണ്ടിട്ടുണ്ടോ? പക്ഷേ ഇദ്ദേഹം നോക്കിയപ്പോഴോ കുഞ്ഞുങ്ങ

ളെ മാത്രമേ കാണുന്നുള്ളു.

"ധരയാം മാതാവിൻെറ
ധന്യമാം വക്ഷസ്സിങ്കൽ
ഗിരിപോതങ്ങളുറ-
ങ്ങീടുന്നു വീതാസ്വാസ്ഥ്യം"

ആടിക്കൊണ്ടു നിൽക്കുന്ന മുല്ല കോരകസന്താനത്തെ തളിർച്ചുണ്ടുകൊണ്ടു ചുംബിപ്പിക്കുവാൻ ഭർത്താവായ തരുവരൻെറനേക്കു നീട്ടുന്നു. കടലാകുന്ന കണ്ണാടിയിൽ സ്വന്തം ആനനഭംഗി നോക്കി രസിച്ചുകൊണ്ട് ആകാശമേടയുടെ പുറംതിണ്ണയിൽ തിങ്കൾക്കുമാരൻ ഇരിക്കുന്നു. താരകപ്പൊൻപൈതങ്ങൾ മേഘങ്ങൾക്കിടയിൽ ഒളിച്ചു കളിക്കുന്നു. മാരുതകിശോരകൻ ശാരദാംബുദപ്പട്ടം ആകാശത്തു പറത്തുന്നു.

വേറൊരു കൊച്ചനുജൻ പുലർകാലം പതിവുപോലെ വിതാനിച്ച മലർവനികയായ മണിയറയിൽ, കളിർകാററാകുന്ന കളിമഞ്ചത്തിൽ, തളിർപ്പട്ടുടുത്തു്, ഹിമമണിപ്പതക്കം ചാർത്തി, ശരീരകാന്തി ചുററുപാടും വീശിക്കൊണ്ട് ലജ്ജയാൽ തല കുനിച്ച് വസന്തലക്ഷ്മിയുടെ വരസുതയായി വിരിഞ്ഞു്, ഈ "വസുന്ധര വിളക്കുന്ന കുസുമത്തൊത്തേ!" എന്നാണു് ഒരു പൂവിനെ, ഒരു വെറുംപൂവിനെ വിളിക്കുന്നതു്.

ഒരു വെട്ടുവൻെറ പാട്ടുകേട്ട് ആകാശത്തു താരകൾ സ്തംഭിച്ചുനിന്നു; നദിഓളങ്ങളാകുന്ന കരങ്ങൾകൊണ്ട് താളംപിടിച്ചു; എന്നിങ്ങനെ കുറെ കള്ളങ്ങൾ വള്ളത്തോൾ പറഞ്ഞു. അപ്പോൾ അദ്ദേഹത്തിൻെറ ഒരു കൊച്ചനന്തരവൻ "അതുവ്വോ, എന്നാൽ കേട്ടോളൂ!" എന്നായി.

"ആമഞ്ജുളാരാമത്തിൽ ആനന്ദ
സങ്കേതത്തിൽ
ആരോമലിരുന്നന്നു പാടിനാൾ
മന്ദോത്സാഹം!"

എന്നിട്ടോ? ആ കോമളാലാപംകൊണ്ടു വിണ്ടലം കുളുക്കവേ, പൂക്കളാൽ ചിരിച്ചെത്തുന്ന പുലർകാലത്തിൻെറ പൂമേനിയിൽ മഞ്ഞുനീർത്തുള്ളികൾ പൊടിക്കവേ, പ്രഭാതപ്രകാശം ആകാശവനത്തിൽ ചെന്തളിർ വിടുക്കവേ, അംശുമാൻ മന്നിൻെറ കവിളിൽ കുങ്കുമം പൂശി കുനക്രുന്നൽ ഒതുക്കവേ,

"സാന്ദ്രശീതളമാകും ശാന്തിയിൽ
ചെവിയോർത്തു
പൂന്തളിർത്തെളിവനി നില്ക്കയാണ—
നിമേഷം".

പോകാനായിട്ട് ആരോമലെഴുന്നേററപ്പോൾ പാടത്തുനിന്നു് 'പാടില്ല, ഉച്ചത്തിൽ പാട്ട്' എന്നു് പൈങ്കിളികൾ പറഞ്ഞു. കദളിത്തൈവാഴ അതൃപ്തിയിൽ കൈവിരൽ ചൂണ്ടി; "പോകുമോ? എന്നാലൊന്നു കാണട്ടെ" എന്ന മട്ടിൽ.

"ഓമലിന്നഭിമുഖ—
മായിനിന്നിനനന്ന—
ത്തുമുഖത്തിടക്കിടെ
തേകിനാൻ കതിർവാരി"

പ്രേമം എന്നൊരു വാക്കു് വല്ലയിടത്തും നിന്നു വല്ലവരും ഒന്നു മന്ത്രിച്ചാൽ മതി, ആ നിമിഷത്തിൽ ഇവരുടെ മട്ടു മാറും. പിന്നെ അവർ ഈ ലോകത്തെങ്ങുമല്ല. അവർ പറയുന്നതൊന്നും നമ്മുടെ ഭാഷയുമല്ല. കടലേഴും കടന്നു ചക്രവാളവും ഭേദിച്ചു കല്പകതരുത്തണലിൽ അണയുകയായി, സുരനദികളിൽ നീന്തിക്കളിക്കുകയായി. ഒരു കാമുകൻ പറയുന്നു, കല്പാന്തകാലത്തിലെ കൾശസമുദ്രത്തിൽ അലതല്ലി ഇരച്ചുവന്നു പൊങ്ങുന്ന ഓരോ കൊച്ചു കുമിളയും ഇപ്പോൾ അയാളുടെ മാനസത്തിൽ തുള്ളിത്തുളുമ്പി

നില്ക്കുന്ന അവളോടുള്ള അനുരാഗമായിരിക്കുമെന്ന്! ഒരു കാമിനി കാണാതായ കാമുകനെ വിളിച്ചുകൊണ്ട് നാകപരിമളത്തിൽ നന്ദനമർമ്മരത്തിൽ നാഥനെക്കണ്ടു മുട്ടും അനന്തകാലം, പ്രാണാധിനാഥനെ ഏണാങ്കബിംബം നിന്ന് ചിരിച്ചിടുമ്പോൾ അവിടെ വച്ചുകാണും എന്നൊക്കെയാണ് പറയുന്നത്.

തന്നത്താൻ കള്ളം പറഞ്ഞു പറഞ്ഞു മടുത്തിട്ടോ എന്തോ ഇപ്പോൾ അവർ മൂകവസ്തുക്കളെക്കൊണ്ടുകൂടി പെരുങ്കള്ളങ്ങൾ പറയിക്കുക എന്ന "ഡബിൾ" കള്ളത്തിലും ഏർപ്പെട്ടു തുടങ്ങിയിട്ടുണ്ട്. ആകാശം, ഭൂമി, പകൽ, രാത്രി, വണ്ട്, പൂവ്, മഞ്ഞുനീർത്തുള്ളി എന്നു വേണ്ട, കിണറും കുടവും പോലും വലിയ വലിയ കാര്യങ്ങൾ പറയുന്നുണ്ടെന്നാണ് ഇവർ പറയുന്നത്. ഇംഗ്ലണ്ടിലെ ആ കള്ളരാജൻ പണ്ടെങ്ങാണ്ടു പറഞ്ഞു, വൃക്ഷങ്ങളിൽ ജിഹ്വകളും, പാറകളിൽ പ്രസംഗങ്ങളും, അരുവികളിൽ ഗ്രന്ഥങ്ങളും കാണാമെന്ന്. ഇപ്പോൾ അവയൊക്കെയാണ് ഏററവും ശബ്ദായമാനമായിത്തീന്നിരിക്കുന്നത്.

ഇവരെല്ലാം കള്ളന്മാർ, കറ തെളിഞ്ഞ കള്ളന്മാർ തന്നെ, യാതൊരു സംശയവുമില്ല.

പക്ഷേ ഒരു കാര്യം പറയണമല്ലോ. ഇവരുടെ കള്ളങ്ങൾ നമുക്കിഷ്ടമാണ്. അല്ലെങ്കിൽ നാം അവരെ വെറുതെ വിട്ടുമായിരുന്നില്ല, വെച്ചേക്കുമായിരുന്നില്ല. മാത്രമല്ല അവർ കള്ളം പറഞ്ഞില്ലെങ്കിൽ അവരേ നമുക്കത്ര വകവയ്പുമില്ല.

"പൂക്കുന്നിതാ മുല്ല പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവു പൂക്കുന്നശോകം"

എന്നു കഴിഞ്ഞിട്ട്

പൂക്കുന്നു ചേമന്തി പൂക്കുന്നു റോസാ
പൂക്കുന്നു സർവ്വത്ര പൂക്കുന്നതെല്ലാം.

എന്ന് കവി സത്യം പറഞ്ഞു എന്നു വിചാരിക്കുക. "എടാ, ഇവനാരടാ! എന്തെടാ പട്ടിക പൂർത്തിയാക്കാഞ്ഞതു്?" എന്നായിരിക്കും നാം ആ പാവത്തിന്, ആ സത്യവാദിക്ക്, കൊടുക്കുന്ന സാക്ഷ്യപത്രം. പക്ഷേ ആ ശ്ലോകമെഴുതിയ കവിക്കു നമ്മെ അറിയാം. അതു കൊണ്ട് ഉത്തരാർദ്ധം വന്നപ്പോൾ മട്ടൊന്നു മാററി അല്പമായ ഒരു കള്ളത്തിൻെറ മാധുരി അതിൽ കലത്തി.

"വായ്ക്കുന്ന വേലിക്കു വർണ്ണങ്ങൾ പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ"

"ഉം, തരക്കേടില്ല." എന്ന് നാം തലയും കുലുക്കി.

നമുക്കു കള്ളമാണാവശ്യമെങ്കിൽ, നമുക്കു വേണ്ടിയാണവർ ഈ കള്ളമെല്ലാം എഴുതിക്കൂട്ടുന്നതെങ്കിൽ, പിന്നെന്തിനവരെ കുററപ്പെടുത്തുന്നു.

പിന്നെ ഒന്നുകൂടിപ്പറയണമല്ലോ. ഇവർ പാവങ്ങളാണ്. ദുരുദ്ദേശമൊന്നുമില്ല. നമ്മെ കബളിപ്പിക്കണമെന്നോ, നമുക്ക് എന്തെങ്കിലും ഉപദ്രവം ചെയ്യണമെന്നോ, യാതൊരു ദ്രോഹചിന്തയുമില്ല. അല്ലെങ്കിൽ നമ്മുടെ പോലീസുകാർ അവരെ നിർബാധം ഈ വ്യവസായം തുടന്നുകൊള്ളുവാൻ അനുവദിക്കുമായിരുന്നോ?

ശിശുക്കളുടെ കള്ളങ്ങൾ പോലെയാണ് ഇവരുടെ കള്ളങ്ങൾ. അവക്കു കള്ളം പറയാതിരിക്കാൻ വയ്യ. ശ്രമിച്ചാലും സാധിക്കയില്ല. പ്രത്യക്ഷാനുഭവങ്ങളും കല്പനകളും കൂടിക്കുഴഞ്ഞാണ് അവരുടെ മനസ്സിൽ കിടക്കുന്നതെന്നു തോന്നുന്നു.

ഏതായാലും ഒരു കാര്യം നമ്മുടെ ചിന്തയെ അർഹിക്കുന്നുണ്ട്. ഈ കള്ളങ്ങൾ നാം ഇഷ്ടപ്പെടുന്നതെന്തുകൊണ്ടാണ്? കേവലം കള്ളങ്ങൾകൊണ്ട് നമ്മുടെ മനസ്സ് ആനന്ദിക്കുമോ? നമ്മെ മററന്തിനേക്കാളും ശക്തിയായി, ദീർഘമായി ആനന്ദിപ്പിക്കുന്ന ഒന്ന് കേവലം അയഥാർത്ഥമാണെന്നു വരുമോ?

നമുക്ക് ശാന്തമായി ഈ വിഷയത്തെപ്പററി അല്പമാലോചിച്ചു നോക്കാം. സത്യം, യാഥാർത്ഥ്യം, എന്നൊക്കെ നാം പറയാറുണ്ട്. അതെന്താണെന്ന് നാം ആലോചിച്ചിട്ടുണ്ടോ? ഒരുദാഹരണമെടുക്കാം. ഒരു പുഷ്പം. അതിൻെറ സത്യം, അഥവാ അതാകുന്ന സത്യം എന്താണ്?

ഒരു സസ്യശാസ്ത്രജ്ഞൻ ഒരു പുഷ്പം കണ്ടാൽ ആകൃഷ്ടനാകും. ഒരു ഭ്രമരവും ആകൃഷ്ടമാകും. അവർ രണ്ടും കാണുന്ന പുഷ്പം ഒന്നുതന്നെയാണോ? സസ്യശാസ്ത്രജ്ഞൻ അതിൻെറ ദലങ്ങളുടെ എണ്ണവും ആകൃതിയും സ്ഥാനവിന്യാസവും നോക്കി അത് ഇന്ന വർഗ്ഗത്തിൽപ്പെട്ടതാണെന്നും അതു ഫലമായി രൂപാന്തരപ്പെടുന്നത് ഏതുപ്രകാരത്തിലാണെന്നും മററും നിശ്ചയിച്ച് ആ പുഷ്പമാകുന്ന സത്യം മനസ്സിലാക്കി കഴിഞ്ഞു എന്ന് അഭിമാനിക്കുന്നു. ഒരു രസതന്ത്രജ്ഞൻ അതൊന്നുമല്ല കാണുന്നത്. അതിൽ ഇത്രശതമാനം ഇംഗാലമാണ്, ഇത്ര ശതമാനം അമ്ലജനകമാണ് എന്നൊക്കെയാണ് അയാൾ കാണുന്ന സത്യം. ഒരു ശിശുവിന് ആ പുഷ്പം ഇതൊന്നുമല്ല. പറിക്കാനും, മണപ്പിക്കാനും, മാലകെട്ടാനും, മണ്ണിൽ കളയാനുമുള്ള ഒരു നശ്വരസൌന്ദര്യലേശം മാത്രമാണ്. ഉദ്യാനപാലകന്ആ പുഷ്പം തൻെറ നിരന്തരപ്രയത്നത്തിൻെറ വിജയലത്തായ വിജയപതാകയാണ്. സ്വജീവിതത്തിൻെറ ഒരു സുന്ദരാംശം തന്നെയാണ് ആ പ്രയത്നത്തിൽ വിലയിച്ച് ചെടിയിൽ സംക്രമിച്ച് അതിൻെറ ചില്ലയിൽ ആനന്ദമയമായി ഉദയം ചെയ്തതു്. ഒരു ഭ്രമരത്തിനോ? ദൂരെ നിന്നു കണ്ടാഗ്രഹിക്കാനുള്ളതു് അലഞ്ഞെത്തി ആരാധിക്കാനുള്ളതു്, അകത്തണഞ്ഞു് നിർവൃതി നേടാനുള്ളതു്. ആ സൌന്ദര്യധാമത്തേ, ആ ആനന്ദചൈതന്യത്തേ, ആ നിർവ്വാണനിലയനത്തേ സോൽകണ്ഠം സമീപിക്കുന്ന ആ ഭൃംഗത്തിന്ന് അതിൻെറ നേർക്കുള്ള മനോഭാവം ഒരു കവിയുടെ ഭാഷയിലേക്ക് വിവർത്തനം ചെയ്താൽ,

"പുലർകാലം പതിവുപോൽ
പുതുതായി വിതാനിച്ച
മലർവനികയായീടും
മണിയറയിൽ
മിളിതാഭമിടയ്ക്കിടെ
യ്ക്കിളകിക്കൊണ്ടിരിക്കുമ-
ക്കളിരണിത്തെന്നലാകും
കളിമഞ്ചത്തിൽ,
തളിരാകും തനിപ്പട്ടാ-
മുടയാടയുടുത്തിട്ട-
ഗ്ഗളം തന്നിൽ ഹിമമണി
പ്പതക്കം ചാർത്തി,
കമ്രമായ കായകാന്തി
ചിതറിക്കൊണ്ടേററം ലജ്ജാ-
നമ്രമായ ശിരസ്സോത്തു
പരിലസിക്കും
വസന്തലക്ഷ്മിയാൾ തൻെറ
വരസുതയായ് വിരിഞ്ഞീ
വസുന്ധര വിളക്കുന്ന
കുസുമത്തൊത്തേ"

ഏകദേശം ഇതുപോലെയാകയില്ലേ?

ഇതെല്ലാം പുഷ്പത്തിൻെറ സത്യത്തെപ്പററി അന്യർക്കുള്ള അറിവാണ്. ആ

പുഷ്പത്തിനു തന്നെയുള്ള അറിവ് എന്തായിരിക്കും. അതിനെ സമീപിച്ച്. അതിനോട് പലേ തരത്തിൽപെരുമാറിയ ഇവരോടൊക്കെ അതിന്റെ മനോഭാവമെന്തായിരിക്കും. പാഴ്മണ്ണിന്റെ ശൂന്യതയിൽ നിന്ന് ആരുമാരുമറിയാതെ ഉയൎന്ന് വിശാലപ്രകാശത്തിൽ സൗന്ദൎയ്യരൂപിയായി ഒരു പ്രഭാതത്തിൽ വിടൎന്ന തെളിഞ്ഞ ആ ചൈതന്യത്തിന്റെ ആത്മരഹസ്യം എന്താണ്? ഏതോ ക്രൂരിരുൾക്കുഴിയിൽ നിന്ന് ഏതോ അദൃശ്യശക്തിയാൽ ഈ വെളിച്ചത്ത് അണയ്ക്കപ്പെട്ട് അല്പദിവസത്തേക്ക് പലതും ചിന്തിച്ച് പലതും മോഹിച്ച് പലരോടും പലവിധത്തിലുള്ള ബന്ധത്തിലേപ്പെട്ട്, അവസാനത്തിൽ എവിടെയോ പോയ് മറയുവാനുള്ള മനുഷ്യന്റെ ആത്മരഹസ്യവും ആ പൊയ്കയിൽ നിൽക്കുന്ന താമരപ്പൂവിന്റെ ആത്മരഹസ്യവും ഒന്നുതന്നെയല്ലെന്നാരു കണ്ടു?

തന്നെ വെളിച്ചത്തണച്ച ആ ദിവ്യശക്തിയുടെ നേൎക്ക് ആ പങ്കജം ഉതിൎക്കുന്ന ആത്മഗീതം നമ്മുടെ ഭാഷയിലേക്കു പകൎത്തിയാൽ,

"അന്ധമാം തമസ്സിൽ നി-
ന്നൎത്ഥനാനിരപേക്ഷം
ഹന്ത! മാം പ്രകാശത്തേ
പൂകിച്ച പുണ്യാലോക,
ലോകബാന്ധവ, ഭവ-
ത്താദൃശദയാപരീ-
പാകത്തിൻ സ്മരണയാൽ
എൻകരൾ തുളുമ്പാവൂ.
പരിപാവനപ്രേമ,
തൽ കൃതജ്ഞതയ്ക്കല്ല-
പരിണാഹമെന്നുള്ള മെങ്ങനെ
മതിയാവൂ !
നീരവം ദലാധരം
വെറുതേ ചലിപ്പൂ നിൻ
സാരമാമപദാനം
ഗാനത്തിൽ പകൎത്തുവാൻ
സേവന വ്യഗ്രാകമ്പി
വക്ഷസ്സിൽച്ചേൎക്കാം ദിവ്യ-
താവകപദം, മേന്മേൽ
മുകരാം, നെടുവീൎക്കാം.
ധീരമാം ഭവദ്രൂപം
കാണുന്നു ഞാനിക്കൊച്ചു-
നീരലതോറും; താപം
നിന്നെത്താൻ സ്മരിപ്പിപ്പൂ.
വാപിതൻ വിതുമ്പുന്ന
ചുണ്ടിലും, ചിരിക്കുന്ന
വാരിജങ്ങൾ തൻ തുടു-
പ്പേറിടും കവിളിലും
ചേണുററ നിൻ ചൈതന്യ
മൊന്നുതാ-നൊരേമട്ടിൽ
കാണുവാനെൻ കണ്ണിന്നു
കാഴ്ചനീയരുളായ്കിൽ
നിദ്രയിൽപ്പിറന്ന ഞാൻ
നിദ്രയിൽ ജ്ജീവിച്ചേനെ
നിദ്രയിലവസാന
കാലത്തുലയിച്ചേനെ
ലബ്ധബോധമാം ജന്മ
ദേശത്തിന്നിളക്കത്താൽ
ക്ഷുബ്ധമന്തരീക്ഷത്തിൽ
ദുൎന്നിവാരമാം വീൎപ്പാൽ,
നിൻമുഖോല്ലസന്നിത്യ
സൗന്ദൎയ്യം നുകരുവാ-
നൻമുഖം നിൽക്കും നില്പിൽ
നിന്നു ഞാനുലയൊല്ല.
ഉണരാവൂ നിൻ ദിവ്യ-
സ്പൎശത്താലത്യാരൂഢ-
പ്രണയാന്തരംഗത്തിൽ
ശുദ്ധവാസനയിനി !
ആനന്ദസങ്കല്പങ്ങൾ
നുകരാൻ ചായം തേച്ച
പാനപാത്രമായാവൂ
ക്ഷണഭംഗുരം ജന്മം."

ഏതാണ്ട് ഇതുപോലെയായിരിക്കുകയില്ലെന്ന് എങ്ങനെ പറയാം. അതിന്റെ

സ്പഷ്ടമായ പ്രതിധ്വാനം നമ്മുടെ ആത്മാവിൽ നിന്നും ഉയരുന്നെങ്കിൽ അതിൽ അത്ഭുതപ്പെടുവാനെന്തുള്ളു?

പുഷ്പമാകുന്ന സത്യം ഇതിലേതാണെന്നു് ഖണ്ഡിച്ചുപറയുന്നതെങ്ങനെയാണു്? ഇതിലേതെങ്കിലും അസത്യമാണെന്നു പറയുന്നതെങ്ങനെയാണു്? യഥാർത്ഥത്തിൽ ഇതെല്ലാം സത്യമല്ലേ? ഇതിലെല്ലാററിലും കൂടി ലയിച്ചു് ഇതിനെയെല്ലാത്തിനേയും കൂടി യോജിപ്പിച്ചു്, എന്നാൽ ഇതിനെയെല്ലാററിനേയും അതിലംഘിച്ചു് ആ പുഷ്പമാകുന്ന സത്ത വർത്തിക്കുന്നു. അതിന്റെ വിഭിന്നഭാവങ്ങൾ ഓരോന്നും ആ സത്തയുടെ ഓരോ സ്ഫുരണമാണു്. ആ പുഷ്പം തന്നെ പരമയഥാർത്ഥത്തിന്റെ ഒരു സ്ഫുരണവുമാണു്. ഒരു കവി ഒരു ചെറിയ പുഷ്പത്തെ കരതലത്തിൽ വച്ചുകൊണ്ടു് "നിന്നെ ഞാനറിഞ്ഞെങ്കിൽ ഞാനെല്ലാമറിഞ്ഞേനെ" എന്നു് ഉള്ളഴിഞ്ഞു പറഞ്ഞതു് ഒരു അസംബന്ധപ്രലപനമല്ല. ഒരു മഹത്തായ സത്യമാണു്.

ഒരു പുഷ്പത്തിന്റെ സത്യം തന്നെ ഇത്രമാത്രം ദുർഗ്രഹമാണെങ്കിൽ മനുഷ്യന്റെ സത്യം എന്തൊരു ഭീമരഹസ്യമായിരിക്കണം. അവന്റെ വെറും ബാഹ്യരൂപമാണോ അവന്റെ സത്യം? അവന്റെ അന്തരംഗമാണു് അവന്റെ സത്യമെങ്കിൽ അതാരു കണ്ടു? അവന്റെ ചിന്തകളെന്താണു്, വികാരങ്ങളെന്താണു് എന്നാർക്കു പറയാൻ കഴിയും? അവനു തന്നെ മുഴുവൻ അറിയാമോ? അവനെ പലപ്പോഴും നാം വില മതിക്കുന്നതു് അവന്റെ ജീവിതത്തിന്റെ പ്രത്യക്ഷപ്രകടനങ്ങളെ മാത്രം ആസ്പദമാക്കിയല്ലേ? അതു് ശരിയാണെന്നെങ്ങനെ പറയാം? ടാഗോർ പറയുന്നു.

Never can my mortal days contain to
the full all that I have thought
and felt, gained and given listened to and uttered.
Flesh and blood can never be the
measure of the truth that is myself;
The days and moments cannot wear
it out with their passing kicks;
The wayside Candit, Dust, dares not
rob it of all its possessions.

അതുകൊണ്ടല്ലേ Browning പറഞ്ഞതു്

Not on the vulgar mass
Called 'work', must sentence pass,
Things done, that took the eye and
had the price;
O'er which from level stand,
The low world laid its hand,
Found straightway to its mind, could
value in a trice;
But all, the world's coarse thumb
And finger failed to plumb,
So passed in making up the main
account;
All instincts immature,
all purposes unsure
That weighed not as his work,
Yet swelled the man's amount.
Thoughts hardly to be packed
Into a narrow act;
Fancies that broke through language
and escaped;
All I could never be,
All men ignored in me,
This, I was worth to God.

ഒരു മനുഷ്യന്റെ സത്യമെന്താണെന്നു് വാൾട് വിററ്മാനോട് വേണം ചോദിക്കാൻ. അദ്ദേഹത്തേപ്പോലെ അതു് ആരെങ്കിലും പറഞ്ഞിട്ടുണ്ടോ എന്നു സംശയമാണു്. വില്ല്യാൻ നിർത്തിയിരിക്കുന്ന

അടിമയെപ്പററി അദ്ദേഹം പറയുന്നതിൻെറ ഒരല്പഭാഗം കേൾക്കണം.

Within there runs blood,
The Same old blood! The same red running blood!
There swells and jets a heart, there all passions, desires, reachings, aspirations,
(Do you think they are not there because they are not expressed in parlours and lecture rooms?)
This is not only one man, this is the father of those that shall be fathers in their turns,
In him the start of populous states and rich republics.
Of him countless immortal lives with countless embodiments and enjoyments.
How do you know who shall come from the offspring through the centuries.
(Who might you find you have come from yourself, if you could trace back through the centuries?)

അപ്പോൾ മനുഷ്യനെപ്പററിയുള്ള കവിതകളുടെ സത്യാസത്യനിർണ്ണയം ചെയ്യുന്നതു സൂക്ഷിച്ചു വേണ്ടതല്ലേ.

മുൻപ് കാളിദാസൻ ശിവൻ സമാധിസ്ഥിതനായിരിക്കുന്നത് കാറു പോലെയാണ്, കടലു പോലെയാണ് എന്നൊക്കെ കള്ളം പറഞ്ഞു എന്നു ഞാൻ സൂചിപ്പിച്ചുവല്ലോ. എന്നാൽ ആ ശ്ലോകം പോലെ അനന്തമായ ആലോചനയ്ക്കും തജ്ജന്യമായ അനശ്വരമായ ആനന്ദത്തിന്നും എടംതരുന്ന മറെറാരു ശ്ലോകം ഞാൻ വായിച്ചിട്ടില്ല. അതിലെ സത്യംപോലെ അത്ര കറയില്ലാത്തതായ ഒരു സത്യവും ഞാൻ കണ്ടിട്ടില്ല. പ്രാണങ്ങൾ അടക്കി നിതാന്ത നിശ്ചലനായിരിക്കുന്ന സാക്ഷാൽ ദക്ഷിണാമൂത്തിയാണത്. കേവലം മനുഷ്യനല്ല. ലോകമാസകലം കരുണ്യത്തിൻെറ സുഖദമായ ശിശിരധാരയിൽ കുളിപ്പിക്കുവാനും, ഒരു മിന്നൽ കൊണ്ടു നിമിഷമാത്രയിൽ ഭസ്മമാക്കാനുമുള്ള ശക്തി ആ മൂത്തിയിലുണ്ട്. എന്നാൽ ആ ശക്തി ശാന്തവും പ്രവൃത്തിവിമുഖവുമായി ഉള്ളിൽ ഒതുങ്ങി വത്തിക്കുന്നതേയുള്ളു. ആ മനസ്സിൽ, അതിവിപുലവും അത്യഗാധവും പ്രചണ്ഡക്ഷോഭസമത്ഥമെങ്കിലും അപ്പോൾ അചഞ്ചലവും അസ്തശബ്ദവുമായ ആ മഹാസാഗരത്തിൽ അഖണ്ഡമായ ശാന്തി പൂർണ്ണമായി നിഴലിച്ചു നിറഞ്ഞു നിൽക്കുന്നു. ആ ജീവചൈതന്യം, സദാനേരവും ഇളക്കിക്കൊണ്ടിരിക്കുന്ന ആ ദീപനാളം ഇപ്പോഴാകട്ടെ ഋജുവായ ഒരാഗ്നേയസൂചി പോലെ പരബ്രഹ്മത്തിലേക്ക് ഉന്മുഖമായി നിൽക്കുന്നു.

"കാർകൊണ്ടുമിണ്ടാത്തൊരു
കൊണ്ടൽ പോലെ
കല്ലോലമില്ലാതെഴുമാഴി പോലെ
കാററിൽപ്പെടാദ്ദീപവുമെന്ന
പോലെ"

എന്നല്ലാതെ ആ അസുലഭസമാധിയുടെ മഹാസത്യം എങ്ങനെ വർണ്ണിക്കും?

മനുഷ്യൻെറ വികാരലോകത്തിലേക്ക് കടന്നു കഴിയുമ്പോൾ സത്യാസത്യ നിർണ്ണയം അസാദ്ധ്യമായിത്തന്നെ തീരുന്നു. മാത്രവുമല്ല. വികാരം അവൻെറ ഇന്ദ്രിയങ്ങളെയും ബാധിക്കുന്നു. ഓരോരുവൻേറയും പ്രത്യക്ഷമായ ബാഹ്യലോകം തന്നെ അങ്ങനെ ഇതരൻേറതിൽ നിന്നു വ്യത്യ-

സ്ഥമായിത്തീരുന്നു. ആഹ്ലാദഭരിതനായ ഒരുവൻ കാണുന്ന ലോകമല്ല നൈരാശ്യഭരിതനായ ഒരുവൻ കാണുന്നത്. നാം തന്നെ നമ്മുടെ മനസ്സിൻെറ സ്ഥിതിഭേദമനുസരിച്ച് ലോകത്തെ വിഭിന്ന ഭാവങ്ങളിൽ കാണുന്നില്ലേ? ആനന്ദതുന്ദിലനായ ഒരുവൻ ലോകത്തെ ആനന്ദതുന്ദിലമായിക്കാണുന്നു. അവൻ എവിടെ നോക്കിയാലും പ്രകാശവും പുഞ്ചിരിയുമാണ് കാണുന്നത്. എവിടെയും ചിരിയും പാട്ടുമാണ് കേൾക്കുന്നത്. എന്നാൽ വിഷാദപൂർണ്ണനോ? എവിടെയും ഇരുട്ട്, എവിടെയും അശ്രുപ്രവാഹം എവിടെയും ദീനരോദനം അഥവാ വല്ലവരും ചിരിച്ചാൽ അവൻെറ ദുഃഖത്തിൻെറ കാഷ്ണ്യം അതു വർദ്ധിപ്പിക്കുകയേ ഉള്ളൂ. അവനെ സംബന്ധിച്ചിടത്തോളം അതു പലപ്പോഴും ആനന്ദത്തിൻെറ ചിരിയേ അല്ല, അനുകമ്പാശൂന്യതയുടെ പരിഹാസം, വിദ്വേഷത്തിൻെറ അപഹാസം, നൈഷ്ഠൂര്യത്തിൻെറ അട്ടഹാസം. നമ്മുടെ വികാരങ്ങൾ ലോകത്തിൽ പുതിയ പുതിയ ചായങ്ങൾ പുരട്ടും, പുതിയ പുതിയ ശബ്ദങ്ങൾ കലർത്തും, അവ ഇല്ലാത്തതാണെന്ന് എങ്ങനെ പറയാം. ആ വികാരത്തിനു വിധേയനായ മനുഷ്യന് അവ അനിഷേധ്യങ്ങളായ സത്യങ്ങളല്ലേ? അഥവാ അവയെല്ലാം അവിടെത്തന്നെ ഉണ്ടായിരുന്നിരിക്കാം. പക്ഷേ അവയെ അനുഭവിക്കുന്നതിനുള്ള അസുലഭ ശക്തി ഈ വികാരങ്ങളായിരിക്കാം അവനു നവമായി നൽകുന്നത് എന്ന് വരുകൂടെയോ?

ഒരു കുഞ്ഞ്, നമുക്കൊക്കെ ഒരു വെറും കുഞ്ഞ്, അനേക ലക്ഷം കുഞ്ഞുങ്ങളിൽ ഒന്ന്—എന്നാൽ അതിൻെറ അമ്മയ്ക്കോ? അതാക്ക് എങ്ങനെ പറയാൻ സാധിക്കും? അവളുടെ അനേകശതം ആശകളുടെ സത്രൂപമായ സാഫല്യം, അവളുടെ മോഹനസ്വപ്നസഹസ്രങ്ങളുടെ സമ്പൂർണ്ണമായ സാക്ഷാത്കാരം, അനന്തതയിലേക്ക് അവളുടെ ജീവിതത്തെ നയിക്കുന്ന ദിവ്യകവാടം, അവളുടെ ആത്മാവിനെ പ്രകാശപൂർണ്ണമാക്കുന്ന പാവനദീപം, എന്തിന്—അവളുടെ ഈശ്വരനെത്തന്നെയല്ലേ അവളുടെ മുൻപിൽ കാണുന്നത്. ലോകത്തിലുള്ള സകല സൗന്ദര്യവും സകല ആനന്ദവും ആ മൃദുലവിഗ്രഹത്തിൽ അവൾ എങ്ങനെ കാണാതിരിക്കും?

> ഓമനത്തിങ്കൾ കിടാവോ—നല്ല
> കോമളത്താമരപ്പൂവോ
> പൂവിൽ നിറഞ്ഞ മധുവോ—പരി-
> പൂർണ്ണേന്ദു തൻെറ നിലാവോ."

എന്നിങ്ങനെ അവൾ എത്ര പാടിയാലും ആ അലൗകികസൗന്ദര്യസത്യത്തെ അവൾക്കു വർണ്ണിച്ചുതീർക്കുക സാധ്യമാണോ? അവൾക്കു സങ്കല്പിക്കാവുന്ന സുന്ദരവസ്തുക്കൾ ഒക്കെ കൊണ്ടുവന്നു കൂട്ടിയാലും ആ സത്യത്തിൻെറ ചിത്രം നിർമ്മിക്കുവാൻ അവൾ അസമർത്ഥ തന്നെ. പിന്നെയോ—ഉള്ളിൽ ഒതുങ്ങാത്ത ആനന്ദാത്ഭുതങ്ങൾ കഴിവുള്ളതുപോലെ പാടി നോക്കുന്നു എന്നു മാത്രം.

ഒരു ഭയങ്കരമായ സംഭവത്തെ ആനയിക്കുന്ന രാത്രി ഭയങ്കരമോ ദുഃഖപൂർണ്ണമോ ആയിട്ടല്ലാതെ ആ ചിത്രം മുഴുവൻ കാണുന്ന ഒരാളുടെ മുൻപിൽ എങ്ങനെ പ്രത്യക്ഷപ്പെടും? താതനോട്ട പിണങ്ങി വീട്ടു വിട്ടു പോയ ആ അവിവേകിയായ യുവാവ് വളരെക്കാലം കഴിഞ്ഞ് പശ്ചാത്ത

പിച്ച് താതനെക്കാണാൻ നാട്ടിലേക്കു വരുന്നു. ആ സമയത്തു് വീട്ടിൻെറ തെക്കു വശത്തു് ആ പിതാവിൻെറ മൃതദേഹം ചിതാഗ്നിയിൽ ദഹിക്കുകയാണ്. ഇതു രണ്ടും കാണുന്ന കവി ആ രാത്രിയെ ഇങ്ങനെയല്ലാതെങ്ങനെ വർണ്ണിക്കും.

"രാവൊരു മുഴഭ്രാന്തൻ
    പോലെ പാഞ്ഞണഞ്ഞിരുൾ-
ചേർവാരിയെറികയായ്
    ദിങ്മുഖത്തിലേക്കെല്ലാം"
ഇത്തിരിയിടകൊണ്ടു
    കല്ലൂരിക്കുമ്പാരത്തി
ന്നൊത്ത മാതിരിയിലായ്
    ബ്രഹ്മാണ്ഡപ്പെരുംഭാണ്ഡം
നാലുഭാഗത്തേക്കും ചാ-
    ഞ്ഞിറങ്ങിക്കരിമ്പാറ
പോലവേകിടക്കുന്നു
    വാനിടം വിശങ്കടം.
താരകളഞ്ചാറങ്ങി-
    ങ്ങായതിൽ കാണപ്പെട്ടു
പാറമേലെവ്വണ്ണമോ
    വീണ കക്കകൾപോലെ"

അതുപോലെ ഹൃദയഭേദകമായ ഒരു സംഭവത്തെപ്പററിയുള്ള ചിന്തയാൽ പ്രമഥിതമായ മറെറാരു കവിഹൃദയം ആ സംഭവത്തിനു സാക്ഷി നിന്ന രാത്രിയെ

"തന്മണാളനെത്തേടി
    രാത്രിദേവിയാൾ വാടി
നന്മുടിക്കെട്ടഴിഞ്ഞു
    നാലുപാടും ചിന്നുന്നു;
രണ്ടു യാമം കാത്തിട്ടും
    നാഥനെക്കാണാഞ്ഞിട്ടു-
കൊണ്ടൽവേണിതൻ മുഖം
    മേൽക്കുമേൽ കറുക്കുന്നു".

എന്നിങ്ങനെ വിഷാദകലുഷിതമായ ഒരു രൂപത്തിൽ ദശിച്ചതിൽ അത്ഭുതപ്പെട്ടുവാനെന്തുള്ളു.

പ്രേമം! എന്നൊരു മാന്ത്രികശക്തി, ഐന്ദ്രജാലികചൈതന്യം—പക്ഷേ നിർവികാരനായ നിരീക്ഷകന്നു് എന്തൊരർത്ഥശൂന്യത, എന്തൊരു ഗോഷ്ടി? പ്രേമബാധിതനേപ്പോലെ അപഹാസ്യമായ വസ്തു മറെറാന്നില്ല. യാതൊന്നിലും ശ്രദ്ധിക്കാതെ, യാതൊന്നും മിണ്ടാതെ, ചോദിക്കുന്നതിനൊക്കെ അസംബന്ധമായ ഉത്തരവും പറഞ്ഞു് മുഖത്തു് ഒരു മ്ലാനതയും കണ്ണിൽ ഒരു കിനാവും, നെഞ്ചു നിറയെ ദീർഘനിശ്വാസവുമായി അലഞ്ഞു തിരിയുന്ന ആ സത്വം സ്ത്രീയായാലും പുരുഷനായാലും കാണികളുടെ പരിഹാസത്തിനു പററിയ പാത്രമാണ്. ഒരുപക്ഷേ ഈ ചിരിക്കുന്നവർ ഇതിനേക്കാൾ പ്രാകൃതരൂപത്തിൽ ഈ ഭൂമുഖത്തു് അപ്പകാലം കറങ്ങിത്തിരിഞ്ഞിട്ടുണ്ടാവാം, അല്ലെങ്കിൽ കറങ്ങിത്തിരിഞ്ഞേക്കാം. പക്ഷേ അതൊന്നും ഈ ചിരിയുടെ മാധുരിയെ കുറയ്ക്കുന്നില്ല.

എന്നാൽ ആ വികൃത സത്വത്തിൻെറ അകം ഒന്നു പരിശോധിച്ചാൽ എന്തൊരു മായാലോകമാണ് നാം അവിടെ കാണുന്നതു്. സ്വർഗ്ഗവും നരകവും അവിടെ മാറി മാറി നടനം ചെയ്യുന്നില്ലേ? അതു ഭൂമിയല്ല, നിശ്ചയം.

പ്രേമം ഓരോരുത്തരെ ഓരോ തരത്തിലാണ് ബാധിക്കുന്നതു്. വികാരം തന്നെ ഭിന്നപ്രകൃതിയാണ്. പ്രകടനങ്ങൾ വിഭിന്നങ്ങളും.

Wodehouse ൻെറ ഒരു നോവലിലെ പാത്രം "How does it feel to be

loved and loving" എന്ന ചോദ്യത്തിനു് ഇങ്ങനെയാണു് ഉത്തരം കൊടുക്കുന്നതു്. "It is like eating strawberries and cream in a new chess on a summer night, while somebody plays the violin in the distance, so that you can just hear it. And it is like coming along on a winter evening, and seeing the windows lit up, and knowing that you have reached home." എന്നാൽ Hugo യുടെ എസ്സു് മെറാംഡാ പറയും "Oh love! that is to be two and yet one —A man and a woman mingled into an angel; it is heaven!" Tolstoy യുടെ Prince Andrew മരണശയ്യയിൽ കിടന്നു കൊണ്ടു പറയും "Love—what is love, It is the negation of death, it is life itself. All that I understand at all I understand by love alone. It includes every thing—Love is God, and death is the reabsorption of an atom of love."

അതേ- മനുഷ്യന്റെ വികാരങ്ങളിൽ വച്ചു് ഏററവും ശക്തവും ശുദ്ധവുമായ വികാരം പ്രേമം തന്നെയാണു്. മനുഷ്യനെ ഈശ്വരത്വത്തിങ്കലേക്കു് ഉയർത്തുന്ന ആ ദിവ്യപ്രേരണ ഭൂമിയെ സ്വർഗ്ഗമായിമാറവുന്നതു് കേവലം സ്വാഭാവികം മാത്രമാണു്. പ്രേമം മനുഷ്യന്റെ ആത്മാവിനു് അനന്തമായ വികാസവും അവാച്യമായ പ്രകാശവും നല്കുന്നു. അവൻ ലോകത്തെ മുഴവൻ ഒരു പുതിയ വർണ്ണത്തിൽ കാണുന്നു, മുൻപു് കാണുന്നതു് പലതും കാണുന്നു. അവന്റെ സ്നേഹം സീമ വിട്ടു് പരക്കുന്നു. പ്രപഞ്ചത്തിൽ മുഴവൻ വ്യാപിക്കുന്ന സ്ഥലകാലസീമകളെ അവന്റെ ആത്മാവു് ഉല്ലംഘിക്കുന്നു. ജനനമരണങ്ങൾ മറയുന്നു. നിത്യാനന്ദത്തിൽ അവൻ ലയിക്കുന്നു. ആ ദിവ്യാനുഭവത്തിനു് വിധേയനായ ഒരുവൻ.

"കല്പാന്തകാലം വന്നു
ഭൂലോകമാകെയൊരു
കക്ശസമുദ്രമായ്
മാറിയാലും
അന്നതിൻമീതെയല
തല്ലിയിരച്ചുവന്നു
പൊങ്ങിട്ടമോരോ കൊച്ചു
കുമിള പോലും
ഇന്നു മൻമാനസത്തിൽ
തുള്ളിത്തുളുമ്പിനില്ക്കും
നിന്നോടുള്ളനുരാഗ
മായിരിക്കും.
രണ്ടല്ല നീയും ഞാനും
ഒന്നായിക്കഴിഞ്ഞല്ലോ
വിണ്ടലം നമുക്കിനി
വേറേ വേണോ"

എന്നു പാടുന്നതു് നമുക്കു ഭ്രാന്തായി തോന്നാമെങ്കിലും അവന്റെ സത്യമാണു്. അതു പോലെ

"നാകപരിമളത്തിൽ
നന്ദനമർമ്മരത്തിൽ
നാഥനേക്കണ്ടുമുട്ടും
അനന്തകാലം
സഞ്ചിതമധുപാളി
സഞ്ചരൽകുസുമിത
കാഞ്ചനകുഞ്ജകത്തി
ലമന്നിട്ടുംഞാൻ
പ്രാണാധിനാഥാ നിന്നെ
കാണുംഞാനവിടെ വ-
ച്ചേണാങ്കബിംബം നിന്നു
ചിരിച്ചിടുമ്പോൾ

മഞ്ജീരമഞ്ജുമണി ശിഞ്ജിതം
 പൊഴിച്ചുനിൻ-
കുഞ്ജത്തിൽ വന്നു നിന്നു
 നടനമാടും.
കല്പകപ്പൂക്കൾ ചൂടി
 കല്പാന്തകാലത്തും നിൻ-
വെല്പൂമേനിയിൽ വീണു
 മയങ്ങിടും ഞാൻ.
എത്രയോ പുളകങ്ങ
 ളുത്ഭവിച്ചാനന്ദത്തിൻ
മാത്രകളറിയിച്ചു
 മറയുമപ്പോൾ.
സർവാർത്ഥസിദ്ധികളും
 കൈവന്നു നമ്മളന്നാൾ
നിർവാണസിന്ധുവിൽ വീ-
 ണലിഞ്ഞുപോകും''

എന്നിങ്ങനെ വേർപെട്ടുപോയ നാഥനെ വിളിച്ചു പാടുന്ന യുവതി അവളുടെ സത്യം തന്നെയാണതിൽ വിളംബരം ചെയ്യുന്നതു്.

ഒരു കവി ഒരു നിമിഷത്തിൽ തന്നെ പലേ ജന്മങ്ങളെടുക്കുന്നു. ഒരു പുഷ്പത്തെ ഒരു ശിശുവിനെപ്പോലെയും ഭ്രമരത്തെപ്പോലെയും ഉദ്യാനപാലകനെപ്പോലെയും താദാത്മ്യ ഭാവത്തിലും മാറിമാറിയും ചിലപ്പോൾ ഒരുമിച്ചും കവി കാണുന്നു. അതുകൊണ്ടു് ആ പുഷ്പമാകുന്ന യാഥാർത്ഥ്യത്തിന്റെ നാനാമുഖങ്ങളെയും കവി കാണുകയും വർണ്ണിക്കുകയും ചെയ്യുന്നു. ഒരു വശം മാത്രം കാണുന്ന നമുക്കു് കവിയുടെ പ്രസ്താവനകൾ ചിലപ്പോൾ അവിശ്വാസ്യങ്ങളായി തോന്നുന്നതിൽ നാം കുററക്കാരല്ല. പക്ഷേ അതുകൊണ്ടു് കവി കള്ളനാവുകയില്ല, ആ കവിത കള്ളമാകുന്നുമില്ല. അതുപോലെതന്നെ കവി മനുഷ്യഹൃദയത്തിന്റെ അസംഖ്യങ്ങളായ വ്യത്യസ്ത വികാരങ്ങളെ ദർശിക്കുകയും അനുഭവിക്കുകയും ചെയ്യുന്നു. ചിലതു് നാമും അനുഭവിച്ചിട്ടുള്ളതുകൊണ്ടു് നമുക്കു സുഗ്രഹങ്ങളാണെന്നു വരാം. എന്നാൽ ചിലതു് നമുക്കു പരിചിതങ്ങളാകയാൽ ദുർഗ്രഹങ്ങളായി ഭവിക്കാം, അയഥാർത്ഥങ്ങളായി തോന്നാം.

പ്രപഞ്ചം സൗന്ദര്യസമ്പൂർണ്ണമാണു്, അതാണതിന്റെ സത്യം, കവി ആ സത്യം നമ്മെക്കാൾ വളരെ സ്പഷ്ടതരമായിക്കണ്ടിട്ടുള്ളവനാണു്. ആ സത്യമാണു് കവി ഓരോ വാക്കിലും ആനന്ദപൂർണ്ണനായി വിളംബരം ചെയ്യുന്നതു്. കവികളുടെ കള്ളങ്ങൾ യഥാർത്ഥത്തിൽ നമുക്കപരിചിതങ്ങളായ സത്യങ്ങൾ മാത്രമാണു്.

കവികൾക്കു് കള്ളങ്ങൾ ഇല്ലെന്നു് ഞാൻ പറയുകയില്ല. വളരെ ഉണ്ടു്. സാധാരണ കള്ളമാണെന്നു് നാം വിധിക്കുന്നതിൽ പലതും സത്യമാണെന്നേ ഞാൻ പറയുന്നുള്ളു.

എന്നാൽ അവ കൂടാതെ ശരിയായ കള്ളങ്ങൾ അവർ പലപ്പോഴും പുറപ്പെടുവിക്കാറുണ്ടു്. അതു വിശദീകരിക്കുവാൻ സമയമില്ലാത്തതിൽ വ്യസനിക്കുന്നു. ഇതേവരെ ഞാൻ സൂചിപ്പിച്ച മാതിരിയിലുള്ള കള്ളങ്ങൾ കവികളുടെ കള്ളങ്ങളല്ല. അവയുടെ പരമാർത്ഥം കാണുവാൻ കഴിവുള്ളവർക്കും കള്ളങ്ങളല്ല. അവ കവികളുടെ അനുഭവങ്ങളാണു്. ദിവ്യാനുഭവങ്ങളാണു്. എന്നാൽ ഭാഗ്യദോഷത്താൽ ആ അനുഭവങ്ങൾ ആവശ്യപ്പെടുമ്പോഴൊക്കെ അവർക്കു കിട്ടി എന്നു വരുന്നതല്ല. അപ്പോൾ അവർ ആ അനുഭവങ്ങളെ അന്വേഷിച്ചോടിത്തുടങ്ങും. അങ്ങനെയൊന്നും കരസ്ഥമാക്കാവുന്ന വസ്തുക്കളല്ല അവ.

അവർ വിഷമിക്കും. പിന്നെയില്ലാത്ത അനുഭവങ്ങളെ സൃഷ്ടിക്കുകയായി, കാണാത്ത വസ്തുക്കളെ കണ്ടെന്നു ഭാവിക്കുകയായി, തോന്നാത്ത വികാരങ്ങളെ പിടിച്ചുവലിച്ചുകൊണ്ടു വരികയായി. ഫലം ശരിക്കുള്ളം നിറഞ്ഞ ഒരു കവിത. അതു വായിച്ചാൽ നമുക്ക് വേദനയല്ലാതെ യാതൊന്നും അനുഭവപ്പെടുകയില്ല. അതിലെ കള്ളങ്ങൾ കല്ലും മുള്ളുംപോലെ മുന്നോട്ടു പോവാൻ ആയുന്ന മനസ്സിനെ തടഞ്ഞു നിറുത്തുകയും വേദനിപ്പിക്കുകയുംചെയ്യും. ഈ മാതിരി കള്ളങ്ങൾ ഭാഗ്യദോഷത്താൽ ഏറെക്കുറെ എല്ലാവരും സൃഷ്ടിച്ചുവിട്ടിട്ടുണ്ട്. ഒരു കവി, ഒരു യഥാൎത്ഥ കവി തന്നെ എല്ലായ്പ്പോഴും നിരന്തരമായ കവിയല്ല. മിക്ക സമയങ്ങളിലും നമ്മെപ്പോലെ ഒരു സാധാരണ മനുഷ്യനാണ്. അപൂൎവ്വം ചില ദിവ്യമുഹൂൎത്തങ്ങളിൽ മാത്രമാണ് അവൻ സൌന്ദൎയ്യസ്രഷ്ടാവായ മഹാശക്തിയായി രൂപാന്തരപ്പെടുന്നതു്. അപ്പോൾ അവൻ തൊടുന്നതെല്ലാം തേജോരൂപികളാകും, ശബ്ദിക്കുന്നതെല്ലാം ഗാനമാകും.

പക്ഷേ ആ സുമുഹൂൎത്തങ്ങൾക്കുവേണ്ടി കാത്തിരിക്കുവാൻ അവനു ചിലപ്പോൾ നിവൃത്തിയില്ലെന്നുവരും. മാസികക്കാരൻ പത്തു രൂപായും കൊണ്ടു് അടുത്ത മുറിയിൽ അക്ഷമനായി കാത്തിരിക്കുന്നുണ്ടാവാം. ആ രൂപ അവനു കാമ്യമായ ഒരു വസ്തുവുമാണ്. എന്നാലോ? അവൻ ഭജിക്കുന്ന കവിതാകാമിനിക്കോ അതു് പതിനഞ്ചു കകകെളേക്കാൾ നിസ്സാരം. അവൾ പ്രത്യക്ഷമാകയില്ല. അവനെത്ര വിളിച്ചാലും ഫലമില്ല. പാവം! എന്തുചെയ്യും കള്ളങ്ങൾ കുറെ എഴുതാതെ.

ചിലരങ്ങനെയല്ല. അവർ ആ മോഹനവിഗ്രഹത്തെ കണ്ടിട്ടേയില്ല. പക്ഷേ കണ്ടിട്ടില്ലെന്നു് പറഞ്ഞാൽ കുറച്ചിലാണെന്നു് ഒരു ഭയം. അതുകൊണ്ടു് കണ്ടിട്ടുണ്ടെന്നു ഭാവിച്ചു് കാണാത്ത വസ്തുവിനെ ചിത്രീകരിക്കാൻ ശ്രമിക്കുന്നു. ചില പേക്കോലങ്ങൾ ചായമിട്ടു് മിനുക്കി സംതൃപ്തിയുമടയുന്നു.

ഇങ്ങനെയൊക്കെയാണ് കവിതയിൽ കള്ളങ്ങൾ കടക്കുന്നതു്. പക്ഷേ കവിതയല്ല അതു്. അവർ കവികളുമല്ല. എന്തുകൊണ്ടെന്നാൽ കവി കള്ളനല്ല. കവിതയിൽ കള്ളവുമില്ല; കവികളുടെ കള്ളങ്ങൾ കള്ളങ്ങളുമല്ല. *

---

* ശ്രീ ചിത്രതിരുനാൾ ഗ്രന്ഥശാലയുടെ വാൎഷികമഹായോഗത്തിൽ വായിച്ചതു്.

Ed.

# കവികളും പ്രകൃതിയും*

കിഴ്കുളം എൻ. രാമൻപിള്ള, എം. എ. (സയൻസ്കാളേജ്).

പ്രകൃതിയുടെ സൗഭാഗ്യവും മാഹാത്മ്യവും യഥാൎത്ഥത്തിൽ അറിഞ്ഞു ആനന്ദിക്കുന്നവർ കവികളാണെന്നു് ഏതു സാഹിത്യവും നമ്മെ മനസ്സിലാക്കും. മററുള്ളവരെ അപേക്ഷിച്ചു കവികൾ ക്രാന്തദശികളാണെന്നാണല്ലോ നാം അറിയുന്നതു്. പ്രകൃതിയെ സംബന്ധിച്ചു നോക്കുന്നതായാൽ ഈ ഗുണം പ്രസ്പഷ്ടമായി കാണാം. പ്രകൃതിവീക്ഷണത്തിൽ നിന്നു സാധാരണന്മാൎക്കു കാണാൻ കഴിയാത്ത സൗന്ദൎയ്യവും, അനുഭവിക്കാൻ സാധിക്കാത്ത ആനന്ദവും, ഉളവാകാൻ ഇടയില്ലാത്ത വിചാരവും അവരിൽ പ്രകാശപ്പെട്ടുന്നു. ജന്മനാ തന്നെ സിദ്ധിച്ചിട്ടുള്ള വിശിഷ്ട ഹൃദയമാണു് അതിനു ഇടയാക്കിത്തീൎക്കുന്നതു്. സൂൎയ്യകിരണങ്ങളുടെ വൎണ്ണസുഷമകളെ പളുങ്കു പ്രതിഫലിപ്പിക്കുന്നതുപോലെ ഒരു കരിങ്കല്ലിനു കഴിവുണ്ടാകയില്ലല്ലോ? ഒരാൾ വിടൎന്നു തുടങ്ങുന്ന പനിനീർപ്പൂവിനേയോ ഉദിച്ചുയരുന്ന ചന്ദ്രബിംബത്തേയോ കാണുമ്പോൾ, ഇതു് എന്തു നന്നായിരിക്കുന്നു! എത്ര മനോഹരം!, എന്നോ മറേറാ പറഞ്ഞു തൃപ്തിപ്പെട്ടു കൊള്ളും. ഈ കാഴ്ചകൾ കവികളുടെ മനസ്സിൽ പതിയുന്നതായാൽ വെള്ളത്തിൽ തൈലബിന്ദുക്കൾ വീഴും പോലെയായിത്തീരും. അവരുടെ ഉള്ളിൽ ആഹ്ലാദവും വികാരവും വിചാരവും ഇടകലൎന്നു പടൎന്നു തുടങ്ങും. അവർ ആ പനിനീർപ്പൂവിനെ പ്രേമലക്ഷ്മിയുടെ പൂങ്കവിളാണെന്നു പറയും. സൗന്ദൎയ്യദേവതയുടെ കേളീരംഗമെന്നു സ്തുതിക്കും. ലോകശില്പിയുടെ കീൎത്തിമുദ്രയെന്നു കൊണ്ടാടും. ശശിബിംബത്തെയാകട്ടെ രജനിയുടെ മണിദൎപ്പണമെന്നും, മന്മഥന്റെ വെൺകൊററക്കുടയെന്നും, ആകാശ വാപിയിലെ വെൺതാമരപ്പൂവെന്നും മററും വൎണ്ണിക്കുവാനൊരുങ്ങും. ഉത്തമ കവികൾക്കു പ്രകൃതിസൗഭാഗ്യങ്ങൾ എത്രതന്നെ കണ്ടാലും എത്രതന്നെ പ്രശംസിച്ചാലും മതിയാകുന്നതല്ല. ഉദാഹരണത്തിനു 'സ്കൈലാൎക്കിനെ' (Skylark) കണ്ട ഷെല്ലിയുടേയും അരിപ്പിറാവിനെ കണ്ട വള്ളത്തോളിന്റേയും മനോഭാവങ്ങൾ പരിശോധിച്ചാൽ മതി. ഷെല്ലിക്കു അനിൎവ്വാച്യമായ ആഹ്ലാദത്ധരി ആ പക്ഷി നൽകുന്നതു്

"What thou art we know not;
What is most like thee?
From rainbow clouds there flow not
Drops so bright to see
As from thy presence showers
a rain of melody."

എന്നിത്യാദി മധുരമനോഹരങ്ങളായ പദ്യങ്ങളിൽനിന്നു നമുക്കു മനസ്സിലാക്കാം.

"മഴവില്ലു പിഴിഞ്ഞെടുത്ത സത്താ-
മഴകേ!"

എന്നു വള്ളത്തോൾ അരിപ്പിറാവിനെ വിളിക്കുമ്പോളുള്ള അദ്ദേഹത്തിന്റെ ആ

* തി. വി. മഹാസഭയിൽ വായിച്ചതു്.

ഹ്ലാദത്തഴപ്പ് എത്രമാത്രമാണെന്നു പറഞ്ഞറിയിക്കാൻ പ്രയാസം തന്നെ.

ഇപ്രകാരം പ്രകൃതി അനന്യസാധാരണമായ ആനന്ദം കവികൾക്കു പ്രദാനം ചെയ്യുന്നു എന്നുമാത്രമല്ല അവരിൽ പല വിചാരങ്ങളെയും ജനിപ്പിക്കുകയും ചെയ്യുന്നു. ക്രമേണ ആ വിചാരങ്ങളെ വികാരങ്ങളായി പരിണമിപ്പിച്ചു പരമാനന്ദത്തിൽ ലയിപ്പിക്കുന്നതുമായിരിക്കും. ടാഗ്ഗൂർ മഹാകവി ഒരുദിവസം പ്രശാന്തമായ സായാഹ്ന സമയത്തു് അരുണാഭ്രങ്ങൾ നിഴലിച്ചു പ്രകാശിച്ച ഗംഗാനദിയിൽ കൂടി തോണിയാത്ര ചെയ്തപ്പോൾ അദ്ദേഹത്തിനു അനുഭവപ്പെട്ട ആനന്ദവും ഉൽഭൂതമായ വികാരവും വിചാരവും "സാധന" എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ സ്പഷ്ടമാക്കിയിട്ടുണ്ടു്. അദ്ദേഹം ചുററുമുള്ള പ്രകൃതിവിലാസങ്ങൾകണ്ടു് ആനന്ദിച്ചുകൊണ്ടിരിക്കെ ഒരു മനോഹര മത്സ്യം വള്ളത്തിനടുത്തു അതിന്റെ മിനുസമായ ശരീരം വെള്ളത്തിനുയരെ കാണത്തക്കവണ്ണം തുള്ളിച്ചാടിയിട്ടു പെട്ടെന്നു മറഞ്ഞുപോയി. ആ കാഴ്ച വള്ളക്കാരനു വലിയ സങ്കടമുണ്ടാക്കി. അത്ര നല്ല മീനിനെ അത്താഴത്തിനു ആഹാരസാധനമാക്കാൻ കഴിയാതെ പോയതായിരുന്നു അവന്റെ ശോകകാരണം. കാവ്യരസതരംഗിതമായ ആ മഹാകവിയുടെ മാനസസരസ്സിൽ ആ മത്സ്യം എത്ര മനോജ്ഞങ്ങളായ മാററങ്ങൾ ഉളവാക്കിയെന്നു അദ്ദേഹത്തിന്റെ വാക്കുകൾ വ്യക്തമാക്കുന്നുണ്ടു്.

"It came up from the depths of its mysterious dwelling with a beautiful dancing motion and added its own music to the silent symphony of the dying day. I felt as if I had a friendly greeting from an alien world in its own language and it touched my heart with a flash of gladness" എന്നത്രെ അദ്ദേഹം അഭിപ്രായപ്പെടുന്നതു്.

അനഘവാത്സല്യവിശേഷത്തോടുകൂടിയ വീക്ഷണത്താൽ സൗന്ദര്യവും സത്യവും അദ്ദേഹം മനസ്സിലാക്കി. വള്ളക്കാരന്റെ നൈരാശ്യം അദ്ദേഹത്തെ ഒരു വിശിഷ്ടതത്വം ഗ്രഹിപ്പിച്ചു. "When we look at the world through the veil of our desires we make it small and narrow and fail to perceive its full truth." ഇങ്ങനെ പ്രകൃതിവസ്തുക്കളിൽ അനന്യലഭ്യമായ ആഹ്ലാദവും വികാരവും വിചാരവും സത്യവും ജ്ഞാനവും അന്തർലയിച്ചു് കിടക്കുന്നതായി കവികൾക്കു് കാണാൻ കഴിയും. ഏതു പ്രവീണനായ പ്രകൃതിശാസ്ത്രജ്ഞനും വെളിവാകാത്ത രഹസ്യങ്ങൾ പ്രകൃതിവസ്തുക്കളിൽ കവികൾക്കു തെളിഞ്ഞു കാണും. ഉദാഹരണത്തിനു ഒരു ശാസ്ത്രജ്ഞൻ ചേതോഹരമായ ഒരു പുഷ്പത്തെ കണ്ടാൽ അതിനു പ്രകൃതിയിൽ ചില കൃത്യനിർവ്വഹണങ്ങളുള്ളതായി മനസ്സിലാക്കുമായിരിക്കും. എന്നാൽ ഒരു യഥാർത്ഥ കവി അതിനെ കാണുന്നതായാൽ അതു അനശ്വരസൌന്ദര്യധാമമായ ജഗന്നിയന്താവിന്റെ സന്നിധിയിൽ നിന്നു മനുഷ്യഹൃദയത്തിനു വികാസജനകങ്ങളായ പ്രേമസന്ദേശങ്ങളും കൊണ്ടു വന്നിരിക്കുന്നതായി ഗ്രഹിക്കും.

നമ്മെ വിവിധ വിജ്ഞാനസമ്പന്നരാക്കത്തക്കവണ്ണം വിശ്വൈകകാവ്യകൃത്തു് വിരചിച്ചിട്ടുള്ള അമൂല്യഗ്രന്ഥങ്ങളായിട്ടാണു് പ്രകൃതിവിലാസങ്ങളെ കവികൾ കാണുന്നതു്. കല്ലിലും മുള്ളിലും പുല്ലിലും

പുഴവിലും കുന്നിലും കുഴിയിലും ആകാശത്തിലും ജലാശയത്തിലുമെല്ലാം അവർ ഗുണപാഠങ്ങൾ കാണും. 'ഷേക്സ്പീയർ' "As you like it" എന്ന നാടകത്തിൽ രാജധാനിയിൽ നിന്നു നിഷ്കാസിതനായി വനവാസം സ്വീകരിച്ച പ്രഭു മുഖാന്തരം ഇത്തരം ഗുണപാഠങ്ങൾ വിശദമാക്കിയിട്ടുള്ളതു സുവിദിതമാണല്ലോ. കാളിദാസൻ മനോഹരമായ പ്രകൃതിശോഭയിൽ എന്തൊരു പ്രാപഞ്ചിക തത്വത്തെ വെളിവാക്കുന്നു എന്നു ശാകുന്തളത്തിലുള്ള

"ക്ഷീണിച്ചോഷധിനാഥനസ്തഗിരിയെ
പ്പൂകുന്നിതാ; ഭാസ്കരൻ
മാണിക്യദ്യുതി മററൊരേട മരുണൻ
തൻപിൻപുദിക്കുന്നിതാ;
കാണിച്ചീവ്യസനോദയങ്ങളൊരുമിച്ചി
ട്ടിവ്യതേജോദ്വയേ
പ്രാണിക്കാത്മദശാന്തരത്തിൽ നിയമം
ധാതാവുചെയ്യുന്നിതോ?"

എന്നും മററുമുള്ള ശ്ലോകങ്ങളിൽ നിന്നു നമുക്കു അറിയാവുന്നതാണ്. ഈ വിഷയത്തിൽ നമ്മുടെ കേരള കവികളും പ്രസ്താവാർഹരാണെന്നുള്ളതു നമുക്കു എന്നെന്നും അഭിമാനകരം തന്നെ. ഉദാഹരണത്തിനു പുരാതനന്മാരെത്തന്നെ കൊണ്ടു വരണമെന്നില്ല. ആധുനികന്മാരെപ്പററി ചിന്തിച്ചാലും മതി. പ്രകൃതിസിദ്ധമായിട്ടുള്ള പരസ്പരാകർഷണത്തിൻെറ മേന്മയും, എത്രവിരസമായ ജീവിതത്തെയും സ്വർഗ്ഗസദൃശമാക്കിത്തീർക്കുന്നതിനു പ്രേമത്തിനുള്ള ശക്തിയും, "പരാനപേക്ഷം പ്രാണിക്കമരാൻ പഴുതില്ലൊരിടത്തും" എന്നുള്ളതത്വവും ഈശ്വരസൃഷ്ടിയുടെ മാഹാത്മ്യവും പുകഴ്ത്തുന്ന ഒരു മഹാകാവ്യമായി ഉള്ളൂർ അവർകൾ വിരിഞ്ഞ മലരിൻെറ നേർക്കു പറന്നെത്തുന്ന വണ്ടിൻെറ കാഴ്ചയെ കാണുന്നു.

"ഹാ! പുഷ്പമേ!,യധികതുംഗ
പദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞി
കണക്കയേ! നീ
ശ്രീഭൂവിലസ്ഥിര—അസംശയം—
ഇന്നു നിൻെറ
യാഭൂതിയെങ്ങു, പുനരെങ്ങു
കിടപ്പിതോർത്താൽ."

എന്നു കുമാരനാശാൻ വീണപൂവിൽ നിന്നുപോലും ലോകസ്വഭാവം മനസ്സിലാക്കുന്നു.

"നെടിയ തനുവിണങ്ങും പച്ചിലി-
പ്പാമ്പു പച്ച-
ച്ചെടികളിൽ മരുവുന്നു തത്ര നിർ-
ബാധമായി
വടിവൊടു സമവർണ്ണക്കാരുമായ് ചേർച്ച
കൊണ്ടാൽ
കുടിലനുമതിനാലേ രക്ഷകിട്ടുന്നു നൂനം."

എന്നു വള്ളത്തോളിനു പാമ്പും പരിജ്ഞാനം നൾകുന്നു.

"പലേതരം പാഴ്ചെടികൾക്കു മദ്ധ്യേ
നിന്നീടു മിക്കൈതകൾ തൻ മലക്കും
സുഗന്ധ വർണ്ണാദി ഗുണങ്ങളേതാ-
ണ്ടുണ്ടെങ്ങു മായുന്നു കുലപ്രഭാവം? "

ഇങ്ങനെ സസ്യച്ചാർത്തുകൾ അദ്ദേഹത്തിന് അറിവു കൊടുക്കുന്നു.

"നിരന്തരം താൻ കമലാഗമം തന്നി-
യ്യൊരന്തമില്ലാതുള്ളവായിരിക്കിലും
ഉയന്നിട്ടന്നില്ലൊരു തെല്ലുമേയിവൻ
വരുന്നതോഗർവ്വു മഹാനു ലക്ഷ്മിയാൽ."

എന്നു സമുദ്രം കെ. സി. യെ പഠിപ്പിക്കുന്നു.

"അനിത്യമാം ശ്രീമഹിമാവിയന്നി-
ട്ടത്യുന്നത സ്ഥാനമെട്ടത്തിട്ടന്നോൻ
അനത്ഥമാം മാഴിയിൽ വീണുപോമെ-
ന്നത്രേയിവൻ ചൊന്നതു സത്യമോ-
ത്താൽ"

എന്നു അസ്തമയാക്കൻ അദ്ദേഹത്തെ ഉൽബോധിപ്പിക്കുന്നു.

സ്വച്ഛാംബരഭാസുരങ്ങളായ നക്ഷത്രങ്ങളെ കവികൾ നീലക്കടലാസ്സിൽ എഴുതിയിട്ടുള്ള ഈശ്വരസൃഷ്ടിവൈഭവപ്രകാശനങ്ങളായ സുവണ്ണലിപികളായി കാണും. സമ്പന്നന്മാർ വിനയവാന്മാരായിരിക്കുമെന്നു ഫലാവനമ്രങ്ങളായ വൃക്ഷശാഖകൾ അവക്കു പറഞ്ഞു കൊടുക്കും. സൂയ്യാസ്തമയത്തോടുകൂടി കൂമ്പിത്തുടങ്ങുന്ന പത്മിനി "വാരാന്തകാരം വനിതാധികാരം" എന്നു ധരിപ്പിക്കും. ഇപ്രകാരം പ്രകൃതിയിൽ കവികൾ കാണുന്ന ഗുണപാഠങ്ങൾ അസംഖ്യമത്രേ.

കൂടാതെ സകല സൗന്ദയ്യത്തിനും മാതൃകകൾ അവർ പ്രകൃതിയിൽ കാണുകയാണുചെയ്യുന്നതു്. ഗഭപരിക്രമങ്ങൾ മാറി ക്രമേണ മനോഹരമായി പുഷ്ടിപ്രാപിച്ച രാജ്ഞിയെ കാളിദാസൻ.

"ക്രമേണ നിസ്തീയ്യ്ച ദോഹദവ്യഥാം
പ്രചീയ മാനാവയവാ രരാജ സാ
പുരാണപത്രാപഗമാദനന്തരം
ലതേവ സന്നദ്ധ മനോജ്ഞപല്ലവാ."

എന്നു വണ്ണിക്കുന്നു. അരുണമോഹനമായ കവിൾത്തടത്തിൽ കണ്ട കണ്ണുനീർക്കണത്തെ വള്ളത്തോൾ

"പേത്തും വിടന്ന പനിനീർ മലരിങ്കൽ മഞ്ഞുനീത്തുള്ളിപോൽ"

കാണുന്നു. വിവിധവികാരങ്ങളാൽ നിറം പകന്ന മുഖബിംബത്തിനു കുമാരനാശാൻ സാദൃശ്യം കാണുന്നതു സൂയ്യരശ്മികളേററു വണ്ണവ്യത്യാസങ്ങൾ കൈക്കൊള്ളുന്ന പളുങ്കിലാണു്.

"കുളിർചേപ്പുതിനാളിമാരിളംചെ-
ന്തളിരാൽത്തുത്തു ചമച്ച മെത്തയിന്മേൽ
ലളിതാംഗി ശയിച്ചു സന്ധ്യരാഗം
തെളിയും വാനിൽ ശശാങ്കലേഖപോ-
[ലെ."

എന്നാണു "ചിത്രയോഗ"ത്തിൽ വണ്ണിച്ചു കാണുന്നതു്. ഈ വിധം കാവ്യതല്ലജങ്ങളിൽ നിന്നു എത്രയെത്ര ഉദാഹരണങ്ങളും എടുക്കാവുന്നതാണു്. പ്രകൃതിയുടെ രാമണീയകം എത്രത്തോളം പ്രകാശിക്കുന്നുവോ അത്രത്തോളം കവിതയുടേയും രാമണീയകം പ്രകാശപ്പെടുന്നതായിരിക്കും. അങ്ങനെയുള്ള കവികൾ നിത്യസൌന്ദയ്യമൂത്തിയായ സത്യത്തെ കാണിച്ചു തരികയും ചെയ്യും. പ്രകൃതിസൌന്ദയ്യമായ പാൽക്കടലിൽ നിന്നു കവികളെടുക്കുന്ന തത്വരത്നങ്ങൾ അനവധിയത്രെ.

പ്രകൃതിയിൽ അനേകങ്ങളായി കാണുന്ന ചരാചരങ്ങളിൽ ഏകത്വം വേണ്ടപോലെ കാണുന്നവർ കവികളാണു്. സകല ചരാചരങ്ങളിലും ലീനമായിരിക്കുന്ന മഹസ്സ് ഒന്നുതന്നെയാണെന്നും അതറിഞ്ഞു അവയോടുസഹോദരനിവിശേഷം വത്തിക്കയാണു് ഈശ്വര പ്രീതികരമെന്നും കവികൾ പലവിധത്തിൽ നമ്മെ പറഞ്ഞുമനസ്സിലാക്കുന്നു.

"പരാപരാത്മൻ ഭക്ത്യഭിഗമ്യൻ
ഭവാനെയാർകാണും ?
ചരാചരപ്രേമാഞ്ജന മെഴുതിന
ചക്ഷുസ്സില്ലാഞ്ഞാൽ."

"അട്ടത്തു നില്പോരനജനെ നോക്കാന-
ക്ഷികളില്ലാത്തോ-
ക്കൃപനീശ്വരനദൃശ്യനായാലതിലെ-
ന്താശ്ചര്യം."

എന്നീസൂക്തിമുക്താവലികൾ ഇതിന്നു് ഉദാഹരണങ്ങളാണ്.

വൃക്ഷലതാദികൾക്കു പോലും മനുഷ്യസഹജങ്ങളായിട്ടുള്ള വികാരങ്ങളും വിചാരശക്തികളും ബുദ്ധിയും ഭാഷയുമൊക്കെയുണ്ടെന്നു അധുനാതനന്മാരായ ചില ശാസ്ത്രജ്ഞന്മാർക്കുമുമ്പു നമ്മെ ധരിപ്പിച്ചിട്ടുള്ളതു കവികളാണ്. പരിത്യക്തയായ സീതയുടെ ദുഃഖാതിശയത്തിൽ അനുതപിച്ചു വനസ്ഥലിക്കു ഭാവം പകൎന്നതായി വാല്മീകി, കാളിദാസൻ മുതലായവർ വൎണ്ണിച്ചിട്ടുണ്ടല്ലോ. ആ ഘട്ടത്തിൽ കാളിദാസൻ ഇപ്രകാരം പ്രകൃതി വൈവശ്യത്തെ പകൎത്തുന്നു.

"നൃത്യം മയൂരാഃ കുസുമാനിവൃക്ഷാ-
ദർഭാനുപാത്താന്വിജഹുർഹരിണ്യഃ
തസ്യാഃപ്രപന്നേ സമദുഃഖഭാവ-
മത്യന്തമാസീദ്രുദിതം വനേപി."

അതുപോലെ രാവണാപഹൃതയായ സീതയെ അന്വേഷിച്ചു നടന്ന ശ്രീരാമന്നു് ആ ദേവിയെ കൊണ്ടുപോയവഴി മരങ്ങളും മാനുകളുംപറഞ്ഞുകൊടുത്തതായി അദ്ദേഹം പ്രതിപാദിക്കുന്നു. കാണാൻപാടില്ലാത്ത കാററുപോലുംനമ്മിൽ നിന്നു ഭിന്നമല്ലെന്നും നമ്മുടെ അന്തൎഗ്ഗതങ്ങളെ മനസ്സിലാക്കുന്നു എന്നുമാണു കാളിദാസന്റെ അഭിപ്രായമെന്നു്

"വേലാനിലഃ കേതകരേണുഭിസ്തേ
സംഭാവയത്യാനന മായതാക്ഷി!
മാമക്ഷമം മണ്ഡനകാലഹാനേ-
ർവേത്തീവ ബിംബാധരബദ്ധതൃഷ്ണം"

എന്നപദ്യം വെളിവാക്കുന്നു.

പൗരസ്ത്യരെപ്പോലെ പാശ്ചാത്യകവികളായ Wordsworth, Shelly, Keats എന്നു തുടങ്ങിയുള്ളവർ നമുക്കും പ്രകൃതിവസ്തുക്കൾക്കുമുള്ള മധുരമായ ബന്ധം വ്യക്തമാക്കുന്നു എന്നു മനസ്സിലാക്കാവുന്നതാണ്. ഈ ബന്ധം അറിയുംതോറും നമുക്കു പ്രകൃതിയിൽ നിന്നു കൂട്ടുകാർ ഒന്നിനൊന്നു കൂടുതലായി കിട്ടിക്കൊണ്ടിരിക്കും. എന്നാൽ ഈ ഐക്യത്തിന്റെ മധുരിമ നാം കാവ്യങ്ങളിൽ നിന്നുമാത്രം ആസ്വദിക്കുന്നതല്ലാതെ ജീവിത സരണികളിൽ നിന്നു അനുഭവിക്കുന്നില്ലെന്നു നമുക്കു വ്യസനസമേതം പ്രസ്താവിക്കാനെ തരമുള്ളു. അതിനുകാരണം സ്വാത്മപരങ്ങളായ നമ്മുടെ വിവിധ ജീവിതമത്സരമർദ്ദനങ്ങൾ മാത്രമാണ്.

"വേർഡ്സ്വൊത്തി"നു അക്കാലത്തു പോലും

"The world is too much with us;
late and soon:
Getting and spending, we lay
waste our powers:
Little we see in Nature that is ours;
We have given our hearts away,
a sordid boon!"

എന്നു പരിതപിക്കേണ്ടിവന്നുപോയിട്ടുണ്ടു്. നമുക്കു സ്വന്തപ്പെട്ട പ്രകൃതിവസ്തുക്കളുടെ കാന്തികൾ കണ്ടാൽ നമ്മിൽ ലേശം മനസ്സലിവുണ്ടാകുന്നില്ലെന്നു വിചാരിച്ചു വീണ്ടും അദ്ദേഹം ഇപ്രകാരമാണു് പറഞ്ഞുപോയതു്.

"It moves us not—Great God! I'd rather be
A Pagan suckled in a creed outworn,
So might I, standing on this pleasant lea,
Have glimpses that would make me less forlorn;
Have sight of Proteus rising from the sea;
Or hear old Triton blow his wreathed horn."

അകൈതവമായ പ്രകൃതിസ്നേഹമുണ്ടായാലല്ലാതെ ഒരിക്കലും ഒരു ഹൃദയം സംസ്കൃതമാണെന്നു പറവാൻ പാടില്ലാത്തതാണു്. നിശിതമായ ബുദ്ധിവിശേഷത്തിന്റെ ഫലമായി നവീനങ്ങളായി എത്രഎത്ര നിയമങ്ങളും സ്ഥാപനങ്ങളുമുണ്ടായാലും ശരി അവയൊന്നുംകൊണ്ടു നമുക്ക യഥാർത്ഥമായ പരിഷ്കാരം സിദ്ധിച്ചു എന്നു വിചാരിക്കാൻ പാടില്ല. അതു വേണമെങ്കിൽ ചരാചരസ്നേഹരസാർദ്രങ്ങളായ ഉൾത്താരുകൾ വികസിക്കതന്നേവേണം. അതിനു പ്രകൃതിവിലാസപ്രകാശങ്ങളായ കാവ്യങ്ങൾ പ്രാണസഖാക്കളായിരിക്കമെന്നുള്ളതു സംശയാതീതമത്രേ.

ശാകുന്തളം നാടകത്തിനുള്ള മേന്മകളിൽ ഒന്നു് ഈ ഗുണം തികഞ്ഞുകാണുന്നു എന്നുള്ളതാണു്. കണ്വമഹർഷിയുടെ വാക്കുകളിൽനിന്നും മററും കാളിദാസനുള്ള പ്രകൃതിവാത്സല്യം വഴിപോലെ വെളിവാകുന്നതായിരിക്കും. കണ്വമഹർഷി വൃക്ഷലതികാദികളെയും ശകുന്തളയെപ്പോലെ സ്നേഹപൂർവ്വം വിചാരിച്ചിരുന്നതായി ഗ്രഹിക്കാം.

"മുന്നേഞാൻ നിരൂപിച്ചപോൽ സദൃശനായുള്ളോരുഭർത്താനിനെ-
ത്തന്നേ പുണ്യവശേന മൽപ്രിയസുതേ! പ്രാപിച്ചുനീ സാമ്പ്രതം
ഔന്നത്യം കലരും രസാലവരനിമ്മുല്ല യുക്തമായ് വല്ലഭൻ
നിന്നെച്ചൊല്ലിയുമില്ല കില്ലിനിയെനിക്കിമ്മുല്ലയെച്ചൊല്ലിയും"

"ഇല്ല നിങ്ങളെ നനച്ചിടാതെയൊരു നാളെവൾക്കു ജലപാനവും
പല്ലവം തൊട്ടുവതില്ല യേവളതണിഞ്ഞിടാൻ കൊതിയിരിക്കിലും
നല്ലൊരുത്സവമെവൾക്കു നിങ്ങളുടെയാദ്യമായ കുസുമോൽഗമം
.വല്ലഭന്റെ ഗൃഹമശ്ശകുന്തള ഗമിച്ചിടുന്നു വിടനൾകുവിൻ"

"കൊടിയൊരുകുശസൂചീവിദ്ധമാം യന്മുഖത്തിൽ
ഝടിതി ഭവതിചെയ്തു രോപണം തൈലതസകം;
വടിവൊടു തുടരുന്നൂ പിന്നിലക്കൃഷ്ണസാരം
പൊടിവരിയരിയാൽ നീ പോഷണം ചെയ്തപുത്രൻ."

എന്നീ ശ്ലോകങ്ങൾ ഇതിനു മകുടോദാഹരണങ്ങളാണു്.

നമ്മുടെ സുഖദുഃഖങ്ങളിൽ പ്രകൃതിയും പങ്കുകൊള്ളുന്നു എന്നു കേരളകവികളും നമുക്ക മനസ്സിലാക്കി തന്നിട്ടുണ്ടു്. സീതയുടെ ദുഃഖം കണ്ടു നദികൾ ഒഴുകീലെന്നും, മാരുതൻ നിശ്ചലം നിന്നുപോയി എന്നും, സൂര്യൻ സ്തബ്ധനായി എന്നും മററും പുനം നമ്പൂതിരി രാമായണം ചമ്പുവിൽ വർണ്ണിക്കുന്നു. ഈ വസ്തുത ഇരുപത്തിനാലുവൃത്തത്തിലും മനോഹരമായി വെളിപ്പെടുത്തിയിട്ടുണ്ടു്. നമ്മുടെ ജീവിതത്തെത്തന്നെയും നിയന്ത്രിക്കാൻ കഴിവുള്ള സൂര്യചന്ദ്രാദികൾ നമുക്കുവരുന്ന ദുഃഖങ്ങളിൽ

പങ്കുകൊള്ളുന്നു എന്നറിയുമ്പോൾ എന്താണു അത്ഭുതപ്പെടുവാനുള്ളതു്.

കായികങ്ങളും മാനസികങ്ങളുമായ നമ്മുടെ പ്രവൃത്തികളെ ആരുടെകണ്ണിൽനിന്നു മറച്ചു വെച്ചാലും പ്രകൃതിയുടെ കണ്ണിൽ നിന്നു മറയ്ക്കാൻ സാധിക്കുന്നതല്ല. നമ്മുടെ സൽപ്രവൃത്തികളേയും ദുഷ്പ്രവൃത്തികളേയും പ്രകൃതിവസ്തുക്കൾ നിരീക്ഷിച്ചുകൊണ്ടിരിക്കയാണെന്നു വിവിധസന്ദർഭങ്ങളിൽ കവികൾ അറിയിക്കുന്നു. പക്ഷിയെ വെടിവച്ച മർത്ത്യന്റെ ദൗഷ്ട്യം വിചാരിച്ചു വള്ളത്തോൾ ആ പറവയോടു പറയുന്നതു് ഇങ്ങനെയാണു്.

“നിൻതൂവലാൽ കാറുകുറിച്ചുകൊള്ളും
ദ്യോവിങ്കലീദുഷ്കൃതിതൻ ചരിത്രം”

ഈവണ്ണം കവിതകളിൽക്കൂടി പ്രകൃതിയെ നാം മനസ്സിലാക്കാൻ ശ്രമിക്കുന്നതായാൽ നമ്മുടെ ആത്മസംസ്കരണത്തിനു അതു സാമദാനഭേദദണ്ഡങ്ങളും ആചരിക്കുന്നതായി അറിയാൻ കഴിയും. ചുരുക്കിപ്പറയുന്നതായാൽ പ്രകൃതിയുടെ സൗന്ദര്യവും, ഔദാര്യവും, മാധുര്യവും, മാഹാത്മ്യവും, നമുക്കു കവിതയിൽനിന്നു അറിയാൻ കഴിയുന്നതുപോലെ ഒരിടത്തുനിന്നും സാധിക്കുന്നതല്ലെന്നുള്ളതു നിർവിവാദമാണു്.

ഉത്തമകവികൾ കവിതയേയും പ്രകൃതിയേയും ഒന്നിച്ചല്ലാതെ കാണുക പതിവില്ലെന്നു തോന്നുന്നു. പുലർവേളയിൽ പുൽക്കൊടികൾക്കു മഞ്ഞുതുള്ളികൾ കൊണ്ടു വൈരലോലാക്കുകൾ തൂക്കിക്കൊടുക്കുന്ന സൂര്യകിരണങ്ങളിലും ഉച്ചയ്ക്കു വെയിലിനെപ്പേടിച്ചു മരച്ചുവടുകളിൽ ചെന്നൊളിക്കുന്ന ചെറുനിഴലുകളിലും, സായാഹ്നശ്രീ വെള്ളംകോരുവാൻ പൊൻകുടം മുക്കുന്ന ചരമാബ്ധിയിലും, സന്ധ്യാലക്ഷ്മി ആസകലം മെഴുകി പൂക്കളിടുന്ന ഗഗനാങ്കണത്തിലും, ഉദയാചലത്തിൽ മനോജ്ഞവേഷനായിവന്നു തിരനോക്കിനായി കരം ചലിപ്പിച്ചുതുടങ്ങുന്ന ശശാങ്കനായ കളിക്കാരനു തിരശ്ശീല പിടിച്ചുകൊടുക്കുന്ന സസ്യച്ചാർത്തിലും, പാതിരാത്രിയിൽ തരംഗതാളങ്ങളോടുകൂടി മധുരസംഗീതങ്ങൾ നടത്തുന്ന നദികളിലും, പുലർച്ചയ്ക്കു ഉണർന്നെഴുന്നേൽക്കുന്ന കൊച്ചു മാരുതനു പൊൻകിണ്ണങ്ങൾ മിനുക്കി മണമുള്ള തേൻ പകർന്നുവെയ്ക്കുന്ന പത്മിനികളിലും, “കോകിലകാകളീകളകളംചിന്തുന്ന” വസന്തകാലങ്ങളിൽ പൂ മന്ദഹാസം പൊഴിഞ്ഞും പുളകമണിഞ്ഞും മനോഹരയായ് വിലസുന്ന വനലക്ഷ്മിയിലും, പൗർണ്ണിമകളിൽമന്മഥദേവന്റെ എഴുന്നള്ളത്തിനു വിശ്വമെങ്ങും വെൺപട്ടു വിരിച്ചുകൊടുക്കുന്ന നറും നിലാവിലും,

“പൂഞ്ചായൽപുഞ്ചിരിപുരണ്ട മുഖത്തുമിന്നി-
ച്ചാഞ്ചാടിയോടിയുമിടയ്ക്കു തടഞ്ഞു വീണും
തേഞ്ചാറുമാറു പലകൊഞ്ചൽ പൊഴിച്ചും”

വിളയാടുന്ന ഇളം പൈതങ്ങളിലും, കാമുകന്മാർക്കു നീലോല്പലമാലകൾ ചാർത്തിക്കൊടുക്കുന്ന മുഗ്ദ്ധാംഗനകളുടെ കടാക്ഷങ്ങളിലും അവർ ആ മോഹനാംഗിയെ സമീക്ഷിക്കുന്നു. ആർക്കും ഏതവസ്ഥയിലും ആഹ്ലാദദായിനിയായ പ്രകൃതിദേവിയുടെ പ്രകാശപരിലാളനങ്ങളേൽക്കുന്ന ആ കവിരത്നങ്ങളെ നെഞ്ചിലണിയുന്നതു സദാ സഹൃദയർക്കു പരമാനന്ദദം തന്നെ.

# യവദ്വീപം.

പി. അനന്തൻപിള്ള എം. എ.

## III

നമ്മുടെ രാമായണം പോലെ അത്ര പ്രചാരമുള്ള ഇതരകഥ യവദ്വീപത്തിലില്ലെന്നു തന്നെ പറയാം. വാല്മീകിമഹർഷിയുടെ സൃഷ്ടി അതുപോലെ പകർത്തുകയല്ല യവദ്വീപവാസികൾ ചെയ്തിട്ടുള്ളതു്. പല വ്യതിയാനങ്ങളും അവിടത്തെ രാമായണത്തിൽ വരുത്തീട്ടുണ്ടു്. ആ കൃതിയുടെ ആദ്ധ്യാത്മികതത്വപ്രകാശകമായ രൂപത്തിലും വിവർത്തനം ചെയ്തിട്ടുണ്ടു്*.

രാമായണകഥയെ ഭാരതത്തിനപ്പുറമെ അടുത്തുള്ള ചിലരാജ്യക്കാർ എത്രമാത്രം ബഹുമാനിക്കുന്നു എന്നു് ചമ്പാരാജ്യത്തെ കാര്യം നോക്കിയാൽ മതി. രാമൻ എന്ന നാമധേയം രാജവംശത്തിൽ അനുസ്യൂതമായി നിലനില്ക്കുന്നതു കാണാം. പാവകളിയിൽ ഈ കഥ മുഴുവനും അവിടെ പ്രദർശിപ്പിച്ചുവരുന്നു. രാജധാനിക്കു കുറെക്കാലം മുമ്പുവരെ അയ്യുത്തിയ (അയോദ്ധ്യ) എന്നും പേരുണ്ടായിരുന്നു. ആധുനികതലസ്ഥാനമായ ബാങ്ക്കാക്കിലെ പ്രധാനബുദ്ധക്ഷേത്രത്തിന്റെ ഗോപുരവാതലുകളിൽ രാമായണകഥ മുഴുവൻ രജതരേഖകളിൽ ചിത്രീകൃതമായിട്ടുണ്ടെന്നു് ഒരു ഭാരതീയസന്ദർശകൻ എഴുതിയിരിക്കുന്നതായികണ്ടു. കാംബുജയിലെ രാജകുമാരന്മാർ സൂര്യകുലജാതരാണെന്നു് ഇന്നും അഭിമാനിച്ചുവരുന്നു. കാംബോഡിയയിലെ രാജധാനി പണിയിച്ച യശോവർമൻ ഒരു ശിലാശാസനത്തിൽ അയോദ്ധ്യയും, വിഭീഷണയും ആയ ആ നഗരിയെ താൻ രാഘവനെപ്പോലെ സുമന്ത്രസഹായത്തോടുകൂടി പരിപാലിച്ചു് ശ്രീയുമായി (സീതാസഹിതം) വാണു എന്നു രാമായണപരമായ അർത്ഥം ധ്വനിക്കത്തക്കവിധത്തിൽ ഒരു പദ്യം കൊത്തിച്ചിട്ടുണ്ടു്. ഹേമശൃംഗഗിരി എന്ന ക്ഷേത്രഭിത്തികളിൽ സുഗ്രീവസഖ്യം, ബാലിസുഗ്രീവസമരം, അശോകവനികയിലെ സീത, അംഗുലീയവൃത്താന്തം, രാമരാവണയുദ്ധം മുതലായ രാമായണകഥാരംഗങ്ങൾ തന്മയത്വത്തോടുകൂടി കൊത്തിയിരിക്കുന്നതു കാണാം. ദക്ഷിണചമ്പയിലെ ഒരു ഐതിഹ്യപ്രകാരം രാമായണകഥ മുഴുവൻ ആ സ്ഥലത്തു നടന്നതായിട്ടാണു കാണുന്നതു്. ബുദ്ധമതഗ്രന്ഥമായ ദശരഥജാതകത്തെക്കാൾ പഴക്കമുള്ള ഈ ഐതിഹ്യം ചമ്പാരാജ്യത്തു സ്വതന്ത്രമായി ഉണ്ടായിട്ടുള്ളതാണെന്നാണു് എം. ഹ്യൂബർട് † എന്ന പണ്ഡിതന്റെ അഭിപ്രായം. ചൈനയിലും റ്റിബറ്റിലും രാമായണ കഥ പണ്ടേ സ്ഥലം പിടിച്ചിട്ടുണ്ടെന്നുള്ളതും വക്തവ്യമാണു്.

ജാവയിലാകട്ടെ പ്രാംബണദേവാലയത്തിലെ രാമായണചിത്രങ്ങൾ കണ്ടുപിടി

---

* Stutterheim—Rama Legends in Indonisien.

† Hubert La Legenda due Rayamana.

ച്ചപ്പോൾ അവയുടെ ഉൽപ്പത്തി എങ്ങനെ എന്നു വിദ്വാന്മാർ ചിന്തിച്ചു തുടങ്ങി. പല വ്യതിയാനങ്ങളും വാല്മീകിരാമായണത്തിൽ ഇല്ലാത്തതു് ഈ ചിത്രാവലി പ്രത്യക്ഷപ്പെടുത്തുന്നു. കൊത്തുപണിയുടെ കാലമാകട്ടെ ഒൻപതാം ശതകത്തിനിപ്പുറമാകാൻ തരമില്ലെന്നാണു് പുരാണവസ്തുതത്വാന്വേഷികൾ ഘോഷിക്കുന്നതു്. എന്നാൽ ഈ വ്യതിയാനങ്ങൾ അത്ര ഗണ്യമാക്കാനില്ല. എന്തെന്നാൽ മഹാഭാരതപ്രകാരമുള്ള രാമായണത്തിൽ വാല്മീകീയത്തിലില്ലാത്ത പലതും കാണുന്നുണ്ടു്. തമിഴിലെ കമ്പരാമായണത്തിൽ എത്രയോ ഭിന്നതകൾ കാണുന്നുണ്ടു്. ഈസ്ഥിതിയ്ക്കു് രാമൻെറയും രാവണൻെറയും കഥ കർണ്ണാകർണ്ണികയാ പ്രചരിച്ചിരുന്നു എന്നും കവികൾ അതവലംബിച്ചിരുന്നു എന്നും സ്പഷ്ടമാണു്. ഇങ്ങനെ ഒരു കഥ മലയദ്വീപിൽ പ്രചരിച്ചിരുന്നു. വേറൊന്നു ജാവയിലും പരന്നിരുന്നതായി വിചാരിക്കാമല്ലോ. ശില്പിയുടെ കല്പനാസാമർത്ഥ്യത്തിനു വിഷയമായതു് ആ കഥതന്നെ ആയിരുന്നിരിക്കണം എന്നത്രെ സ്റ്റൂട്ടർഹീം എന്ന പണ്ഡിതൻെറ അഭിപ്രായം.

ജാവയിലെ രാമായണം രചിച്ച കവി ഒരു വൈഷ്ണവനായിരുന്നു എന്നു തെളിയുന്നുണ്ടു്. അദ്ദേഹത്തിനു സംസ്കൃതം അറിവാൻ പാടില്ലായിരുന്നു എന്നാണു് പ്രൊ. കേൺ പറയുന്നതു്. ഭാരതയുദ്ധവും ഈ കൃതിയും ഏകദേശം ഒരേകാലത്തു് അതായതു് ഏ.ഡി. 1100-ൽആണു് രചിതമായതു്. അതിൽ ഉത്തരകാണ്ഡം ഇല്ല. ഉത്തരകാണ്ഡത്തിൻെറ ഒരു ഗദ്യവിവർത്തനം മാത്രമേ ജാവയിലുള്ളു.

"ശേരൽക്കാണ്ഡം" എന്ന മഹാഗ്രന്ഥത്തിൽ രാമായണവും അടങ്ങിയിരിക്കുന്നു. മെക്കായിലെ ആഡം മുതലാണു് കാവ്യം ആരംഭിക്കുന്നതു്. വിഷ്ണു വാസുകി മുതലായവരുടെ ജനനം തുടങ്ങിയുള്ള കഥകൾ ഇതിൽ വിവരിച്ചതിനുശേഷം, 22-ാം സർഗ്ഗത്തിൽ രാമായണം തുടങ്ങുന്നു. ശ്രീരാമനു് 'ഭഗവാനെ'ന്നും, ലക്ഷ്മണനു് 'മൂഢ്കൻ' എന്നും, സീതയ്ക്കു് 'സിന്ത' എന്നും ആണു പേരുകൾ കാണുന്നതു്. ഹനുമാനെ ശ്രീരാമൻെറയും സീതയുടെയും പുത്രനായി കല്പിച്ചിരിക്കുന്നു. ശ്രീരാമനും സൈന്യവുംകൂടി ലങ്കയെ ആക്രമിക്കുവാൻ തുടങ്ങുന്ന ഘട്ടത്തിൽ കവി ഒരു വലിയ വ്യതിയാനത്താൽ ഭാരതകഥയിൽ പ്രവേശിക്കുന്നു. പിന്നെ എഴുപതാംസർഗ്ഗത്തിലാണു് പ്രകൃതകഥ തുടരുന്നതു്. അടുത്തു് രാമരാവണയുദ്ധം വർണ്ണിക്കുന്നു. വധശേഷം രാവണനെ സംസ്കരിക്കുന്നതു് ഒരു മലയുടെ അടിവാരത്താണു്.

സീത ഉപയോഗിച്ചിരുന്ന ഒരു താലവൃന്തത്തിന്മേൽ രാവണൻെറ പടം എഴുതിയിരുന്നതുകണ്ടു് ശ്രീരാമൻ കോപകലുഷനായിത്തീരുകയും, സീതയെ പിതൃഗൃഹത്തിലേയ്ക്കു പറഞ്ഞയക്കുകയും ചെയ്യുന്നു. ഒടുവിൽ ജനകരാജധാനിയിൽവച്ചു് അവർ തമ്മിൽ പുനസ്സമാഗമം ഉണ്ടാകുന്നു. ഇന്ദ്രജിത്തിൻെറ പുത്രിയും ലവകുമാരനും തമ്മിലുള്ള വിവാഹം നമുക്കു് അത്ഭുതകരമായിത്തോന്നും.

വാല്മീകീയകഥയല്ല ശേരൽക്കാണ്ഡകാരൻ അനുസരിക്കുന്നതെന്നു വ്യക്തമാകുന്നു. നമ്മുടെ മാവാരതം പാട്ടുപോലെയുള്ള വല്ല ദേശീയഗാനവും കവി കേട്ടിരിക്കാൻ ഇടയുണ്ടു്. മുഹമ്മദീയവൃത്താന്തങ്ങൾ ശേരൽക്കാണ്ഡത്തിൽ കടന്നു

കൂടിയതും വിചിത്രമായിരിക്കുന്നു. മലയ സാഹിത്യത്തിലും മുസ്‌ലീം പ്രാബല്യം കാണാവുന്നതാണു്.

രാമായണവ്യതിയാനങ്ങൾക്കു നിദാനമായിരിക്കുന്നതു് അവിടത്തെ പഴയപാട്ടുകളൊ ഇൻഡ്യാക്കാർ പ്രചരിപ്പിച്ച കഥകളൊ എന്നു തീർച്ചപറവാൻ നിവൃത്തിയില്ല. ഈ വ്യത്യാസങ്ങൾ ഒട്ടുമുക്കാലും ഇൻഡ്യയിലെ പല ഭാഗങ്ങളിലുമായി ക്കാണാവുന്നതാണെന്നുമാത്രമെ പറവാൻ സാധിക്കൂ. ഒന്നുരണ്ടുദാഹരണങ്ങൾകൊണ്ടു് ഈ സംഗതി തെളിയിക്കാം. മന്ഥരയെ ശ്രീരാമൻ ബാല്യത്തിൽ വളരെ അസഹ്യപ്പെടുത്തീട്ടുള്ളതിനു പ്രതികാരമായിട്ടാണു് അവൾ കൈകേയിയെ രാമവിദ്വേഷത്തിനു പ്രേരിപ്പിക്കുന്നതെന്നു് മലയ-യവദ്വീപങ്ങളിലെ രാമായണത്തിൽ കാണുന്നതുപോലെതന്നെ ക്ഷേമേന്ദ്രന്റെ രാമായണകഥാചരിതമഞ്ജരിയിലും കാണുന്നുണ്ടു്. സീത രാവണന്റെ പുത്രിയായിരുന്നു എന്നു് മേല്പറഞ്ഞ രാമായണത്തിൽ കാണുന്നു എങ്കിൽ അങ്ങനെയൊരുകഥ ജൈനന്മാരുടെ ഉത്തരപുരാണത്തിലും ഉണ്ടെന്നു പറയാം. ഇങ്ങനെ ഒട്ടനേകം ഉദാഹരണങ്ങൾ നിർദ്ദേശിക്കാവുന്നതാകുന്നു.

ഡാക്ടർ സ്ററട്ടർഹീമിന്റെ അഭിപ്രായത്തിൽ മേല്പറഞ്ഞ വ്യതിയാനങ്ങൾക്കു മലയ-യവദ്വീപകവികളെ അപരാധികളാക്കീട്ടു കാര്യമില്ലെന്നാണു്.

---

# *കരുണ അനുകരണമാണോ?

വിദ്വാൻ എ. ഡി. ഹരിശർമ്മ.

"കുചേലവൃത്തം വഞ്ചിപ്പാട്ടും, അതിനു മുമ്പും പിമ്പും" എന്ന തലക്കെട്ടിൽ സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള അവർകൾ ബി. ഏ. ബി.എൽ ഒന്നാംലക്കം "സഹൃദയ" യിൽ എഴുതിയ ഉപന്യാസം ഞാനും വായിച്ചു. രാമപുരത്തുവാരിയരുടെ കുചേലവൃത്തത്തിനു ശേഷം ഉണ്ടായിട്ടുള്ള വഞ്ചിപ്പാട്ടുകളിൽ പ്രഥമഗണനീയമെന്നു വിചാരിക്കേണ്ടതു കുമാരനാശാന്റെ കരുണയാണെന്നും, പക്ഷെ അതിൽ കുചേലവൃത്തത്തിന്റെ അധിപ്രസരം ധാരാളം കാണുന്നതുകൊണ്ടു് അതിനെ ഒരു സ്വതന്ത്രകൃതിയായികരുതുവാൻപാടില്ലെന്നും ഉപന്യാസകർത്താവു് അതിൽ ധ്വനിപ്പിച്ചിരിക്കുന്നു. പ്രസ്തുതവിഷയത്തിൽ എനിക്കു തോന്നിയ വിപ്രതിപത്തി രേഖപ്പെടുത്തുകയാണു് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

---

* കുചേലവൃത്തത്തിന്റെ അധിപ്രസരം (influence) കരുണയിൽ കാണ്മാനുണ്ടെങ്കിലും രണ്ടുകൃതികളും തമ്മിൽ സ്പഷ്ടമായ ഭിന്നതയുണ്ടെന്നാണു മി. പി. കെ. സ്ഥാപിക്കുന്നതു്. ലേഖകൻ അതെങ്ങനെയോ തെററിദ്ധരിച്ചിരിക്കുന്നു. കരുണ സ്വതന്ത്രകൃതിയല്ലെന്നു ധ്വനിപ്പിച്ചിട്ടില്ലെന്നു മാത്രമല്ല, കുചേലവൃത്തത്തിൽനിന്നു വിഭിന്നമാണെന്നു വ്യക്തമാക്കിയിട്ടുമുണ്ടു്.— Ed.

പ്രതിപാദ്യവിഷയത്തിലേയ്ക്കു പ്രവേശിക്കുന്നതിനു മുൻപു രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. "കുമാരനാശാന്റെ കൃതികൾ വളരെ സുകുമാരങ്ങളാണെന്നും അവയെപ്പററി ഉച്ചൈസ്തരം സ്തുതിക്കാനല്ലാതെ മററാർക്കുമധികാരമില്ലെന്നും സ്വവർഗ്ഗീയരായ ചില സാഹിത്യചുംബകന്മാർ കലശൽ കൂട്ടിക്കണ്ടിട്ടുണ്ടു്. സമുദായഭിത്തികെട്ടിപ്പൊക്കാതെ സാഹിത്യത്തിനുണ്ടെന്നു പറയുന്ന സൗഷ്ഠവം സ്ഥാപിക്കുവാൻ സാദ്ധ്യമല്ലെങ്കിൽ, അതു് ഒരുമാതിരി തൊട്ടാവാടിസ്സാഹിത്യമായിരിക്കണം." എന്നു മി. പിള്ള ഉപന്യാസത്തിൽ ഒരിടത്തു പറഞ്ഞുകാണുന്നു. ഇതിൽ സൂചിപ്പിച്ചിട്ടുള്ള "സമുദായഭിത്തി"യുടെ കാര്യത്തിൽ അല്പം വാസ്തവമില്ലാതില്ല. സ്ഥാനത്തും അസ്ഥാനത്തും സമുദായവാദവുംകൊണ്ടു് അരങ്ങത്തിറങ്ങുന്ന ഒരു സമ്പ്രദായം രാഷ്ട്രീയലോകത്തിൽനിന്നു് ഈയിടയിൽ സാഹിത്യലോകത്തിലേക്കും കാൽവെച്ചുതുടങ്ങിയിട്ടുണ്ടു്. ഉണ്ടു് *എങ്കിലും എന്ന പദങ്ങളെ "ഉണ്ടുവെങ്കിലും" എന്നു സന്ധിചേർക്കുകയും വ്രതികളുടെ തതി എന്നർത്ഥത്തിൽ "വ്രതീതതി" എന്നു സമാസിക്കുകയും മററും ചെയ്തിട്ടുള്ള ഒരു പുസ്തകത്തിന്റെ അവതാരികയിൽ 'പ്രസ്തുതകവി അനുകൂലമായ പരിതഃസ്ഥിതികളോടുകൂടിയ ഒരുസമുദായത്തിലാണു ജനിച്ചിരുന്നതെങ്കിൽ, അഥവാ ഉയർന്നസമുദായക്കാരാണെന്നഭിമാനിക്കുന്നകൂട്ടർ ഇദ്ദേഹത്തിന്റെ യോഗ്യതകളെ വേണ്ടപോലെ അറിഞ്ഞു ബഹുമാനിച്ചിരുന്നുവെങ്കിൽ, ഇദ്ദേഹം നിശ്ചയമായും ഒരുമഹാകവിയായിത്തീരുമായിരുന്നു' എന്നോ മറേറാ യാതൊരു സങ്കോചവും കൂടാതെ തുറന്നുപറഞ്ഞു് അവതാരികാകർത്താവു തന്റെ സമുദായസ്നേഹത്തെ പ്രത്യക്ഷപ്പെടുത്തിയതായി കണ്ടിട്ടുണ്ടു്. ഇതുപോലെ വേറേയും ഉദാഹരണങ്ങൾ പറയാനുണ്ടായിരിക്കും. എന്നാൽ കുമാരനാശാന്റെ കവിതാസൗഷ്ഠവത്തെ സ്ഥാപിക്കുവാൻ അത്തരത്തിലൊരു സാമുദായികവാദത്തിന്റെ സഹായം ആവശ്യമുണ്ടെന്നു തോന്നുന്നില്ല. സഹൃദയലോകം അങ്ങനെ ഒരഭിപ്രായം ഇതേവരെ പുറപ്പെടുവിച്ചുകേട്ടിട്ടുമില്ല. പിന്നെ, അടിസ്ഥാനരഹിതങ്ങളായ ആക്ഷേപങ്ങളെ ആരെങ്കിലും എതിർത്താൽ അതു "സാമുദായികഭിത്തികെട്ടിപ്പൊക്കലാ"ണെന്നു പറയുന്നതു ശരിയായിരിക്കയുമില്ല.

അതിരിക്കട്ടെ; "കരുണയുടെ നിർമ്മാതാവിന്റെ ഉള്ളിൽ കിടന്നിരുന്ന കുചേലവൃത്താ സഞ്ചിയിൽ സംഭൃതമായ പൂച്ചയെപ്പോലെ ചിലപ്പോൾ തലവെളിയിൽ കാട്ടുന്നു"വെന്നു സമർത്ഥിക്കുവാനാണല്ലോ ഉപന്യാസകർത്താവു് ഉത്സാഹിക്കുന്നതു്. ഇതിനു് അദ്ദേഹം രണ്ടുദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുകയുംചെയ്യുന്നു. "ചെന്താമരക്കണ്ണനുണ്ടോ കരഞ്ഞിട്ടുള്ളു?" എന്നു കുചേലവൃത്തത്തിൽ കാണുന്നതിനു പകരം "ഉൽക്കടശോകതിക്തമല്ലോർക്കിലന്നയനാംബു — ദുഃഖസത്യജ്ഞാനധീരൻ കരകയില്ല." എന്നു കരുണയിൽ പ്രയോഗിച്ചിട്ടുള്ളതാണത്രേ ഒന്നാമത്തെ ഉദാഹരണം. "ഇവിടെ ഒരേ ആശയം അന്യഥാ പ്രതിപാദിത

* "ഒരിടത്തെങ്കിലും" എന്നാണു മി. പി. കെ. എഴുതിയിരുന്നതു്. ഉദ്ധാരണത്തിൽ അന്യഥാത്വം വരുത്തിയതെന്തിനോ? —Ed.

മായിഎന്നല്ലാതെ പറയുവാനില്ല.'' എന്നാണു മി: പിള്ളയുടെ അഭിപ്രായം. ''കരയുക'' എന്ന ക്രിയാപദം രണ്ടുപ്രയോഗങ്ങളിലും കടന്നുകൂടി എന്നല്ലാതെ ഒന്നു മറെറാന്നിൻെറ അനുകരണമാണെന്നു പറയത്തക്ക സാദൃശ്യമൊന്നും ഇവിടെയുണ്ടെന്നു തോന്നുന്നില്ല. * പ്രതിയിൽ ആശയാപഹരണക്കുററം ചുമത്തുന്നതിനു വേണ്ടയാതൊരു തെളിവും ഇവിടെക്കാണുന്നുമില്ല. ''ധീരന്മാർ കരയുകയില്ലെ'' ന്നുള്ള ആശയം ഭൂമി ഉരുണ്ടതാണെന്നു പറയുന്നതുപോലെ അത്ര സാർവ്വത്രികമായിരിക്കേ, അതു് ഒരു കവി മറെറാരുകവിയിൽനിന്നു് അപഹരിച്ചതാണെന്നു പറയുന്നതു സമീചീനമായിരിക്കുമോ? ഇതു് ഒരപഹരണമാണെന്നു പറയുകയാണെങ്കിൽ

(ഫ) ''വിലാസവാപീതടവീചിവാദനാൽ
പികാളിഗീതേഃ ശ്രുതിലാസ്യലാഘവാൽ
വനേപി തൌര്യ്യത്രികമാരരാധ തം
കഃ ഭോഗമാപ്നോതി ന ഭാഗ്യഭാഗ് ജനഃ?''

(വ) ''സ്ഫുടമളിരുത വാദ്യം, പെൺകുയിൽപ്പാട്ടു, മൈലിൻ-
നടനമിതുകളാലാരാജപുത്രൻ സമിത്രൻ
അടവിയിലുമഭംഗം നേടി തൌര്യ്യത്രികത്തെ-
ത്തടവു സുഖനിലയ്ക്കങ്ങത്തരക്കാക്കപാറം?''

(ഫ) ''ചോളംപോലേ ചിതറിവിതറീതാരകാണാം നികായം''

(വ) ''....................അംബരവീഥിയിൽ
ചോളത്തിൻ തൂമലർ വാരിച്ചിന്നീ''

(ഫ) ''ഉചിതരസവിചാരേ ചാരുവാഗ്ദേവതാശ്രീ-
കരകിസലയസംമൃഷ്ടശ്രമസ്വേദജാലം''

(വ) ''..........................അദ്ധ്വന്യക്ക്
വിസ്തീർണ്ണത്തിരുനെററി വിയത്താലപ്പോഴെല്ലാം
———വീശിപ്പോന്നവാഗധീശ്വരി''

ഇത്യാദി പ്രയോഗങ്ങളെ ഏതിനത്തിലാണു കൂട്ടേണ്ടതു്? ചുരുക്കിപ്പറഞ്ഞാൽ, കരുണ കുചേലവൃത്തത്തെ അനുകരിച്ചുണ്ടായതാണെന്നു സമർത്ഥിക്കുന്നതിനു് ഉപന്യാസകർത്താവു ഹാജരാക്കിയ ഒന്നാമത്തെത്തെളിവു് അത്യന്തം ദുർബലവും ഉദ്ദിഷ്ടസാദ്ധ്യത്തിനു് അപര്യാപ്തവുമായിരിക്കുന്നു.

പ്രതിപാദനരീതിയിലും ആശാൻ വാരിയരെ അനുകരിച്ചിരിക്കുന്നുവെന്നാണു മി: പിള്ള രണ്ടാമതായി പറയുന്നതു്. അദ്ദേഹം രേഖപ്പെടുത്തുന്നു:

''സാഹിത്യകലയിൽ പലസമ്പ്രദായങ്ങളുണ്ടെന്നു പറയേണ്ടതില്ലല്ലോ........... ചിലരുടെ ലക്ഷ്യം പ്രതിപാദ്യവിഷയത്തെ യഥാതഥമായി, പ്രകൃതികമായി (പ്രകൃതി എങ്ങനെയോ അതുപോലെ)

* അത്രയേ ഉള്ളോ? ധീരനുപോലും ബാഷ്പോദ്ഗമം ഉണ്ടായി എന്ന സാത്വികഭാവവർണ്ണനമാണു് ഇവിടെ—രസത്തിൻെറ ലിംഗം. അതു കരച്ചിലല്ലെന്നു സമാധാനം. ഇത്രയും രസവത്തായ ഭാഗത്തു ഭൂഗോളമുരുണ്ടതാണെന്നു പറയുന്നതുപോലെ ഒരു പ്രസ്താവനയേ ഉള്ളൂ എന്നു വിചാരിക്കുന്ന ലേഖകനു കുചേലവൃത്തത്തിൽനിന്നു കരുണയിലേക്കുള്ള ആശയസംക്രമം കാണ്മാൻ കഴിയാത്തതു അത്ഭുതമല്ല, പ്രസ്തുത ബാഷ്പോദയവർണ്ണനം രണ്ടുകൃതികളുടെയും മകുടസ്ഥാനത്താണെന്നും പറയേണ്ടിയിരിക്കുന്നു.—Ed.

വർണ്ണിക്കണമെന്നാണ് ..........വാരിയർ പലടത്തും യാഥാതഥ്യത്തെ ആദരിച്ചു കാണുന്നുണ്ട്. കുചേലവൃത്തത്തിലെ ഈ യഥാതഥരീതി ആശാനെ വളരെ ആകർഷിച്ചുകാണുന്നു.'' ലേഖകൻ പറയുന്ന ഈ യഥാർത്ഥവർണ്ണന നമ്മുടെ ആലങ്കാരികന്മാരുടെ "സ്വഭാവോക്തി" തന്നെയല്ലേ? *അഥവാ, അതിൽ നിന്ന് ഈഷദ്ഭിന്നമാണെങ്കിൽ തന്നെയും അതിന്റെ ഉപജ്ഞാതാവു രാമപുരത്തു വാരിയരാണോ?§ ഈ രീതി എഴുത്തച്ഛൻ മുതലായ പൂർവ്വകവികൾക്കു അപരിചിതമാണെന്നാണോ ലേഖകന്റെ അഭിപ്രായം? അതു പൂർവ്വകവികളും സ്വീകരിച്ചിട്ടുള്ളതാണെങ്കിൽ, ആശാൻ അക്കാര്യത്തിൽ രാമപുരത്തുവാരിയരെ അനുകരിച്ചിരിക്കയാണെന്നു പറയാമോ? തീരെ ബലഹീനമായ ഈ തെളിവിനെ അടിസ്ഥാനപ്പെടുത്തി ആശാനിൽ കുചേലവൃത്താനുകരണാപരാധം ആരോപിക്കുന്നതു ന്യായമായിരിക്കുമോ?†

ഉപന്യാസകർത്താവിന്റെ കുററപത്രം ഇവിടേയും അവസാനിക്കാതെ പിന്നെയും മുന്നോട്ടുപോകുന്നു. ആശാൻ പ്രസ്തുത പ്രതിപാദനരീതിയിൽ വാരിയരെ അന്ധമായി അനുകരിക്കയാണു ചെയ്തിട്ടുള്ളതെന്നും തന്നിമിത്തം കരുണയിലെ യാഥാതഥ്യ വ്യവസായം വൈയർത്ഥ്യത്തിനും വൈരസ്യത്തിനും കൂടി കാരണമായിത്തീർന്നിട്ടുണ്ടെന്നും അദ്ദേഹം പ്രസ്താവിക്കുന്നു. "കാലത്തെഴുന്നേററു കുളിച്ചൂത്തു വന്ന പതിയുടെ...'' എന്നു തുടങ്ങുന്ന വാരിയരുടെ യഥാതഥവർണ്ണന, പദംപ്രതി അർത്ഥവത്താണെന്നും, എന്നാൽ കരുണയിൽ കാണുന്ന "ആനതാഗ്രമായ കൊമ്പിൽ പൂവണിഞ്ഞും ....." എന്നിത്യാദിയായയാഥാതഥ്യവ്യവസായമാകട്ടെ, നിരർത്ഥകവും, വ്യർത്ഥസ്ഥൂലവുമാണെന്നും ഉദാഹരണരൂപത്തിൽ അദ്ദേഹം ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. വണിഗ്വരന്റെ പ്രതാപവർണ്ണനം അയാളുടെ കാളവണ്ടിയിലും വണ്ടിക്കാളകളിലും കൂടി വ്യാപിച്ചു കാണുന്നതു് അനാവശ്യമായിപ്പോയില്ലേ എന്നാണു ലേഖകൻ ചോദിക്കുന്നതു്. അതു് എങ്ങനെ അനാവശ്യമാകും? വാസവദത്ത ഒരു വേശ്യ—പോരാ; 'അനുരക്തരായ ധനപതികൾ കാലിൽ കനകാഭിഷേകം ചെയ്തു തൊഴുതാൽ പോലും കനിഞ്ഞൊന്നു കടാക്ഷിക്കാൻ മടിക്കുന്ന ഒരു മഞ്ജുളാംഗി'. അങ്ങനെയുള്ള ഒരു വേശ്യയെ വശ്യയാക്കുവാനാണു വണിഗ്വരന്റെ പുറപ്പാടു്. ആ സ്ഥിതിക്കു്,

* അല്ല. ഇംഗ്ലീഷിൽ realism എന്നു പറയുന്നതാണു യഥാതഥവർണ്ണനം എന്നു പറയപ്പെട്ടതു്. —Ed.

§ എന്നാരുപറഞ്ഞു?—Ed.

† വർണ്ണനയിൽ യഥാതഥത്വം പല കവികളും അംഗീകരിച്ചിട്ടുണ്ടു്. ആ കൂട്ടത്തിൽ വാര്യരുമുണ്ടു്—വാര്യരുടെ കൃതി ഹൃദിസ്ഥമായിരുന്ന ആശാനും അതു സ്വീകരിച്ചു. ഇങ്ങനെയാണു മി. പീ. കെ. യുടെ വാദം. വാര്യരുടെ കൃതി ആശാൻ കണ്ടിട്ടേ ഇല്ല എന്നു ലേഖകനു വാദമുണ്ടോ? ഇല്ലെങ്കിൽ എഴുത്തച്ഛൻ മുതലായവരെ തപ്പിനടക്കുന്നതെന്തിന്? പ്രസ്തുത പ്രസ്ഥാനം അനുകരിച്ചതു് അപരാധമെന്നോ അപകർഷമെന്നോ വല്ലവരും പറഞ്ഞോ? കാററമില്ലിനോടു മല്ലവെട്ടിയ ഡാൺ ക്വിൿസോട്ടിന്റെ കഥ ലേഖകന്റെ വാദം അനുസ്മരിപ്പിക്കുന്നു.—Ed.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA-VEEDU
MALAYINKIL

അയാളുടെ പ്രതാപത്തേയും പ്രഭാവത്തേയും ഔചിത്യം വിടാതെകഴിയുന്നിടത്തോളം കടത്തി വർണ്ണിക്കേണ്ടതു മർമ്മജ്ഞനായ ഒരുകവിയുടെ ധർമ്മമാണ്." പ്രതാപം വർണ്ണിക്കേണ്ടതു് അത്യാവശ്യം തന്നെ; പക്ഷെ ആ പ്രതാപം കാളവണ്ടിയിലും വണ്ടിക്കാളകളിലും കൂടി പ്രദർശിപ്പിക്കണമോ?' എന്നാണു ചോദിക്കുന്നതെങ്കിൽ, അവയും പ്രതാപപ്രകാശകങ്ങളായ സാമഗ്രികളാകയാൽ, അങ്ങനെചെയ്യുന്നതിൽ വളരെ ഔചിത്യമുണ്ടെന്നായിരിക്കും ഒരു സഹൃദയന്റെ മറുപടി. രസങ്ങളേയോ ഭാവങ്ങളേയോ വികാരങ്ങളേയോ വർണ്ണിക്കുമ്പോൾ അവയുടെ പ്രസ്ഫുടീകരണത്തിനുവേണ്ടി ആലംബനോദ്ദീപനവിഭാവാനുഭാവാദികളെ യഥോചിതം ചിത്രീകരിക്കുന്നപതിവു് അലങ്കാരശാസ്ത്രവിഹിതവും കവിസാധാരണവുമാണല്ലോ.*

സുകുമാരകലകൾക്കെല്ലാം സാമാന്യമായ ഒരു ധർമ്മമുണ്ടു്. "അരങ്ങൊരുക്കുക" എന്നും മററും പറയുന്നതു പോലെയുള്ള ഒരു ഒരുക്കം. ഒരു സുന്ദരിയുടെ ഛായ വരയ്ക്കാൻപുറപ്പെടുന്ന ചിത്രകാരൻ സുന്ദരിയെമാത്രമല്ല ചിത്രീകരിക്കുന്നതു്. പശ്ചാത്തലം (Back ground) ശരിപ്പെടുത്തുന്നതിലും അയാൾ നല്ലപോലെശ്രദ്ധിക്കുന്നു. ചിത്രത്തിന്റെ തന്മയത്വത്തിനു അങ്ങനെചെയ്യേണ്ടതു് അത്യാവശ്യമാണെന്നു് അയാൾക്കറിയാം. ഒരു നല്ലഫോട്ടൊഗ്രാഫർ ഫോട്ടോ എടുക്കുമ്പോൾ സമുചിതമായ സംവിധാനത്തോടുകൂടിയ സ്ഥലത്താണു് ആളുകളെ നിറുത്തുകയോ ഇരുത്തുകയോ ചെയ്യുന്നതു്. സംഗീതവിദഗ്ദ്ധനായ ഭാഗവതർ അല്പമായിട്ടെങ്കിലും രാഗം ആലാപിക്കാതെ പാട്ടു പാടുകയില്ല. അതുപോലെ, ഒരു യഥാർത്ഥകവിയും വർണ്ണ്യവസ്തുവിന്റെ ചിത്രീകരണത്തിനു് ഒരുങ്ങുന്നതിനുമുൻപു പരിതഃസ്ഥിതികളെ അനുകൂലമായവിധം സജ്ജീകരിക്കുന്നു. ഇക്കാര്യത്തിൽ കുമാരനാശാൻ ഒരപരാധിയാണെങ്കിൽ തുഞ്ചത്തെഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർതുടങ്ങിയ കവികുലഗുരുക്കന്മാരും ഈ അപരാധത്തിനു ശിക്ഷിക്കപ്പെടേണ്ടവരത്രേ.$

"അധമവൃത്തിയായ രൂപാജീവയുടെ വേഷത്തിനു് ഒരു ഹിന്ദു യുവതി കൊള്ളാമെന്നാണു് ആശാനു തോന്നിയതു്....... വാസവദത്ത ഇസ്ലാം മതസ്ഥയെന്നു സൂചിപ്പിച്ചിരുന്നുവെങ്കിൽ ഉണ്ടാകുമായിരുന്ന അസ്വാസ്ഥത എത്രമാത്രമായിരിക്കുമായിരുന്നു!" എന്ന അത്ഭുതപൂർവ്വമായ ഒരു ചോദ്യത്തോടുകൂടിയാണു മി: പിള്ള തന്റെ ഉപന്യാസം ഉപസംഹരിച്ചിരിക്കുന്നതു്. വായനക്കാരെ വല്ലാതെ അത്ഭുതപ്പെടുത്തുന്ന ഒരു ചോദ്യമാണിതു്.

* "ആലംബനോദ്ദീപനവിഭാവാനുഭാവാദികൾ" എന്ന വാഗ്ഗുല്മത്തിനു ഒരു പ്രസക്തിയും കാണുന്നില്ല. കിതക്കുന്ന വണ്ടിക്കാള അനുഭാവമോ ആലംബനവിഭാവമോ ആകയില്ല. ഉദ്ദീപനവിഭാവമാകുമോ? ചെട്ടിയാരുടെ ശൃംഗാരപ്പകിട്ടിനു കാള ഉപകരിച്ചാൽ അതു സാക്ഷാൽ മൂരിശ്ശൃംഗാരംതന്നെ. പക്ഷേ മൂരിശ്ശൃംഗാരം ദൂരീകരിച്ചതാണല്ലോ ആശാനുണ്ടെന്നു പറയുന്ന പ്രധാനഗുണം.—Ed.

$ പൂർവ്വപീഠികയായോ പൃഷ്ഠപീഠികയായോ കലാപ്രവർത്തകന്മാർ സർവ്വസാധാരണമായിട്ടല്ലെങ്കിലും ചിലപ്പോൾ അനുബന്ധങ്ങൾ ചേർക്കാറുണ്ടു്. പക്ഷേ അവ പ്രയോജനനിരപേക്ഷമായിരിക്കയില്ല. പ്രകൃതത്തിൽ കാളയുടെ വർണ്ണനയുടെ പ്രയോജനം ലേഖകൻ വിശദീകരിക്കാതെ സാമാന്യതത്വവിസ്താരധൂമികയിൽ കിടന്നു പയററുന്നതുകൊണ്ടു എന്തു സാദ്ധ്യം?—Ed.

വാസവദത്ത കുമാരനാശാൻെറ സങ്കല്പസൃഷ്ടിയായിരുന്നുവെങ്കിൽ, ഒരുപക്ഷേ, ലേഖകൻെറ ഈ അത്ഭുതം സ്ഥാനസ്ഥിതമാണെന്നു സമ്മതിക്കാമായിരുന്നു. കരുണയിലെ ഇതിവൃത്തം ബുദ്ധമതസംബന്ധിയായ ഒരു ഇതിഹാസത്തിൽ നിന്നെടുക്കുന്നതാണെന്നുള്ളതു സ്പഷ്ടം!* ആ സ്ഥിതിക്കു വാസവദത്തയുടെ വേശ്യാവൃത്തിയിൽ കുമാരനാശാൻ ഉത്തരവാദിയായിത്തീരുന്നതെങ്ങനേയാണെന്നു മനസ്സിലാകുന്നില്ല. വേശ്യകൾ ഹിന്ദുമതത്തിൽ മാത്രമല്ല, ബുദ്ധമതത്തിലും യഹൂദമതത്തിലും ക്രിസ്തുമതത്തിലും ഇസ്ലാംമതത്തിലും ഉണ്ടായിട്ടുണ്ട്. മഗ്ദലനമറിയത്തിൻെറ കഥ സുപ്രസിദ്ധമല്ലേ? അതു ക്രിസ്ത്യാനികളുടെ വേദപുസ്തകത്തിൽതന്നെ രേഖപ്പെടുത്തിയിട്ടില്ലേ; ആ കഥ വള്ളത്തോൾ കവിതാവിഷയമാക്കിയതു ക്രിസ്ത്യാനികളെ ആക്ഷേപിക്കാനാണെന്നു് ആരും അഭിപ്രായപ്പെട്ടു കേട്ടിട്ടില്ല. ഒരു ഹൈന്ദവപുരാണകഥാപാത്രമായ "പിംഗള"യെന്ന രൂപാജീവയെ ഉള്ളൂർ കവിതയിൽ ചിത്രീകരിച്ചതു ഹിന്ദുമതത്തിൻെറ നേരെ ചെയ്ത ഒരപരാധമായി ഒരാളും പറഞ്ഞുകേട്ടിട്ടില്ല. പിന്നെ, കുമാരനാശാൻ മാത്രം ആ കാൎയ്യത്തിൽ ഇത്ര വലിയ ഒരപരാധിയായിത്തീൎന്നതെങ്ങനേ? $

ഗ്രന്ഥനിരൂപകന്മാർ അഭിഭാഷകന്മാരുടെ നിലയേയല്ല, പ്രാഡ്വിവാകന്മാരുടെ നിലയേയാണു് അംഗീകരിക്കേണ്ടതു്. അവർ രണ്ടുഭാഗത്തെ വാദമുഖങ്ങളേയും സമബുദ്ധിയോടുകൂടി പരിശോധിക്കണം. ആദ്യംമുതൽ അവസാനംവരെ അവർ സമദൎശികളായിവേണം വൎത്തിക്കാൻ. അഭിഭാഷകന്മാർ തങ്ങളുടെ കക്ഷികളെ തൃപ്തിപ്പെടുത്തുന്നതിനു വേണ്ടി സ്വപക്ഷസ്ഥാപനത്തിന്നു് അനുകൂലമായ സംഗതികളെ മാത്രം പ്രതിപാദിക്കുകയും എതിർഭാഗക്കാരുടെ വാദമുഖങ്ങളെ ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്നതു് സാധാരണമാണു്. ‡ സാഹിത്യനിരൂപണങ്ങളിൽ ഈ സമ്പ്രദായം അത്ര ആശാസ്യമോ അനുകരണീയമോ ആണെന്നു തോന്നുന്നില്ല.¶ നിരൂപകന്മാർ എപ്പോഴും സത്യാന്വേഷണതൽപരന്മാരായിരിക്കണം. അല്ലെങ്കിൽ, സഞ്ചിയിൽ സംഭൃതമായ പൂച്ച, ഇടയ്ക്കിടയ്ക്കു്, തല വെളിയിൽ കാണിച്ചു എന്നു വന്നേയ്ക്കും.

---

* ബുദ്ധമതകഥയിൽ വാസവദത്ത ഹിന്ദുയുവതിയാണെന്നു പറഞ്ഞിട്ടുണ്ടോ?—Ed.

$ മഗ്ദലനമറിയത്തിലും പിംഗളയിലും അസമാനസമുദായസംസൃഷ്ടിയും സമുദായതാരതമ്യകല്പനയുമുണ്ടോ?—Ed.

‡ അഭിഭാഷകന്മാർ കക്ഷികളെ തൃപ്തിപ്പെടുത്താൻ വാദരീതിയിൽ സങ്കുചിതത്വം അനുഷ്ഠിക്കുക സാധാരണമാണെന്നു പറഞ്ഞിരിക്കുന്നതു അഭിഭാഷകവൃത്തിക്കു് ആക്ഷേപകരവും പ്രത്യാഖ്യേയവുമാണു്.—Ed.

¶ സ്വമതസ്ഥാപനത്തിനു വിമൎശകനും അഭിഭാഷകനെപ്പോലെ വാദിക്കാതെ കഴിയുമോ?—Ed.

# വാസുദേവയമകകവി.

വിദ്യാഭൂഷണൻ വി. വെങ്കടരാമശൎമ്മ.

(ക)

ഏതാനും ശതഹായനങ്ങൾക്കു മുമ്പ് ഗൈൎവ്വാണീസാഹിതീഗഗനവലയത്തിൽ ഉജ്ജ്വലൎക്ഷങ്ങളായി വിളങ്ങിക്കൊണ്ടിരുന്ന മലയാളികളായ അനേകം മാന്യന്മാർ ഇപ്പോൾ അന്യനാട്ടുകാരായി നാം കരുതുന്നതിന്നു പാത്രമായിത്തീൎന്നിട്ടുണ്ട്. ഇങ്ങിനെ അവർ തീരാനുള്ളതിന്നു പ്രധാനനിദാനം, അവരുടെ അകാലുഷ്യവൈദുഷ്യവും പ്രബന്ധങ്ങളുടെ പ്രകൃഷ്ടതയും മാത്രമാകുന്നു. വളരെക്കാലമായി കേരളീയർ വിജ്ഞാനാഭിവൃദ്ധിയിൽ വളരെ ഉയൎന്ന നിലയിൽ എത്തീട്ടുള്ളവരാണെങ്കിലും മമതാഭിമാനമില്ലാത്തതുകൊണ്ടും ശാന്തശീലവും സങ്കോചശീലവും നിസൎഗ്ഗസിദ്ധമായതുകൊണ്ടും അവർ കാശിയിലും നവദ്വീപത്തിലും ഉണ്ടായിരുന്ന വിദ്വാന്മാരെപ്പോലെ സ്വപ്രശസ്തിയെ കൊട്ടിഘോഷിക്കുക പതിവില്ലായിരുന്നു. ആയതുകൊണ്ട് ഗ്രന്ഥങ്ങളുടെ ഔൽകൃഷ്ട്യത്തെ മാത്രം ലാക്കാക്കി കേരളീയരായ പ്രബന്ധരചയിതാക്കളെ വിദേശീയരായി കണക്കുകൂട്ടുക ജനങ്ങളുടെ പതിവായിത്തീൎന്നു. ഉദാഹരണമായി—ദിവ്യനടേശന്റെ സാന്നിധ്യമുള്ള പൂതതമങ്ങളായ ചിത്സഭ, ചിദഭ്രസഭ, കനകസഭ, ദിവ്യസഭ ഇത്യാദി സഭകളിൽ കൂടുതൽ പ്രതിപത്തികൊണ്ടായിരിക്കണം കാലടിയിൽ ശ്രേഷ്ഠമായ വിദ്വദ്വംശത്തിൽ അവതരിച്ച ആദിശങ്കരാചാര്യസ്വാമികളെ ചിദംബരത്തു ജനിച്ച ഒരു ദിവ്യനായി [1]വൎണ്ണിക്കുന്നതിന്നു ആനന്ദഗിരിയ്ക്കു ഒട്ടും കൂസലുണ്ടാകാത്തതു്. പയ്യൂർപട്ടേരിവംശത്തിൽ ജനിച്ച് അപാരശാസ്ത്രപണ്ഡിതനായിത്തീൎന്ന് വിധിവിവേകം വിഭ്രമവിവേകം ഭാവനാവിവേകം സ്ഫോടസിദ്ധി തുടങ്ങിയുള്ള ഗ്രന്ഥരത്നങ്ങൾ രചിച്ച് അക്കാലത്തിലുണ്ടായിരുന്ന എല്ലാപണ്ഡിതന്മാരെയും വാദജല്പവിതണ്ഡകളിൽ തോല്പിച്ച് കൎമ്മവാദത്തിന്നു പ്രാധാന്യം കല്പിച്ച് ആദിശങ്കരാചാര്യസ്വാമികളുടെ സമകാലികനായി 'ന ഭൂതോ ന ഭവിഷ്യതി' എന്നമട്ടിൽ ജീവിതം നടത്തിയിരുന്ന ആചാര്യമണ്ഡനമിശ്രൻ വിദേശ്യനായി ഗണിക്കപ്പെട്ടിരിക്കുന്നു. മീമാംസാദൎശനത്തിൽ അദ്വിതീയവൈദുഷ്യംകൊണ്ടു ശോഭിച്ചവരും സാമൂതിരിസഭയിൽ ശാസ്ത്രവാദത്തിൽ ജയിക്കുന്നവൎക്കു "ഭാട്ടം", "പ്രാഭാകരം" എന്ന രണ്ടു പണക്കിഴിയുടെ സമ്പാദ്യത്തിന്നു വകയുണ്ടാക്കിയവരും ശബരസ്വാമിഭാഷ്യത്തിന്നു ഭൂഷ്യമായി വിപുലവും വിശിഷ്ടവുമായ രണ്ടു വിവരണങ്ങൾ വിഭിന്നപ്രസ്ഥാനത്തിൽ എഴുതി വിശേഷപ്രസിദ്ധിനേടിയവരും ആയ കുമാരിലഭട്ടനും പ്രഭാകരഗുരുവും കേരളീയാന്യരായി കരുതപ്പെട്ടിരിക്കുന്നു. ഇവരിൽ പ്രഭാകരമിശ്രനെ ഔത്തരാഹനായും ബുദ്ധമതവിധ്വംസകനായ കുമാരിലഭട്ടനെ ആൎയ്യാവ

1. ശങ്കരവിജയം ആനന്ദഗിരികൃതം.

ത്തീയനായും വിദ്വാന്മാർ സങ്കല്പിച്ചിരിക്കുന്നു. പുരുഷകാരത്തോടുകൂടിയ ദൈവം അഭിനവകൗസ്തുഭമാല ദക്ഷിണാമൂൎത്തിസ്തവം കൎണ്ണാമൃതം ഗോവിന്ദാഭിഷേകം തുടങ്ങിയുള്ള ഗ്രന്ഥതല്ലജങ്ങളുടെ കൎത്താവും ഭോജപ്രാക്കാലികനായ ഈശാനശിവഗുരുദേവന്റെ ശിഷ്യനും വില്വമങ്ഗലത്തുസ്വാമിയാരായി തൃശ്ശൂരധിവസിച്ചിരുന്നയാളും ആയ കൃഷ്ണലീലാശുകമുനിയെ വങ്ഗീയനായി പലരും നിരൂപണം ചെയ്തുകാണുന്നുണ്ടു്. ഇങ്ങിനെ ഉദാഹരണങ്ങൾ പലതും ഉള്ളതുകൊണ്ടു് "പ്രകൃതമനുസരാമഃ പായസം ഭക്ഷയാമഃ".

(ഖ)

സംസ്കൃതസാഹിത്യത്തിൽ യമകപ്രബന്ധങ്ങൾ എന്ന നിലയിൽ സുപരിചിതങ്ങളായിത്തീൎന്നിട്ടുള്ളവ (1) നളോദയം (2) യുധിഷ്ഠിരവിജയം (3) കീചകവധം[2] എന്നിങ്ങനെ മൂന്നുവിശിഷ്ടകാവ്യങ്ങൾ മാത്രമാകുന്നു. ഇവയിൽ ആദ്യത്തെ രണ്ടെണ്ണം വളരെക്കാലമായി സംസ്കൃതോപജീവികൾക്കു ആസ്വാദവിഷയമായിത്തീൎന്നിട്ടുണ്ടു്. നീതിവൎമ്മൻ എന്ന ഭൂപനാൽ രചിക്കപ്പെട്ട 'കീചകവധം' എന്ന പ്രാചീനകാവ്യം ഈയ്യിടെമാത്രം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളതാകുന്നു. നളോദയവും യുധിഷ്ഠിരവിജയവും കേരളീയരുടെ സ്വത്താണെങ്കിലും അവയ്ക്കു മുൻപ്രസ്താവിച്ച മാതിരി 'അവകാശക്കൈയ്യേറ്റം' സിദ്ധിച്ചുപോയിട്ടുണ്ടു്. അതായതു നളോദയത്തിന്റെ കൎത്തൃത്വം 'കാളിദാസത്രയ'ത്തിൽ അന്യതമനായ ഒരു 'പരിമളകാളിദാസ'ന്റെ തലയിൽ കേററിവെച്ചു് അങ്ങിനെതന്നെ എല്ലാവരും വിശ്വസിച്ചുവരുന്നുണ്ടു്. അതുപോലെ യുധിഷ്ഠിരവിജയവും കാശ്മീരീയനായ ഒരു കവിയുടെ കൃതിയാണെന്നാകുന്നു പലരുടെയും വിചാരം. ഇപ്രകാരമുള്ള അധ്യാസവിചാരങ്ങൾക്കു വകയുണ്ടാക്കിവെച്ചതു ചില വ്യാഖ്യാതാക്കളും ഗ്രന്ഥപ്രസാധകന്മാരുമാണെന്നു പ്രസ്താവിക്കുന്നതു ഒട്ടും സാഹസമായിരിക്കയില്ല.

നളോദയത്തിനു [3]'സുബോധിനി' യെന്നു പ്രസിദ്ധയായ ഒരു ടീകയുണ്ടു്. അതു മൈഥിലനായ ഒരു പ്രജ്ഞാകരമിശ്രനാൽ പ്രണീതമാകുന്നു. മൈഥിലനായ

---

2. *Kichakavadha* edited by S. K. De. 1929.

3. *Nalodaya* edidit Latina interpretatione atque annotationibus criticis instruxit Ferdinandus Benary. Berolini. MDCCCXXX.

*Nalodaya* edited by Yates, with *Subodhini*.

*Nalodaya* edited in Grandha script at Kumbhakonam, with *Subhodhini*. Nalodaya edited by Pandit Jagannatha Sukla with *Subhodhini* സുബോധിനിയല്ലാതെ നളോദയത്തിനു കൃഷ്ണീയം നളോദയദീപിക, അന്വയദീപിക, നൃസിംഹാശ്രമകൃതാൎത്ഥപ്രദീപിക എന്നിങ്ങനെ പല വ്യാഖ്യാനങ്ങളും ഉണ്ടു്. ഇവയൊന്നും അച്ചടിച്ചിട്ടില്ല. കൂടാതെ 'നളോദയകാവ്യപദം' എന്നു യമകകൃതിയായ നളോദയത്തിന്റെ പദപാഠം മാത്രമടങ്ങിയ കയ്യെഴുത്തു പ്രതികൾ അനേകമുണ്ടു്. നളോദയം മൂലത്തിന്റെ ൰ കൈയ്യെഴുത്തു പ്രതികൾ ഉണ്ടു്. അതിൽ ഒന്നിൽമാത്രം (നമ്പർ ൩൱൰൯) "ഇതി ശ്രീകവിചക്രചൂഡാമണി ഭട്ടനാരായണസുത രവിദേവ വിരചിതേ

ഒരാളുടെ ടീക് ഉണ്ടാകണമെങ്കിൽ കാവ്യത്തിനു ദേശാന്തരങ്ങളിൽ എത്രത്തോളം പ്രചാരമുണ്ടായിരുന്നിരിക്കണം എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമല്ലത്രേ. മാത്രമല്ല, പഴയ ചില വ്യാഖ്യാനങ്ങൾ നളോദയത്തിനു ഉണ്ടായിരുന്നതായും അല്പവയസ്കനായ താൻ അവയെ പരിശീലിച്ച് സുബോധിനീടീക രചിക്കുന്നതായും പ്രജ്ഞാകരമിശ്രൻ പ്രസ്താവിക്കുന്നു.

"സ്വല്പേന വയസാ തേന
കൃതാ ടീകാ സുബോധിനീ.
പൂർവാചാര്യകൃതീർ വീക്ഷ്യ
സുധിയാം പശ്യതാം മുദേ."

കൂടാതേ, ടീകാരംഭത്തിൽ "തത്രഭവാൻ കാളിദാസഃ പ്രാരിപ്സിതഗ്രന്ഥസമാപ്തിപ്രതിബന്ധകവിഘ്നവിഘാതായ ശ്രീകൃഷ്ണസ്മരണരൂപമങ്ഗലം ആദൗ നിബധ്നാതി" എന്നും, ഓരോ ആശ്വാസത്തിന്റെയും ഒടുവിൽ എഴുത്തുകാരാൽ ചേർക്കപ്പെട്ടിരിക്കുന്ന "ഇതി ശ്രീകാളിദാസകൃതേ നളോദയേ സൽകാവ്യേ പ്രഥമോച്ഛ്വാസഃ" ഇത്യാദിവാക്യങ്ങളിൽ ഒടുവിലത്തേ ആശ്വാസാവസാനവാക്യമായിത്തീർന്നിരിക്കുന്ന ഇതുപോലെയുള്ള വാക്യത്തിന്റെ വ്യാഖ്യാനഭാഗത്തിൽ "ഇതീതി സമാപ്തൗ. കാളിദാസേതി കവിനാമകഥനം. സൽകാവ്യ ഇതി മഹാകാവ്യഭിന്നത്വസൂചനം. ഉച്ഛ്വാസഃ ശ്വാസസാധ്യഃ പരിച്ഛേദ ഇത്യർത്ഥഃ" എന്നും കാണുന്നതുകൊണ്ടു പ്രജ്ഞാകരമിശ്രൻ നിസ്സന്ദിഗ്ദ്ധമായി അഭിമാനിക്കത്തക്കവണ്ണം അക്കാലത്തു നളോദയം കാളിദാസന്റെ സൂക്തമാണെന്നു നാടെങ്ങും പ്രചരിച്ചിരുന്നുവെന്നുള്ളതിനു സംശയമില്ല. അടിസ്ഥാനമില്ലാതെ പ്രചരിച്ചിരുന്ന ഈ വ്യാജപ്രസ്താവനയെ വിമർശനംകൂടാതെ മിശ്രൻ തന്റെ ടീകയിൽ രേഖപ്പെടുത്തിയതു കുറേക്കൂടി ആപത്തായിത്തീർന്നു. ഇന്നും നളോദയത്തെ കാളിദാസകൃതിയായിത്തന്നെ പലരും വിശ്വസിച്ചുവരുന്നു. അതുപോലെ ബാംബേ നിർണ്ണയസാഗരപ്രസ്സിൽ നിന്നു പ്രസിദ്ധീകൃതവും വ്യാഖ്യാസനാഥവും ആയ യുധിഷ്ഠിരവിജയകാവ്യത്തിന്റെ ഉപോദ്ഘാതത്തിൽ ഗ്രന്ഥപ്രസാധകൻ കാവ്യകർത്താവിനെ കാശ്മീരീയനായി ഊഹിച്ചിരിക്കുന്നതു ഇപ്രകാരമാണ്—"കാവ്യമാലാദശമഗുച്ഛകമുദ്രിതവാസുദേവവിജയകാവ്യകർത്താ വാസുദേവകവിരസ്മാദ് വാസുദേവകവേരഭിന്നോ ഭിന്നോ വാ സ്യാൽ. കാശ്മീരമന്തരാസ്യ കാവ്യസ്യ വിരളപ്രചാരത്വേന കാശ്മീരികാവേവൈതൗ പാർത്ഥിവപണ്ഡിതൗ ഭവേതാം. അത ഏവാസ്യോപരി

---

നളോദയ നാമ്നി മഹാകാവ്യേ" എന്നു കാണുന്നു. തംജാവൂർ സരസ്വതി മഹാൽ ഗ്രന്ഥശാലയുടെ സംസ്കൃതകാടലാഗ് ൩–ാംവാല്യം നമ്പർ ൩൨൫൫ മുതൽ ൩൨൫൭ വരെ നോക്കുക. *Descriptive Catalogue of Sanskrit Mss.* By P. P. S. Sastry, യമകകാവ്യങ്ങളിലെല്ലാം സർഗ്ഗവിഭാഗം ആശ്വാസരൂപത്തിലാണ് പതിവു്. നളോദയത്തിന്റെ ചില പ്രസിദ്ധീകരണങ്ങളിലും കൈയ്യെഴുത്തു പ്രതികളിലും വ്യവസ്ഥയില്ലാതെ ഉല്ലാസമായും ഉച്ഛ്വാസമായും സർഗ്ഗമായും കാണുന്നു. കൂടാതെ മൂന്നിലധികം സർഗ്ഗങ്ങൾ ഉള്ള കാവ്യങ്ങളെ രണ്ടുഭാഗമായി പിരിച്ചിരിക്കുന്നു. നളോദയത്തിനു വിവരണം എന്നും ഒരു വ്യാഖ്യാനം ഉള്ളതായി അറിയുന്നു. *Descriptive Catalogue of Sanskrit Mss.* Government Oriental Ms. Library. Madras. R. No. 1852 (d).

കാശ്മീരികരാജാനകരത്നകണ്ഠകൃതൈവ വ്യാഖ്യാ സമുപലഭ്യതേ.'' പ്രസാധകന്റെ ഈ പ്രസ്താവനയിൽ നിന്നു യുധിഷ്ഠിരവിജയകാവ്യകർത്താവിനു കാശ്മീരീയത്വം ഊഹമാത്രവിഷയമാണെന്നു തെളിയുന്നുണ്ടല്ലോ. കേരളീയഗ്രന്ഥങ്ങൾക്കു കാശ്മീരത്തിലും കാശ്മീരികഗ്രന്ഥങ്ങൾക്കു കേരളീയരുടെ ഇടയിലും വളരെ പ്രചാരം വളരെക്കാലം മുതൽക്കു തന്നെ നിരന്തരമായി ഉണ്ടായിട്ടുള്ള സങ്ഗതി ഗ്രന്ഥഗവേഷണതല്പരന്മാൎക്ക് അനുഭവവേദ്യമായിത്തീൎന്നിട്ടുള്ളതുകൊണ്ടു് അങ്ങിനെ ഒരനുഭവമില്ലാത്ത പ്രസാധകൻ എന്തോ ഇങ്ങിനെ എഴുതിപ്പോയതാണ്. യുധിഷ്ഠിരവിജയത്തിനു "ശിഷ്യഹിത" എന്ന ഒരു ടീകയുണ്ടു്. ഇതു കാശ്മീരികനും രാജാനകശങ്കരകണ്ഠന്റെ പുത്രനും ആയ രാജാനകരത്നകണ്ഠനാൽ ഗങ്ഗാധരൻ എന്ന സുശിഷ്യനെ കാവ്യം പഠിപ്പിക്കാനായി മൗഗളസമ്രാട്ടായ അരങ്ഗസീബിന്റെ കാലത്തിൽ, അതായതു എ. ഡി. ൧൬൭൧-ൽ, എഴുതപ്പെട്ടതാകുന്നു. രത്നകണ്ഠനെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ ലവപുരീയപ്രാച്യവിശ്വവിദ്യാലയാദ്ധ്യക്ഷനായിരുന്ന Dr. M. A. Stein. Ph. d. അവർകളുടെ യശോധിരാജതരങ്ഗിണീഭൂമികയിൽ നോക്കിക്കൊള്ളണം. എന്നാൽ രത്നകണ്ഠൻ പ്രജ്ഞാകരമിശ്രനെപ്പോലെയോ യുധിഷ്ഠിരവിജയപ്രസാധകനെപ്പോലെയോ കവിയെപ്പററി വ്യത്യാസമായി യാതൊരു കൈക്കുററപ്പാട്ടം ചെയ്തുകാണുന്നില്ല.

"തസ്യ ച വസുധാമവതഃ
കാലേ കുലശേഖരസ്യ വസുധാമവതഃ,
വേദാനാമധ്യായീ
ഭാരതഗുരുരഭവദാദ്യനാമധ്യായീ.
സമജനി കശ്ചിത്തസ്യ
പ്രവണഃ ശിഷ്യോനുവർത്തകശ്ചിത്തസ്യ,
കാവ്യാനാമാലോകേ
പടുമനസോ വാസുദേവനാമാ ലോകേ''.

(യുധിഷ്ഠിരവിജയം ആദ്യഭാഗം)

കുലശേഖരഭൂപൻ ഭരിച്ചിരുന്ന കാലത്തു് 'പുരാണപരമാചാര്യ'നായി 'ഭാരതഗുരു' എന്ന ഒരു ആചാര്യൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മുഖ്യശിഷ്യനും അനുവർത്തകനും 'ഭാരതസുധാമദഭ്രാന്ത'നും ആയ വാസുദേവൻ ആകുന്നു യുധിഷ്ഠിരവിജയം എഴുതുന്നതു എന്നു് കാവ്യോപക്രമത്തിൽ തന്നെ പ്രസ്തുതമായിരിക്കുമ്പോൾ പ്രസാധകൻ കവിയെ കാശ്മീരികനായി ഊഹിച്ചിരിക്കുന്നതു പ്രാമാദികം എന്നുതന്നെ നിശ്ചയിക്കേണ്ടിയിരിക്കുന്നു. കൂടാതെ "ഭാരതസുധാമദഭ്രാന്തേന" എന്നു ഒരുസ്ഥലത്തു് കവി തന്നെ വിശേഷിപ്പിച്ചിരിക്കുന്നതു വിചാരിക്കുമ്പോൾ ശബ്ദശക്തികൊണ്ടു അന്വയമര്യാദയിൽ ഭാരതപ്പുഴയിലെ വെള്ളത്തിൽ കുളി ശീലമാക്കി മദമുണ്ടായി ആ പുഴയിൽ കുളിക്കാൻ ഭ്രമിച്ചിരിക്കുന്നവൻ എന്നും, വ്യതിരേകമര്യാദയിൽ വല്ല ദിവസവും പുഴയിൽ കുളിക്കാൻ അസൗകര്യം ഉണ്ടായാൽ അതുനിമിത്തം ദുഃഖിക്കുന്നവൻ എന്നും, ഒരൎത്ഥം വസ്തുധ്വനിരൂപമായി ധ്വനിക്കുകതന്നെ ചെയ്യുന്നു. നളോദയവും യുധിഷ്ഠിരവിജയവും കേരളീയനായ വാസുഭട്ടതിരിയുടെ കൃതികൾ തന്നെയാണെന്നു പല പ്രാജ്ഞന്മാരും സമൎത്ഥനം ചെയ്തിരിക്കുന്നതിനാൽ ആയതു പ്രകൃതനിബന്ധത്തിന്റെ പ്രമേയപരി

പാടിയിൽ ഉൾപ്പെടുന്ന വിഷയമല്ല. എന്നാൽ യുധിഷ്ഠിരവിജയത്തെ സംബന്ധിച്ച കൂടുതലായി ഒരു തെളിവുകൂടി യുള്ളതിനെ ഉദ്ധരിച്ചുകൊള്ളുന്നു. ഭാരതകഥയെ സംഗ്രഹിച്ച് പന്ത്രണ്ടു സർഗ്ഗങ്ങളിൽ രചിക്കപ്പെട്ടിരിക്കുന്ന '[4]പാണ്ഡവചരിതം' എന്ന കാവ്യത്തിൽ കേരളീയനായ കവി വാസുദേവനെ തൻെറ പൂർവ്വകവിയായി നമസ്കരിക്കുന്നതോടുകൂടി അദ്ദേഹത്തിൻെറ യുധിഷ്ഠിരവിജയത്തെയും സ്മരണവിഷയമാക്കുന്നതു ഇപ്രകാരമാണ്:—

"തസ്മൈ നമോസ്തു കവയേ
വാസുദേവായ ധീമതേ.
യേന പാർത്ഥകഥാ രമ്യാ
യമിതാ ലോകപാവനീ."

ഇങ്ങനെ സാഹിത്യകാരന്മാർ പല വിധത്തിൽ വരുത്തിക്കൂട്ടുന്ന പിഴകൾ ക്ഷന്തവ്യങ്ങളാണോ അല്ലയോ എന്നുള്ള സങ്ഗതിയേപ്പററി ഹൈന്ദവധർമ്മശാസ്ത്രഭാഗങ്ങളിൽ യാതൊന്നും വിധിച്ചുകാണാത്തതുകൊണ്ടു പുതുനിയമങ്ങൾ ഉണ്ടാകുന്നതുവരെ ഒന്നും പറയാൻ നിവൃത്തിയില്ലതന്നെ.

(ഗ)

ഈ വാങ്മയത്തിൽ വാസുദേവകവിയെപ്പററിയും അദ്ദേഹത്തിൻെറ യമകകൃതികളെപ്പററിയും മററു കൃതികളെപ്പററിയും ഒരു ചെറിയ വിവരണം നൽകാൻ ഉദ്ദേശിക്കുന്നു. 'വാസുദേവ' എന്ന അഭിധാനമുള്ള കേരളീയ കവികളാൽ രചിക്കപ്പെട്ടു് ഇതേവരെ നമ്മുടെ അറിവിൽപെട്ടിട്ടുള്ള ഗ്രന്ഥങ്ങളുടെ ഒരു ലിസ്റ്റു താഴെ ചേർക്കുന്നു:—

(൧) ദേവീചരിതോദയം.
(൨) സത്യതപഃകഥോദയം.
(൩) ശിവോദയം.
(൪) അച്യുതലീലോദയം.
(൫) ശൗരികഥോദയം.
(൬) നളോദയം.
(൭) യുധിഷ്ഠിരവിജയോദയം.
(൮) ത്രിപുരദഹനം.
(൯) കൗമാരിലയുക്തിമാലാ.
(൧൦) ഗജേന്ദ്രമോക്ഷം.
(൧൧) ചകോരസന്ദേശം.
(൧൨) വാക്യാവലീ.
(൧൩) അജ്ഞനരാവണീയവ്യാഖ്യാനം.
(൧൪) വാസുദേവവിജയം സവ്യാഖ്യം.
(൧൫) ന്യായസാരപദപഞ്ചികാ.
(൧൬) സംക്ഷേപഭാരതം.
(൧൭) സംക്ഷേപരാമായണം.
(൧൮) പ്രയോഗസാരവ്യാഖ്യാ.
(സർവ്വാങ്ഗസുന്ദരി).
(൧൯) രാമകഥാ.
(൨൦) ഭൃങ്ഗസന്ദേശം.
(൨൧) വിദ്ധസാലഭഞ്ജികാവ്യാഖ്യാ.

മേൽപ്രസ്താവിച്ച പ്രബന്ധങ്ങളിൽ ചിലതൊഴികെ മററുള്ളതെല്ലാം ഇതേവരെ അച്ചടിച്ചിട്ടില്ലാത്തവയാകുന്നു. ജരാജർജ്ജരിതങ്ങളും മഹാർഘങ്ങളും ആയ സീതാളപത്രങ്ങളെ അഭയം പ്രാപിച്ചിരിക്കുന്നു. ഇവയിൽ ആദ്യത്തെ എട്ടു കൃതികൾ

4. "A poem describing the leading incidents in the life of Pandavas in 12 cantos". *Descriptive Catalogue of Sanskrit Mss*, Govt. Oriental Ms Library, R. No. 3390.

യമകകാവ്യങ്ങളാകുന്നു. കവിതാശൈലിയും രചനാരീതിയും പാകവും സാജാത്യപാരസ്പര്യവും സാഹിത്യഗുണസമൃദ്ധിയും ഭങ്ഗിവൈചിത്ര്യവും ഭണിതിവൈചിത്ര്യവും അലങ്കാരയോജനയും പ്രയോഗവിശേഷഘടനയും കൃത്രിമശബ്ദവശ്യതയും എല്ലാം വിവേചനം ചെയ്തു നോക്കുമ്പോൾ ഈ യമകകാവ്യങ്ങളെല്ലാം ഒരാളുടെ കർമ്മകൗശല്യമാണെന്നു ആൎക്കും ബോധ്യപ്പെടും. [5]ദേവീചരിതോദയത്തിൽ,

"ഭക്ത്യാ ദേവീതമദ-
ശ്ചരിതമിദം യച്ഛിവാമുദേ വീതമദഃ.
കാവ്യം പരമമരചയം
പഠന്നിദം മോദയതി ഹി പരമ
മരചയം.

* * *

സ സുധാശാനാം ഭൃതാ
രാധ്യാ ജഗതാം ചതുർദ്ദശാനാം ഭൃതാ.
മാതാ വേദവനമിതാ-
ധിജനാര്യാ വിജയതാം വേദവനമിതാ.
സദാ ശിവാ ശിവാപരാ
പരാ ജയതാന്നുത്തമാ.
നികേതവേദകാനനാ
പരാ ജയതാന്നുത്തമാ.

ഇതി ശ്രീമൽ കാത്ത്യായനീ പദാംബുജമധുവ്രതേന ശ്രീമദ് ഗോപാലീസുതേന ശ്രീവാസുദേവേന വിരചിതേ ശ്രീമദ്ദേവീചരിതെ കാവ്യരത്നെ ഷഷ്ഠ ആശ്വാസഃ"

എന്നും, സത്യതപഃ[6]കഥോദയത്തിൽ,

"സ്വസ്തി ഭവേദമിതായൈ
വേദവനം ശ്രൂയമാണവേദമിതായൈ.
ദേവ്യൈ നാമാഗസ്യ
സ്ഥിതം തടാകം ശ്രിതം ച നാമാഗസ്യ.

* * *

ഗദിതം പരമാഖ്യാനം
നാശിതവന്തൗ മയേഹ പരമാഖ്യാനം.
ഭക്തേന്നാമ്നായമിതം
ഭൃതമൃഷൗ സത്യതപസി നാമ്നായമിതം.
സത്യതപാ നാമാ സ [വ്യഘ]
ഋഷിരഗ്ര്യോ ദ്വിജാധിപാനാമാസ.
സ പുനർവ്വേദ മഹാത്മ്യം
നാകസദാം ഭൂസദാം ച വേദമഹാത്മ്യം.

* * *

5. *Ibid.* "An alliterative poem stating that the Goddess Devi, worshipped under the name Gopali in Vedaranya or Kunnamkulam in Malabar, is no other than Durga who is said to have born as the eighth issue of Devaki and the sister of Lord Krishna, by Vasudeva, son of Gopali and Maharshi. Contains two to six Asvasas only." R. No. 3060 (a).

6. *Ibid.* R. No. 3060 (b). "The story relating to Satyatapas, also called Maharshi, who is stated to be one of the ancestors of the author, and who is said to have made penance in Vedaranya and also on the banks of the river Nila now called ഭാരതപ്പുഴ, by the same author (Vasudeva). Contains one to three Asvasas."

ഭൃതായാമദ് ഭൃതാദ്
ഗോപാലീതസ്തതോ ഹി ഗോപാലീത.
മുദിതാ ഭൃത്യാർ നോ
വേദവനേ സാദരാ ഭവേദവനേ."
എന്നും, [7]ശിവോദയത്തിൽ,

സ്വസ്തി ഭവേദവനായൈ-
വാര്യായൈ ഗോരവാപ്തവേദവനായൈ.
[സസമീ]ദേവദവനായൈ-
കാന്താശ്രമഗർഷിജപഗവേദവനായൈ.

* * *

വേദാരണ്യന്നാമ-
സ്തൂഷി യദി തമഖിലതോ ഹിരണ്യംനാമ.
ശുചിസദരണ്യന്നാമ
ഹ്യേതിയശോയന്നതശ്ശരണ്യന്നാമ.
രതേ നിവേദകാനനേ
ന വത്സ വേദകാനനേ.
ജയാത്തവേദകാനനേ
സ്ഥിതേംബ വേദകാനനേ"
എന്നും, [8]അച്ച്യുതലീലയിൽ,

ജയതി ശ്രുതികാന്താരം
ശ്രിതാ ഗുണോല്ലാസിവേദരുതികാ
ന്താരം.
ദേവീ നാനാവർണ്ണാ-
ശ്രിതവൃഷമുനിമജ്ജഗൽ പനാനാ
പർണ്ണാ.
യാസ ഭുവി വിധാത്രാദ്യ
ത്രിദശാന്നതാച്ച്യുതസ്യ വിവിധാ
ത്രാദ്യാഃ.
ലീലാസദ്യമകേന
ഗ്രന്ഥേന മയോച്യതേ ലസദ്യമ
കേന.

* * *

പ്രണതോസ്മി ഗതം ഭവസാഗരം
നാവിക സദ്ഗുദയം ഭവദാസമഹം.
ഭവഭക്തതയാനുഭവന്തമിതം
വികലസദ്ഗുതയംഭവദാസമഹം."
എന്നും, [9]കൗമാരിലയുക്തിമാലയിൽ,

"ഭവേൽ സുഖം വര്യ ഗുണേഹ
ഗോപാ-
ല്യസൗ ചിരം മൽപ്രഭവതാഗേതാ.
ദിവ്യ[വ്യ]മേയർഷിവരാദ്ഗതാ സ-
ന്താനമശ്രുത്യടവീ ശിവായൈ.

ഇതി ശ്രീമൽശ്രുതി കാന്താരാവസ്ഥിത
[വൃഷാവിതുഭ്രതാര്യാനന്ദായി] ഭാസ്വാച്ഛ

7. *Ibid.* R. No. 3060 (c). "Herein the author Vasudeva gives the history of himself and his eight brothers. Contains the first two Asvasas".

8. *Ibid.* R. No. 3060 (d). "A yamaka poem narrating some of the sportive deeds of Srikrishna and stating that he is the same as God അച്ച്യുത, worshipped in Vedaranya by the same author. Contains one to four Asvasas".

9. *Ibid.* R. No. 3060 (e). "A narration of the principles as maintained in his arguments in the Mimamsavarttika of Kumarila. The sentences of Vararuchi which are useful in the preparation of Indian Calenders are incorporated by the author in this treatise and form the beginning in each stanza, by the same author."

ബരാര്യ കൃഷ്ണനത-മഹർഷി-ഗോപാലീന ന്ദനകൃതിഃ കൗമാരിലയുക്തിമാലാ......... പദശ്രിതസദാദ്വൈത ശ്രീമദ്വാസുദേവാര്യ ശ്രീമൽ പരമേശ്വരാര്യ പദശ്രിത ശിവ ......ശ്രീപാർത്ഥ സാരഥി സുചരിത പരി തോഷി[ക]കൃതികൗമാരിലതിലകം സമാപ്തം. ''

എന്നും കാണപ്പെടുന്നു. പൂകയിലയ്ക്കു കേഴ്വികേട്ട വേദാരണ്യം വാസുദേവന്റെ അഭിജനപ്രദേശമാണ്. വേദാരണ്യത്തെ വേദവനം വേദകാനനം പുരുവനം ശ്രുതികാന്താരം ശ്രുത്യടവി എന്നൊക്കെ പര്യായപദവാച്യമായി ത്തീർത്തിരിക്കുന്നു. ഈ പ്രദേശം ഇപ്പോൾ കുന്നങ്കുളം എന്നു അറിയപ്പെട്ടുവരുന്നു. അവിടെ 'ഭ്രതാര്യ' യെന്നും 'ഗോപാലി' എന്നും പ്രസിദ്ധയായ ഒരു ദുർഗ്ഗയുടെ പ്രതിഷ്ഠയുണ്ട്. പയ്യൂർഭവനത്തിൽ നിന്നു അധികം അകലെയല്ലാത്ത വെളക്കാട്ട് എന്ന സ്ഥലം വേദാരണ്യമാണെന്നും അവിടത്തെ ദേവി പയ്യൂരാഢ്യന്മാരുടെ കുലദൈവമെന്നും പറയപ്പെടുന്നു. ഗോപാലീത്വേന ഉപാസിക്കപ്പെടുന്ന ദുർഗ്ഗ ദേവകീദേവിയുടെ അഷ്ടമപ്രസൂതിയായും ശ്രീകൃഷ്ണന്റേ സ്വസാവായും കവിവംശ്യരാൽ സാദരം അഭിമാനിക്കപ്പെട്ടുവരുന്നു. ഈ ദേവി വാസുദേവകവിയുടെ വംശക്കാരുടേ കുലദേവതയത്രേ. കൂടാതെ വേദാരണ്യത്തിൽ പ്രഖ്യാതമായ ശിവക്ഷേത്രവും ശ്രീകൃഷ്ണസ്വാമിക്ഷേത്രവും ഉണ്ട്. ഈ മൂന്നു ദേവതകളെയും ഉദ്ദേശിച്ചാണു യമകകാവ്യങ്ങളെല്ലാം രചിക്കപ്പെട്ടിരിക്കുന്നതു്. വാസുദേവകവിയുടെ അച്ഛന്റെ പേർ മഹർഷി എന്നും അമ്മയുടെ പേർ ഗോപാലി എന്നും ആണ്. കവിയുടെ കുഡുംബക്കാർ തൃശ്ശൂർ വടക്കുന്നാഥനെ ഭജിക്കുക പതിവാണ്. വൃഷഗ്രാമം വൃഷക്ഷേത്രം എന്നെല്ലാം തൃശ്ശൂരിനു പേരുണ്ട്. ഇത്യാദിവിഷയങ്ങൾ ഉദ്ധരണങ്ങളിൽ നിന്നു വ്യക്തമാകുന്നുണ്ട്. ഇവിടേ അപ്രസിദ്ധങ്ങളായ കൃതികളിൽ നിന്നു ഇങ്ങനെ ഉദ്ധരണങ്ങൾ കൊടുത്തിരിക്കുന്നതിന്റെ ഉദ്ദേശ്യം കൃതികളിലെ കവിതാരീതി മനസ്സിലാക്കുന്നതും നിരൂപണം ചെയ്യുന്ന പ്രമേയങ്ങൾക്കു പ്രമാണവാക്യങ്ങൾ സമ്പാദിക്കുന്നതും ആയതുകൊണ്ട് "ആമ്രാശ്ച സിക്താഃ പിതരശ്ച പ്രീണിതാഃ".

സത്യതപഃ കഥോദയത്തിൽ കവിയുടെ കുഡുംബത്തിൽ പൂർവ്വികനായ ഒരാളാകുന്നു നായകൻ. ഋഷി എന്നുകൂടിപേരുള്ള നായകനാണു സത്യതപസ്സ്. അദ്ദേഹം വേദാരണ്യത്തിലും ഭാരതപ്പുഴയുടെ തടപ്രദേശത്തിലും നടത്തിയ തപശ്ചര്യയേപ്പറ്റി ഈ കാവ്യത്തിൽ കവനസൗഭാഗ്യ പരിവാഹിനിയായ ഭംഗിയോടുകൂടി വർണ്ണിച്ചിരിക്കുന്നു. ശിവോദയ കാവ്യത്തിൽ നിന്നു കവിയ്ക്കു എട്ടു സഹോദരന്മാർ ഉണ്ടായിരുന്നതായി ഊഹിക്കാൻ [10] വഴിയുണ്ട്.

10. *Ibid.* R. No. 1852 (b). കവിതാരീതി മനസ്സിലാക്കുന്നതിനായി ചില പദ്യങ്ങൾ ഉദ്ധരിക്കുന്നു—

"അവനതദേവം ദേഹം പുംസഃ പരമസ്യ സമ്പദേ വന്ദേഽഹം |
യൽപദമമ്ബുധ്യന്തേ യതയോ യത്തത്ത്വമുത്തമം ബുധ്യന്തേ ||

* * * *

[11]"ശൗരികഥോദയം","ത്രിപുരദഹനം" ഈ രണ്ടുകാവ്യങ്ങളുടേയും കത്താവു ഇതേ വാസുദേവകവിതന്നെ എന്നുള്ളതിനു ആഗമികമായും ആത്ത്യൂഹികമായും ധാരാളം ലക്ഷ്യങ്ങൾ ആരും സമ്മതിക്കത്തക്കവിധത്തിൽ ഉള്ളതുകൊണ്ടും അതു സംബന്ധമായി പലരും നിരൂപണം ചെയ്തിരിക്കുന്നതുകൊണ്ടും ഇപ്പോൾ അതു സമത്ഥനം ചെയ്യാൻ സമത്ഥകലക്ഷ്യങ്ങളിൽ ദൃഷ്ടി പതിപ്പിക്കുന്നില്ല.

[12] ഗജേന്ദ്രമോക്ഷം കാവ്യത്തിൽ,

"കല്യാണം കരുതാദ്ദേവോ
ഭൂതാനാമധിപതിഃ സ കരുണാബ്ധിഃ.
രക്ഷാത്ഥം സുജനാനാം
സന്നിദധൽ പുരുവനേ പുണ്യേ.

* * * *

യസ്യ ച ഭാജകരൂപം
പ്രസാദതോവിശപവിത്തവിമലയശാഃ.
യമയാമാസ സുമേധാഃ
കഥാസുധാ വാസുദേവകവിഃ.

* * *

ഭക്ത്യാ പ്രണമ്യ ദേവം
ഹരിം ഗുരും ശ്രീഗുരുപ്രസാദേന.
വൃത്തൈർഗ്ഗജേന്ദ്രമോക്ഷം
ബ്രൂമസ്തം ശൃണുത വൃത്തജ്ഞാഃ."

എന്നിങ്ങിനെ കവി പ്രസ്താവിക്കുന്നു. ഇതിൽ ഭൂതാധിപതിനിർദ്ദേശം, പുരുവനപദപ്രയോഗം, രണ്ടാം ശ്ലോകത്തിൽ ശിവാനുഗ്രഹാനുഗൃഹീതനായ കവി പൗരാണികമായ ശിവന്റെ ഇതിവൃത്താമൃതത്തെ പുരസ്കരിച്ച് യമകകാവ്യശരീരം പൂരിപ്പിച്ചിട്ടുള്ളതായുള്ള പ്രസ്താവന, മൂന്നാംപദ്യ

ജയതി സുധാമാ രാമഃ ക്ഷിതിപാലഃ കാവ്യവീരുധാരാമഃ |
ദധദഭിമസ്തകലീലാമംസേന ബിഭത്തി യോऽയമസ്തകലീലാം ||
അസ്യാം മേ യമിതായാം ശൗരികഥായാം ശുഭപ്രമേയമിതായാം |
കരുണാലേശം സന്തഃ കുവ്വന്തു കവേർബലാബലേ ശംസന്തഃ ||
അഥ ഷട്സു കുമാരേഷു ഭ്രാത്രാ വ്യാപാദിതേഷു സുകുമാരേഷു |
സുതമേകം സദ്വേഷം പ്രാസൂയത ദേവകീ സകംസദ്വേഷം || "

11. *Ibid.* R. No. 1852 (a). "A small poem in three Asvasas narrating the story of the burning of the demon, Tripura by God Siva. The stanzas are in what are called the അദ്ധ്യയമക style. The author is Vasudeva." ഒന്നു രണ്ടു പദ്യങ്ങൾ ഉദ്ധരിക്കുന്നു—

" വപുരതിഗൗരചരായം ജയതി വിഭോരഭിദധാതി ഗൗരചരായം |
വിഷകടുകാ യേനാഹിശ്രേണീ ഭൂഷണമിവ സ്വാങ്കകായേऽനാഹി ||
യേന ച കാലോऽലോപി സ്മരം ച നിജഘ്നാന യോऽമ്ബികാലോലോऽപി |
യോऽസ്ഥാദവിഷമാസാദ്യ സ്വാസ്ഥഃ സുരതതിഷു ജാതവിഷമാസാദ്യഃ ||

* * * *

ഇതി വാസുദേവവിരചിതേ ത്രിപുരദഹനേ പ്രഥമാശ്വാസഃ |"

12. *Ibid.* R. No. 3637 (f).

ത്തിൽ 'ശ്രീഗുരുപ്രസാദേന' എന്നപദം കൊണ്ടുള്ള ഭാരതഗുരുവിൻെറ നിർദ്ദേശം, ഇതെല്ലാം ആലോചിച്ചുനോക്കുമ്പോൾ വാസുദേവയമകകവി തന്നെ ഗജേന്ദ്രമോക്ഷത്തിൻെറയും കർത്താവെന്നു ഊഹിക്കാൻ വഴിയുണ്ട്. അദ്ദേഹം ശിവകഥയെ ആസ്പദമാക്കി രചിച്ചിട്ടുള്ള യമകകാവ്യം ശിവോദയവും ത്രിപുരദഹനവും ആണല്ലോ. ത്രിപുരദഹനത്തിനു [13] വാസുദേവശിഷ്യപ്രണീതമായ ഒരു വ്യാഖ്യാനം ഉള്ളതായി കേട്ടിട്ടുണ്ട്.

[14] ചകോരസന്ദേശത്തിൻെറ അവസാനത്തിലുള്ള,

"നാര്യാ ദേവ്യാഃ പദമഭജതാ
രക്ഷതാ ചേഷ്ട [ദേതാ]-
ദേവ്യോ ഗോപാല്യപി ജയതു
സാ തേ ച ദേവ്യൗ ജയേതാം".

ഈ പദ്യത്തിൽ ഗോപാലീശബ്ദപ്രയോഗം കാണുന്നതുകൊണ്ട് ചകോരസന്ദേശകർത്താവായ വാസുദേവൻ യമകകവ്യഭിന്നനാണെന്നുള്ളതിൽ സംശയമില്ല.

വാസുദേവകവി മീമാംസാശാസ്ത്രത്തിൽ പരമ്പരയാ തൻെറ വംശക്കാർ എന്നപോലെ താനും അനിതരസാധാരണമായ വ്യുൽപ്പത്തി സമ്പാദിച്ചിരുന്നു എന്നുള്ളതിനു സാക്ഷ്യമായ ലക്ഷ്യമാണു അദ്ദേഹത്തിൻെറ കൗമാരിലയുക്തിമാല. നീതിതത്വാവിർഭാവം എന്ന മീമാംസാഗ്രന്ഥത്തിൻെറ വ്യാഖ്യാനത്തിൽ തൽകർത്താവും ഗോപാലിഋഷി ഇവരുടെ പുത്രനുമായ പരമേശ്വരൻ,

"ഏവം സ്വതഃപ്രമാവാദം
വ്യാഖ്യദ് ഗോപാലികാസുതഃ.
വാസുദേവപിതൃവ്യോക്ത-
രീത്യാ കേവലയൈവ തു.

അഭിവന്ദ്യ മഹാദേവീം
വേദാരണ്യ നിവാസിനീം.
കാലപ്രത്യക്ഷതാവാദേ
വ്യാഖ്യാ പ്രസ്തൂയതേ മയാ".

എന്നിങ്ങനെ തൻെറ പിതൃവ്യനായ വാസുദേവൻെറ ഉപദേശരീതിയനുസരിച്ചു 'സ്വതഃപ്രാമാണ്യവാദം' നിരൂപണം

13. *Ibid*. R. No. 2711. വ്യാഖ്യാനത്തിൻെറ പേർ പദാർത്ഥദീപിനി. വ്യാഖ്യാതാവ് നിത്യപ്രിയമുനിതനയൻ (?)

14. *Ibid*. R. No. 3608 (f). സന്ദേശകാവ്യത്തിൻെറ ആരംഭഭാഗം ഇങ്ങിനെയാകുന്നു:—

കാചിന്നാരീ കിമപി ച ഗതേ കാര്യമുദ്ദിശ്യ ദൂരം
കാലം കാന്തേ ബഹുതരമനാ യാതി കാര്യാന്തരേണ ।
കാമാർത്ത്യാ നിശ്യഹനി ച സദാ നാഡികാം മന്യമാനാ
ക്ലാന്താപശ്യൽ കമപി ച കദാപ്യന്തികേ തം ചകോരം ॥

സാ ചാവോചത്തമപി പതതാമീശ്വര സ്വാഗതം തേ
ദൃഷ്ട്വൈവ ത്വാമഭിമതഫലം പ്രാപ്തമേവേതി മന്യേ ।
വാമേ പാർശ്വേ ക്ഷണമപി പുരോ ദക്ഷിണേ വാപി തത്തൽ-
കാര്യാരംഭേ വദതി ഹി ജനോ ദർശനം മങ്ഗലം തേ ॥

ചെയ്തിട്ടുള്ളതായി പ്രസ്താവിച്ചുകാണുന്നു. അതുപോലെമീമാംസാസൂത്രാൎത്ഥസങ്ഗ്രഹം എന്ന ഗ്രന്ഥത്തിന്റെ ആരംഭത്തിൽ കൎത്താവായ പരമേശ്വരൻ ജൈമിന്യാദിസിദ്ധമീമാംസകന്മാരെ സ്മരിക്കുന്നതോടുകൂടി വാസുദേവാചാൎയ്യനേയും നമസ്കരിക്കുന്നു. ഇതിൽനിന്നും വാസുദേവകവി മീമാംസാദൎശനത്തിൽ എത്രത്തോളം നൈപുണ്യം സിദ്ധിച്ച ആളായിരുന്നുവെന്നുള്ളതു് ഊഹ്യമാണല്ലോ. കൂടാതെ തൎക്കം, വ്യാകരണം, ജ്യോതിഷം, അലങ്കാരം തുടങ്ങിയുള്ള ഇതരശാസ്ത്രങ്ങളിലും പ്രത്യേകവൈദുഷ്യം അഭിവൃദ്ധമാക്കിയിരുന്ന വാസുദേവകവി സാധാരണ കവികളെപ്പോലെ കേവലകാവ്യങ്ങൾ നിൎമ്മിക്കുന്നതിൽ വിരസനായിരുന്നു. നിരൎഗ്ഗളമായ സുശബ്ദപ്രവാഹം സാഹിത്യഗുണസമൃദ്ധിതരങ്ഗിതമായി ഗങ്ഗാപ്രവാഹമെന്നപോലെ നിൎഗ്ഗളത്തായിരുന്നതുകൊണ്ടു് കവനവിഷയത്തിൽ വാസുദേവൻ വശ്യവചസ്സായ ഒരു ദിവ്യനത്രേ. പാണ്ഡിത്യോഷ്റായം അദ്ദേഹത്തെ കൃത്രിമസുന്ദരങ്ങളായ നിബന്ധങ്ങളുടെ രചനയിൽ സമുത്സുകനാക്കിത്തീൎത്തു. അതിന്റെ ഫലമായി ആവിൎഭവിച്ചവയാകുന്നു മേൽപ്രസ്താവിച്ച പ്രബന്ധങ്ങൾ. ഗജേന്ദ്രമോക്ഷത്തിൽനിന്നു ഉദ്ധരിച്ചിട്ടുള്ള മൂന്നാമത്തെ പദ്യത്തിൽ വൃത്തജ്ഞന്മാരുടെ രസത്തിനായി അതെഴുതുന്നതായി കവി പ്രസ്താവിക്കുന്നതനുസരിച്ചു് ഇതിവൃത്തരചനയിൽ മാത്രമല്ല, ഛന്ദഃശാസ്ത്രസരഃപരിധിയിൽ കിടന്നുകളിക്കാൻ കൂടിയാണു കാവ്യപോതരചനയെന്നു വെളിവാകുന്നു. ഇവിടെയും കവിയുടെ കൃത്രിമവാസന വെളിവാകുന്നുണ്ടു്. കൗമാരിലയുക്തിമാലയിലും ഗ്രന്ഥകാരൻ തനിക്കുള്ള കൃത്രിമാഭിനിവേശത്തെ പ്രസ്പഷ്ടമാക്കീട്ടുണ്ടു്. കുമാരിലന്റെ മീമാംസാവാൎത്തികത്തിൽ വിസ്തരിച്ചു പ്രതിപാദിതങ്ങളായ വാചോയുക്തികളെ സംക്ഷേപിച്ചു് ഓരോ അധികരണത്തെയും സംബന്ധിച്ചുള്ള മീമാംസാരാദ്ധാന്തങ്ങളെ പദ്യരൂപമായി പ്രതിപാദിക്കുന്നതാകുന്നു ഈ കൃതിയുടെ പ്രതിപാദ്യം. എന്നാൽ ഇതിൽ ഓരോശ്ലോകത്തിലും ആദ്യത്തിൽ ഹൈന്ദവപഞ്ചാങ്ഗനിൎമ്മിതിക്കു അത്യുപയുക്തങ്ങളായ വാക്യകാരനായ വരരുചിയുടെ "ഗീൎന്നഃ ശ്രേയഃ", "ധേനവഃ ശ്രീ" ഇത്യാദിപരല്പേരുവാക്യങ്ങൾ യഥാക്രമം ചേൎത്തുകാണുന്നതു വിസ്മയാവഹമായിരിക്കുന്നു.

[15]വാക്യാവലിയിൽ ശ്രീകൃഷ്ണന്റെ കഥ നാലുസൎഗ്ഗങ്ങൾകൊണ്ടു ഭങ്ഗിയായി വൎണ്ണിച്ചിരിക്കുന്നു. ഇതിലും കൗമാരിലയുക്തിമാലയിൽ എന്നപോലെ ഓരോ ശ്ലോകത്തിന്റെ ആദ്യത്തിലും വരരുചിവാക്യങ്ങൾ ചേൎത്തിരിക്കുന്നു. കൂടാതെ, എല്ലാപദ്യങ്ങളും അലങ്കാരാലങ്കൃതങ്ങളും

15. *Ibid.* R. No. 4204. "A poem in four Sargas narrating the story of Lord Krishna. Brief notes are given at the end of each stanza indicating the Alankaras the metre and the grammatical peculiarities. Each stanza begins with one of the Vararuchi's Sutras which are intended for use in preparing a Hindu Calendar."

വൃത്തവിശേഷവൃത്തങ്ങളും വിശിഷ്ടവ്യാകരണപ്രയോഗവ്യാകൃതങ്ങളും ആണെന്നുള്ളതു ചുഴിഞ്ഞു നോക്കിയാൽ മനസ്സിലാവും. ആയതുകൊണ്ടു വാക്യാവലിയുടെ കത്തൃത്വം മറെറാരാളിൽ ആരോപിക്കുന്നതു ശരിയല്ലല്ലോ.

[16] അജ്ജുനരാവണീയം കാത്തവീര്യാജ്ജുനനും രാവണനും തമ്മിൽ നടന്ന ജന്യത്തെ സമഷ്ടിയായി വണ്ണിക്കുന്ന ഒരു കാവ്യമാകുന്നു. ഇതിനു വാസുദേവപ്രണീതമായ ഒരു വ്യാഖ്യാനം ഉണ്ട്. ഈ കാവ്യത്തിലെ പദ്യങ്ങൾ പാണിനിയുടെ അഷ്ടകതന്ത്രത്തിലെ സൂത്രങ്ങളെ ഉദാഹരിക്കുന്നുമുണ്ട്. സാധാരണമഹാകാവ്യങ്ങൾക്കു വ്യാഖ്യാനം രചിക്കാൻ പുറപ്പെടാതെ കൃത്രിമബന്ധവും ക്ലിഷ്ടകല്പനാജടിലവും ആയ ഇതിനു വ്യാഖ്യാനം ചമയ്ക്കാനുള്ള അഭിരുചി കൃത്രിമാഭിനിവേശിയായ വാസുദേവനുതന്നെ ജനിച്ചിരിക്കണം. വ്യാഖ്യാനത്തിൻെറ അവസാനഭാഗത്തിൽ ഇങ്ങിനെ കാണുന്നു:—

"വാസുദേവൈകമനസാ
വാസുദേവേന നിമ്മിതാം.
വാസുദേവീയടീകാം താം
വാസുദേവോऽനുമോദതാം."

സ്വോപജ്ഞമായ വ്യാഖ്യാനത്തോടുകൂടി ശ്രീകൃഷ്ണകഥയെ ആസ്പദമാക്കി [17] വാസുദേവനാൽ രചിക്കപ്പെട്ട ദുരൂഹപ്രൗഢിവിലസിതമായ ഒരു കാവ്യമാണ് വാസുദേവവിജയം. മൂന്നുസഗ്ഗങ്ങൾ കൊണ്ടു അവസാനിപ്പിച്ചിരിക്കുന്ന ഈ കാവ്യത്തിൽ പാണിനിയുടെ അഷ്ടാധ്യായീസൂത്രങ്ങൾക്കു യഥാത്ഥമായി കാർതാത്ഥ്യം ജനിച്ചിട്ടുണ്ട്. ഇതു കവിയുടെ മഹാവൈയ്യാകരണത്വത്തിൻെറ സ്മാരകമാകുന്നു. ഇതിൻെറ പരിശിഷ്ടരൂപമായിട്ടാണു മേല്പുത്തൂർ ഭട്ടതിരി [18] ധാതുകാവ്യം രചിച്ചതു്. ധാതുകാവ്യത്തിൻെറ ഉപക്രമത്തിലുള്ള,

"ഉദാഹൃതം പാണിനിസൂത്രമണ്ഡലം
പ്രാഗ്വാസുദേവേന തദൂർദ്ധ്വതോപരഃ.
ഉദാഹരത്യദ്യ വൃകോദരോദിതാൻ
ധാതൂൻ ക്രമേണൈവ ഹി മാധവാശ്രയാൽ"

ഈ പദ്യത്തിൽ വാസുദേവ പദത്തിനു "വാസുദേവോ നാമ കേരളേഷു പുരുവനഗ്രാമജന്മാ കശ്ചിദ് ദ്വിജന്മാ" എന്നു വ്യാഖ്യാനമുള്ളതുകൊണ്ടും വാസുദേവവിജയത്തിൻെറ കൃത്രിമവിധായകത്വം കൊണ്ടും കവി അന്യനാണെന്നു് സംശയിക്കേണ്ടു ആവശ്യമില്ലെന്നു തോന്നുന്നു. വാസുദേവവിജയം എന്നുള്ള യുധിഷ്ഠിരവിജയാഭിധാനസാമാന്യംകൊണ്ടു ഊഹ്യമായിട്ടുള്ളതു വിശേഷിച്ചൊന്നുമില്ലതന്നെ.

പ്രത്യക്ഷാ-നുമാനാ—ഗമപ്രമാണത്രയവാദിയായ ഭാസർവ്വജ്ഞൻെറ 'ന്യായസാര'ത്തിനു [19] 'പദപഞ്ചിക' എന്നൊരു

16. *Ibid.* R. No. 2954.
17. കാവ്യമാലാദശമഗുച്ഛകം. 1915.
18. *Ibid.*
19. Trivandrum Sanskrit Series. No. 109.

വ്യാഖ്യാനം വാസുദേവനാൽ നിമ്മിതമാകുന്നു. എന്നാൽ പഞ്ചികയുടെ അവസാനത്തിൽ 'കാശ്മീര സൂര്യസൂരീന്ദ്രസൂനു' വിരചിതമായ 'ന്യായസാരപദപഞ്ചിക' എന്നു മുക്തകണ്ഠം കാണുന്നതിനാൽ കാശ്മീരസൂര്യസൂരീന്ദ്രസൂനുവായ വാസുദേവൻ നമ്മുടെ യമകകവിയല്ലെന്നുള്ളതു് അവിതക്കിതമാണു്. എന്നാൽ ന്യായസാരത്തിന്റെ പ്രസാധകത്വം നിർവ്വഹിച്ച മി: സാമ്ബശിവശാസ്ത്രി താൻ പറയുന്ന അഭിപ്രായം തെററിയാലും തനിക്കു കള്ളിയിൽനിന്നു പററാനുള്ള മുൻകരുതലോടുകൂടി വാസുദേവന്റെ വിഷയത്തിൽ ക്ഷോഭക്ഷമമല്ലാത്തരീതിയിൽ സംഭാവനാതിപത്തി വിധിച്ചു ചില കുഴപ്പങ്ങൾ വരുത്തിവെച്ചിട്ടുള്ളതു ബഹുരസമായിരിക്കുന്നു. അദ്ദേഹം യുധിഷ്ഠിരവിജയകാവ്യകത്താവിൽനിന്നു ന്യായസാരപദപഞ്ചികാകാരൻ അഭിന്നനാണെന്നുള്ള ഗൂഢോദ്ദിഷ്ടത്തോടുകൂടി എഴുതുന്നതു ഇപ്രകാരമാകുന്നു.

'ഈ വാസുദേവസൂരിയുടെ ജീവിതസമയവും മററും തീൎത്തു പറവാൻ സ്പഷ്ടതരമായ ലക്ഷ്യമൊന്നുമില്ല. എന്നാൽ പഞ്ചികയുടെ പ്രസ്ഥാനംകൊണ്ടു് ൭൦൦ കൊല്ലത്തോളം അതിനു പഴക്കമുണ്ടെന്നു സിദ്ധിക്കുന്നു. യുധിഷ്ഠിരവിജയാദിബഹുകാവ്യകത്താവായ വാസുദേവകവിക്കു എന്നപോലെ പഞ്ചികാകത്താവിനും കാശ്മീരികത്വം പ്രസിദ്ധികൊണ്ടുമാത്രം വിശ്രമിക്കുമെങ്കിൽ നൈകശാസ്ത്രപണ്ഡിതനും മഹാത്മാവും ആയ അതേ വാസുദേവകവിതന്നെ പഞ്ചികയുടെ കത്താവെന്നുള്ള സംഭാവന അസംഭാവിനിയല്ല. ഇങ്ങിനെയായാൽ എട്ടാംശതകത്തിന്റെ ഉത്തരാദ്ധത്തിന്റെയും ഒമ്പതാംശതകത്തിന്റെ പൂർവാദ്ധത്തിന്റെയും ഇടയ്ക്കു വിജയിച്ചിരുന്ന മുകുന്ദമാലാദിഗ്രന്ഥകത്താവായ ശ്രീകുലശേഖര-രാജശേഖരന്റെ സദസ്യനും സുഹൃത്തും ആയ ഇദ്ദേഹം അതേസമയത്തിൽ ജീവിച്ചിരിക്കണം എന്നുള്ള പ്രാക്തനത്വപ്രസിദ്ധി നാം അഭ്യൂഹംചെയ്ത ഗ്രന്ഥശൈലീപ്രാചീനതയ്ക്കു അധികം അനുഗുണമായിരിക്കുന്നു. ഇത്രയും ഉപന്യസിച്ചതുകൊണ്ടു കേരളീയനെന്നുള്ളതും സിദ്ധം. കുമാരനല്ലൂർദേശത്തിൽ മധുരയിൽനിന്നുവന്നു സ്ഥിരപ്രതിഷ്ഠയെ പ്രാപിച്ച ഇല്ലത്തിനു 'മധുര ഇല്ലം' എന്നു വ്യവഹാരമുള്ളതുപോലെ കാശ്മീരത്തിൽ നിന്നു വന്നു കേരളത്തിൽ പ്രതിഷ്ഠിതമായതിനു കാശ്മീരവ്യപദേശം വാസ്തവമായി സംഭവിക്കുകതന്നെ ചെയ്യുന്നുവെന്നു വിചാരിക്കുമ്പോൾ യഥാശ്രുതമായ കാശ്മീരത്വം സൂര്യസൂരിക്കു യോജ്യമായിരിക്കുന്നു. യുധിഷ്ഠിരവിജയാദികവിക്കു രവിതനയവ്യവഹാരമുള്ളതിനാൽ 'സൂര്യസൂനു' എന്നുള്ളതു അതിന്റെ അത്ഥസിദ്ധമായ പര്യായപദമാകുന്നു.'

പഞ്ചികയുടെ പ്രസ്ഥാനംകൊണ്ടു ൭൦൦ കൊല്ലത്തോളം അതിനു പഴക്കമുണ്ടെന്നു എങ്ങിനെ നിശ്ചയിക്കാം? ഗാദാധര-ജാഗദീശ്യാദിവാദപ്രസ്ഥാനപ്രക്രമത്തിനു മുമ്പുണ്ടായിരുന്ന ന്യായദർശനഗ്രന്ഥങ്ങൾക്കു് ഇന്നൊരാൾ വ്യാഖ്യാനം എഴുതിയാലും പ്രസ്ഥാനഭേദം അപലപിക്കാവുന്നതല്ലല്ലോ! വാസുദേവകവിക്കുള്ള കാശ്മീരികത്വപ്രസിദ്ധി അവാസ്തവമായിട്ടുള്ളതാണോ? പദപഞ്ചികാകാരനെ യുധിഷ്ഠിരവിജയകവ്യനന്യനായി സംഭാവന ചെയ്യാൻ വല്ല തെളിവുകളും സഹകരിക്കു

ന്നുണ്ടോ? കുലശേഖരനു രാജശേഖരൻ എന്ന പേർ ഉള്ളതായി ആരുപറയുന്നു? ഏതു കുലശേഖരനെയാണു ഇവിടെ ഉദ്ദേശിച്ചിരിക്കുന്നതു്? ഉദ്ദേശിക്കുന്ന കുലശേഖരരാജശേഖരന്റെ കാലം നിശ്ചിതമാണോ? വാസുദേവൻ അദ്ദേഹത്തിന്റെ സദസ്യനാണെന്നുള്ളതിനു എന്തു പ്രമാണമുണ്ടു്? കാശ്മീരവ്യപദേശം കേരളീയക്കു വാസ്തവമായി എങ്ങനെ സംഭവിക്കുക തന്നെചെയ്യുന്നു? ഇത്യാദിവിഷയങ്ങളൊന്നും ചിന്താവിഷയമാക്കാതെ 'കുതിരയ്ക്കു മൂന്നുകൊമ്പെന്ന' മട്ടിൽ, ഉറപ്പില്ലാതെ ആട്ടമുള്ള അസ്ഥിവാരത്തിനുമീതെ അനേകം പ്രാസാദങ്ങൾ കെട്ടിയുയർത്തി അവയിൽ കിടന്നു സുഖിക്കാനാഗ്രഹിക്കുന്ന മട്ടിൽ, മി: ശാസ്ത്രി 'അങ്ങിനെയാണെങ്കിൽ ഇങ്ങനെയാണെങ്കിൽ' എന്നൊക്കെ സംഭാവനാതിപത്തിരൂപങ്ങളായ താങ്ങലുകൾ വെച്ചുകെട്ടിയുണ്ടാക്കി തെളിയിക്കാൻ ദുസ്സാധങ്ങളായ കാര്യങ്ങളെ തോന്നിയപോലെയെല്ലാം സംഭാവന ചെയ്തു എഴുതിവിടുന്നതിന്റെ കാര്യം എന്താണെന്നുള്ളതു വളരെ ഗോപ്യമായ സങ്ഗതിയായിരിക്കാം. ഇതുപോലെ അദ്ദേഹത്തിന്റെ പല ജല്പിതങ്ങളും കാണാൻ കഴിഞ്ഞിട്ടുണ്ടു്. ഒരു സ്ഥലത്തിൽ യാതൊരു ലക്ഷ്യവുമില്ലാത്തെ ഋഗ്വേദഭാഷ്യകാരനും വലഭീവാസ്തവ്യനാണെന്നു പ്രാമാണികന്മാരാൽ അഭ്യൂഹം ചെയ്യപ്പെട്ടവനുമായ സ്കന്ദസ്വാമിയെ ആഴ്വാഞ്ചേരി തമ്പ്രാക്കന്മാരിൽ ഒരാളായി പ്രസ്താവിച്ചിരിക്കുന്നു. പ്രതിപാദിക്കുന്ന പ്രമേയം തെറ്റോ ശരിയോ ആയിരിക്കട്ടെ. അതിനെ അനുകൂലിക്കുന്ന സാമഗ്രികൾ ഉണ്ടെന്നു പറയുകയോ സാമഗ്രികളെ സൂചിപ്പിക്കുകയോ ചെയ്യാതെ കേവലം സംഭാവന ചെയ്തു നല്ല പ്രസിദ്ധീകരണങ്ങളുടെ ഉപോദ്ഘാതരചനയ്ക്കു ഒരുമ്പെടുന്നതു സാഹസമാണത്രേ.

[20] സംക്ഷേപഭാരതവും സംക്ഷേപരാമായണവും ഒരു വാസുദേവന്റെ കൃതികൾ തന്നെ. ബാലന്മാർക്കു കാവ്യം പഠിക്കാൻ ഉപയോഗിക്കത്തക്കവിധത്തിലാണു് ഗ്രന്ഥരചന. രവിവർമ്മൻ എന്ന രാജാവിന്റെ കല്പനപ്രകാരം ഈ കൃതികൾ രചിച്ചിരിക്കുന്നതുകൊണ്ടു കർത്താവു് യമകകവിയിൽനിന്നു ഭിന്നനായിരിക്കാൻ ഇടയുണ്ടു്.

[21] സർവ്വാങ്ഗസുന്ദരിയെന്ന പ്രയോഗസാര(മന്ത്രശാസ്ത്ര)ത്തിന്റെ വ്യാഖ്യ കവിതാർക്കികചക്രവർത്തിയും ശ്രീമദ്ദേവരാജഗി

20. *Descriptive Catalogue of Sanskrit Mss*. Govt. Oriental Ms. Library, Madras. R. No. 2895.

21. *Ibid*. R. No. 4155. "A commentary on Prayogasara which is a treatise on medicine. The commentary which was written by Vasudeva of Svarnagrama also called Svarnattur-mana known as Ponnurkottu-mana, and disciple of Devarajagurupujyapada.

"ശ്രീമൽപരമഹംസപരിവ്രാജകാചാര്യകവിതാർക്കികച
ക്രവർത്തി ശ്രീമദ്ദേവരാജഗിരി പൂജ്യപാദശിഷ്യസ്യ
ശ്രീവാസുദേവവിദുഷഃ കൃതൗ പ്രയോഗസാരവ്യാഖ്യായാം."

"പ്രയോഗസാരവ്യാഖ്യാതൄൽ കൃതാ സർവ്വാങ്ഗസുന്ദരീ।
സ്വർണ്ണഗ്രാമാധിപേനേയം വാസുദേവവിപശ്ചിതാ॥"

രിപൂജ്യപാദശിഷ്യനും സ്വർണ്ണഗ്രാമാ(സ്വർണ്ണത്തുർമന അല്ലെങ്കിൽ പൊന്നൂർ കോട്ടമന)ധിപനും ആയ വാസുദേവവിദ്വാനാൽ രചിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു യമകകവി അല്ലെന്നു തന്നെ സിദ്ധിക്കുന്നു.

[22]രാമകഥ എന്ന ഗദ്യകാവ്യത്തിന്റെ കർത്താവായ വാസുദേവൻ നാരായണന്റെയും ഉമയുടേയും പുത്രനായതുകൊണ്ടും, ആദിത്യവർമ്മനൃപതിയുടെ കല്പനപ്രകാരം ഗദ്യകാവ്യം രചിക്കുന്നതായി പ്രസ്താവിക്കുന്നതുകൊണ്ടും യമകകവി അല്ലെന്നുള്ളതു തീർച്ചതന്നെ.

[23]ഭൃങ്ഗസന്ദേശത്തിന്റെ കർത്താവായ വാസുദേവൻ ആരാണെന്നൂഹിക്കാൻ യാതൊരുവഴിയുമില്ല. ഒരു ശ്ലോകത്തിൽ പരശുരാമക്ഷേത്രത്തിന്റെ മദ്ധ്യഖണ്ഡമായി 'ശിവാഹ്വാനദേശം' എന്നൊരു ദിക്കുള്ളതായിമാത്രം പ്രസ്താവിച്ചിരിക്കുന്നു.

ഇതു കൂടാതെ കേരളീയന്റേതായി [24]രഘൂദയം എന്നൊരു യമകകാവ്യം

22. *Ibid.* R. No. 3011. "A narration of the story of Ramayana in prose by Vasudeva son of Uma and Narayana. It is stated that the author composed the work under the orders of the king Adityavarman.

"സതാം പരിത്രാണപരഃ സുമേധാ
ജിതാരിഷഡ്വർഗ്ഗതയാ മഹീയാൻ ।
വിഭ്രാജതേ വിശ്രുതവിക്രമശ്രീ-
രാദിത്യവർമ്മാ നരലോകവീരഃ ॥

* * *

തസ്യാജ്ഞയാ സർവ്വജനീനവൃത്തേ-
രവിസ്തരാ രാമകഥാ പവിത്രാ ।
നിഗദ്യതേ ഗദ്യമയീ മയേയം
സന്തോ/നുഗൃഹ്ണന്തു നിതാന്തമസ്യാം ॥

യം വാസുദേവമനുരൂപമവാപ പുത്രം
നാരായണോ വിമലബുദ്ധിരുമാ തഥാംബാ ।
പ്രാണായി തേന മനുവംശപതേഃ കഥേയ-
മാദിത്യവർമ്മനൃപതേഃ കൃതിനോ നിദേശാൽ ॥"

This work is published in the 'Sri Balamanorama Series.' Madras.

23. *Ibid.* R. No. 3395.

"സംപ്രാപ്തവ്യഃ സഹജ ഭവതാ ശ്രീശിവാഹ്വാനദേശഃ
ഖണ്ഡോ മദ്ധ്യഃ പ്രഥിതമഹിമാ ജാമദഗ്ന്യസ്യ ഭൂമേഃ ।
യത്രാവാസീ സ ഖലു ഭഗവാൻ സാർദ്ധമദ്രീന്ദ്രപുത്ര്യാ
നിത്യപ്രഹൈരുരഗമനുജസ്വർഗ്ഗിഭിഃ സേവ്യമാനഃ ॥"

24. *Ibid.* R. No. 3388. "An yamaka poem narrating the story of Raghu. A commentary on this work is available. By Srikantha."

ഉള്ളതായറിയുന്നു. ഇതിൽ എട്ടാശ്വാസങ്ങൾകൊണ്ട് രഘുകഥ ഉപസംഹരിച്ചിരിക്കുന്നു. ഇതിന്റെ കർത്താവ് ശങ്കരശിഷ്യനായ ഒരു ശ്രീകണ്ഠനാകുന്നു. കാവ്യം സർവാങ്ഗസുന്ദരവും ഗംഭീരവും ഗഭീരവും ആകുന്നു. കർത്താവായ ശ്രീകണ്ഠൻ അഷ്ടാങ്ഗഹൃദയ ചികിത്സയിൽ നൈപുണ്യം സിദ്ധിച്ചവനും 'അബ്ലീശപത്തനത്തിന്റെ' സമീപത്തിൽ ഈശദിക്കിൽ പ്രതിഷ്ഠിതമായ പാരശവകുലത്തിൽ ജനിച്ചവനുംആയ ഒരു ശങ്കരന്റെ ശിഷ്യനും അനന്തരവനും ആകുന്നു. കവിതാരീതി മനസ്സിലാക്കുന്നതിനായി കാവ്യത്തിന്റെ ആദ്യാവസാനഭാഗങ്ങൾ ഉദ്ധരിച്ചുകൊള്ളുന്നതു് അപ്രകൃതമായിരിക്കയില്ലെന്നു വിചാരിക്കുന്നു—

"സോജനി നാസന്നായാ-
ന്ദ്യുതിമ[ദ്ര്യ]ബ്ലീശപത്തനാസന്നായാം.
ശിവദിശി നാസന്നായാ
ന്ന്യയാദപി യത്ര ബുധജനാസന്നായാം.

പാരശവാമ്പയമാനഃ
ഖ്യാതോ യോഷ്ടാങ്ഗഹൃദയവാൻ
വയമാനഃ.
ഗുണവിഭവാമ്പയമാന
സ്പൃശൽഗ്റിയഃ ശങ്കരോപി
വാമ്പയമാനഃ.

ഭേഷജവസ്വസുരസ്യ
ശ്രീകണ്ഠഃ ശിഷ്യ ഉദ്ഭവഃ സ്വസുരസ്യ.
രസപവ്സ്വസുരസ്യ
സ്ഥിരമതിരലമസ്മി!നതസവസ്വസുരസ്യ.

വ്യവഹാരവിദേവായം
ന്ന്യഞ്ചോഽത്ര പദേ സ്ദബ്ജരവിദേവായ,
തത്സാരവിദേവായ-
ന്ന്യായേ യമകേ നമോസ്തു രവിദേവായ.

അധിഗണമകനിഷ്ഠാനാം
കുബേരദേവസ്യ സദ്യമകനിഷ്ഠാനാം.
ഇഹ നാമ കനിഷ്ഠാനാ
ന്ന്യസ്യ രവൗ കൎത്തുതാഗമകനിഷ്ഠാനാം.

* * *

ഇതി തരസാ യമിതായാം
ശ്രീകണ്ഠകൃതൗ ബുധോദ്ധസായമിതായാം,
വാഗ്വിരസായമിതായാം
നാദ്യാശ്വാസോ ന സാഹസായമിതായാം.

* * *

കൃതിരിതി സമ്പദ്യമിതാ
ശ്വാസാഷ്ടമവിരതിമുതരസമ്പദ്യമിതാ.
സാഹസസമ്പദ്യമിതാ
ശംഭോർ മമചൈത്തു മാനസമ്പദ്യമിതാ".

രാജശേഖരകൃതിയായ 'വിദ്ധസാലഭഞ്ജിക'യ്ക്കു വ്യാഖ്യാനം രചിച്ച വാസുദേവൻ കരുണാകരന്റെ ശിഷ്യനാണ്. ഈ വാസുദേവൻ സാഹിത്യമല്ലൻ എന്നു പ്രസിദ്ധനായിരുന്നു. വ്യാഖ്യാനത്തിന്റെ പേർ 'വിദ്ധസാലഭഞ്ജികാമാൎഗ്ഗദൎശിനി' എന്നാകുന്നു.

(ഘ)

ഇനി വാസുദേവയമക കവിയെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾക്കായി ശ്രമിച്ചകൂട്ടത്തിൽ ലഭ്യങ്ങളായിത്തീൎന്ന സാമഗ്രികളെ അടിസ്ഥാനപ്പെടുത്തി ചില കാൎയ്യങ്ങൾ പ്രസ്താവിച്ചുകൊള്ളുന്നു. ആചാൎയ്യമണ്ഡനമിശ്രന്റെ 'സ്ഫോടസിദ്ധി'ക്കു

[25]'ഗോപാലിക'എന്നവ്യാഖ്യാനവും 'നീതിതത്ത്വാവിർഭാവം', 'തത്ത്വബിന്ദു','വിഭ്രമവിവേകം' ഇവയ്ക്കുള്ള വ്യാഖ്യാനവും രചിച്ച പരമേശ്വരൻ തന്റെ [26]ഗ്രന്ഥങ്ങളിൽ താൻ ഗോപാലികയുടേയും ഋഷിയുടേയും പുത്രനാണെന്നും തന്റെ പിതൃവ്യന്മാരായി ഭവദാസൻ വാസുദേവൻ സുബ്രഹ്മണ്യൻ എന്നിങ്ങനെ മൂന്നുപേരുണ്ടെ

25. Madras University Sanskrit Series. No. 6. ഗോപാലികാ വ്യാഖ്യാനത്തിന്റെ അവസാനത്തിൽ വ്യാഖ്യാതാവായ പരമേശ്വരൻ ഇങ്ങിനെ പ്രസ്താവിക്കുന്നു —

"തത്ത്വബിന്ദോഃ കൃതാ യേന വ്യാഖ്യാ തത്ത്വവിഭാവനാ |
തേനേയം രചിതാ വ്യാഖ്യാ നാമ്നാ ഗോപാലികാ സ്മൃതാ ||
ശബ്ദാനാം പാലകം ഹ്യേതദസ്യ മൂലം നിബന്ധനം |
ഏഷാ വ്യാഖ്യേയ ശബ്ദാനാമുപാദാനാച്ച പാലികാ ||
നന്ദഗോപസുതാ ദേവീ വേദാരണ്യ നിവാസിനീ |
മാത്രാ ഗോപാലികാനാമ്നാ സേവിതാസ്മദപേക്ഷയാ ||
തൽപ്രസാദാദിയം വ്യാഖ്യാ മയാ വിരചിതാ കില |
ഇതി ഗോപാലികാസംജ്ഞാമസ്യാ വ്യാചക്ഷതേ ബുധാഃ ||
മണ്ഡനാചാര്യകൃതയോ യേഷ്വതിഷ്ഠന്ത കൃത്സ്നശഃ |
തദ്വംശ്യേന മയാപ്യേഷാ രചിതാരാധ്യ ദേവതാം ||
ബ്രഹ്മവിഷ്ണു മഹേശാനരൂപിണീം വിശ്വമാതരം |
ഋഷിം പിതരമാനമ്യ ഭവദാസമനന്തരം ||
ഗുരൂനന്യാംശ്ച രചിതാ വ്യാഖ്യേയം ക്ഷമ്യതാം ബുധൈഃ |
യന്ന്യൂനമതിരിക്തം ച ദുരുക്തം ചേഹ കിഞ്ചന |
പരമേശ്വര ഏവാസ്യാഃ കർത്താ സാക്ഷാന്നിരഞ്ജനഃ || "

ഇവിടെ അഞ്ചാംശ്ലോകത്തിൽ "യേഷ്വധീയന്ത" എന്നുള്ളതിനു "യേനാധീയന്ത" എന്നു മാതൃകാന്തരത്തിൽ പാഠഭേദം കാണുന്നു. 'തദ്വംശ്യേന' എന്നുള്ളതിനു മണ്ഡനമിശ്രന്റെ വംശത്തിൽ ജനിച്ച ഗോപാലികാകർത്താവു് പരമേശ്വരൻ എന്നും അർത്ഥം.

26. നീതിതത്ത്വാവിർഭാവവ്യാഖ്യ. Adyar Library. XXXIX. A. 8.

ഇതിൽ ഉമ്വേക—മണ്ഡന—പാർത്ഥസാരഥി—സുചരിതമിശ്രൻ തുടങ്ങിയുള്ള മീമാംസകന്മാർ പലപ്പോഴും സ്മരണവിഷയമായിട്ടുണ്ട്.

"ഇതി ഗോപാലികാസൂനുഃ ഋഷേഃ പിതുരനുഗ്രഹാൽ |
അന്തേവാസി പിതൃവ്യസ്യ ഭവദാസസ്യ ധീമതഃ ||
ചിദാനന്ദകൃതാവാദ്യം വ്യാചഷ്ട പരമേശ്വരഃ |
വ്യാഖ്യാതും കാര്യവാദം ച സമീഹാ തസ്യ സംപ്രതി ||

(Page 141—7.)

* * * *

ന്നും അവരുടെ ഓരോരുത്തരുടെയും അനുഗ്രഹോപദേശങ്ങൾകൊണ്ടാണ് താൻ നീതിതത്ത്വാവിർഭാവവ്യാഖ്യയിൽ ഓരോ വാദപ്രഘട്ടകങ്ങളും രചിക്കാൻ ശക്തനായതെന്നും മററും സവിനയം പ്രസ്താവിക്കുന്നതുകൊണ്ട് വാസുദേവന്റെ സഹോദരന്മാരായി മൂന്നുപേരുണ്ടായിരുന്നുവെന്നു കിട്ടുന്നു. വാസുദേവന്റെ അമ്മയും അച്ഛനും ഗോപാലിയും മഹർഷിയും ആയതുകൊണ്ട് അവർക്ക് ഒമ്പതു പുത്രന്മാരുണ്ടായിരുന്നതായി 'ശിവോദയ'ത്തിൽനിന്നൂഹിക്കാൻ വഴിയുണ്ടെങ്കിലും ഋഷി ഭവദാസൻ വാസുദേവൻ സുബ്രഹ്മണ്യൻ എന്നിങ്ങനെ നാലുപേരൊഴിച്ച് ബാക്കി അഞ്ചു

ഇതി വ്യാഖ്യാപയാമാസ കാര്യവാദമിമം സുധീഃ ।
സുബ്രഹ്മണ്യോ യഥാർത്ഥാഖ്യോ ഭ്രാതുരേവ ച സൂനനാ ॥
വേദാരണ്യനിവാസിന്യാ ഹൈമവത്യാഃ പ്രസാദതഃ ।
വ്യാഖ്യാനം കർത്തുമേഷോഽദ്യ പ്രമാവാദേഽധ്യവസ്യതി ॥
(page. 275—83)

* * *

എവം സ്വതഃപ്രമാവാദം വ്യാഖ്യദ് ഗോപാലികാസുതഃ ।
ഭവദാസപിതൃവ്യസ്യ പ്രസാദാദേവ കേവലാൽ ॥
കായവാങ്മനസാം സമ്യക് പ്രഹ്വീഭാവേന ശങ്കരേ ।
അന്യഥാഖ്യാതിവാദേഽപി സ വ്യാഖ്യാതും സമുദ്യതഃ ॥
(page. 352—7.)

* * *

വ്യാകരോദന്യഥാഖ്യാതിവാദം ഗോപാലികാസുതഃ ।
സാക്ഷാൽപ്രതീതിവാദേ ച വ്യാഖ്യാതുമയമുദ്യതഃ ॥
(page 390.)

* * *

ഗണേശസ്യ പ്രസാദേന വൃഷക്ഷേത്രനിവാസിനഃ ।
കല്പനാപോഢവാദസ്യ വ്യാഖ്യാ താവൽ കൃതാ മയാ ॥
അഭിവന്ദ്യ ഹൃഷീകേശം വൃഷക്ഷേത്രനിവാസിനം ।
വ്യാഖ്യാനം ക്രിയതേ യോഗരൂഢിവാദേഽപി ശക്തിതഃ ॥
(page. 424.)

* * *

അഥ നത്വാ മഹാദേവം വൃഷഗ്രാമനിവാസിനം ।
കർമ്മപ്രത്യക്ഷവാദസ്യ വ്യാഖ്യാ പ്രസ്തൂയതേ മയാ ॥
(page. 492.)

* * *

മനോവൈഭവവാദോഽയം വ്യാഖ്യാതഃ സാംപ്രതം പുനഃ ।
മരുദ്വിഹായഃപ്രത്യക്ഷവാദോ വ്യാഖ്യായതേ സ്ഫുടം ॥
യോ ന്യായകണികാവ്യാഖ്യാമകരോൽ പരമേശ്വരഃ ।
തസ്യ പൗത്രേണ തത്സൂനോരേവാന്തേവാസിനാ സ്വയം" ॥
(page. 484.)

പേർ ആരെല്ലാമാണെന്നു മനസ്സിലാക്കാൻ യാതൊരു വഴിയും കാണുന്നില്ല. സ്ഫോടസിദ്ധ്യാദിഗ്രന്ഥവ്യാഖ്യാതാവായ പരമേശ്വരന്റെ അച്ഛനായും അമ്മയായും ഋഷിയുംഗോപാലികയും, ഈ ഋഷിയുടെ മാതാപിതാക്കന്മാരായി ഒരു ഗോപാലികയും ഋഷിയും, എന്നുള്ളതു പ്രത്യേകം ധരിക്കേണ്ട സംഗതിയാണ്. [27]മീമാംസാസൂത്രാർത്ഥസംഗ്രഹം എന്ന ഗ്രന്ഥത്തിൽ അതിന്റെ കർത്താവായ പരമേശ്വരൻ താൻ സ്ഫോടസിദ്ധ്യാദി ഗ്രന്ഥവ്യാഖ്യാതാവായ പരമേശ്വരന്റെ പൗത്രനാണെന്നുള്ളതിനെ,

"തഥാച തത്രഭവന്തഃ ഷഡ്ദർശനീപാരദൃശ്യത്വേ സത്യപി വിശേഷതഃ കൗമാരിലതന്ത്രസ്വാതന്ത്ര്യവത്തയാ വിവൃതതത്ത്വാവിർഭാവ—തത്ത്വബിന്ദു—സ്ഫോടസിദ്ധയഃ അസ്മൽപിതാമഹപാദാ വിഭ്രമവിവേകവ്യാഖ്യായാം"

എന്നിങ്ങനെ മുക്തകണ്ഠം വിശദപ്പെടുത്തിയിരിക്കുന്നു. സൂത്രാർത്ഥസംഗ്രഹകർത്താവായ പരമേശ്വരനും ഒരു ഋഷിയുടെ പുത്രനാണെന്നുള്ളതു്,

"ഇതി ശ്രീമദൃഷിപുത്രപരമേശ്വരവിരചിതേ സൂത്രാർത്ഥസംഗ്രഹേ"

എന്നു ഗ്രന്ഥത്തിന്റെ ഓരോ പാദസമാപ്തിയിലും കാണുന്നതുകൊണ്ടു് മനസ്സിലാക്കാം. ഋഷി ജാതവേദൻ ഭവത്രാതൻ ചിത്രഭാനു തുടങ്ങിയുള്ള നാമധേയങ്ങൾ പട്ടേരിമാൎക്കു സാധാരണയുള്ളതാണല്ലോ.

ന്യായകാണികാവ്യാഖ്യാനമായ [28]സ്വദിതങ്കരണി എന്ന പരമേശ്വരകൃതിയിൽ,

"ഇതി ശ്രീമദൃഷിഗൗരീനന്ദന ശ്രീഭവദാസപിതൃവ്യ ശ്രീമച്ഛങ്കരപൂജ്യപാദശിഷ്യപരമേശ്വരകൃതൗ"

എന്നിങ്ങനെ ഉപസംഹാരവാക്യങ്ങൾ കാണുന്നതുകൊണ്ടു് വാസുദേവയമകകവിയുടെ പിതൃവ്യനായി ഒരു പരമേശ്വരൻ ഉണ്ടായിരുന്നുവെന്നും അദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ ഗൗരിയും ഋഷിയും ആണെന്നും പിതൃവ്യൻ ഭവദാസനാണെന്നും ഊഹിക്കാൻ വഴികാണുന്നു. ഈ പരമേശ്വരൻ [29]ജുഷധ്വങ്കരണി എന്നും ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ടു്. കൂടാതെ, ഇദ്ദേഹത്തിന്റെ പൗത്രനാണു ഗോപാലികാവ്യാഖ്യാന കർത്താവായ പരമേശ്വരൻ എന്നുള്ളതും,

"യോ ന്യായകാണികാവ്യാഖ്യാ-
മകരോൽ പരമേശ്വരഃ.
തസ്യ പൗത്രേണ തത്സൂനോ-
രേവാന്തേവാസിനാ സ്വയം."

എന്നിങ്ങനെ നീതിതത്ത്വാവിർഭാവത്തിൽ ഉള്ളതുകൊണ്ടു് സ്പഷ്ടമാകുന്നു.

ഇക്കാൎയ്യങ്ങളെല്ലാം ശ്രീയുത ശേ. കൃ. രാമനാഥശാസ്ത്രി പ്രസ്താവിച്ചിട്ടുള്ളതിനെ കൃതജ്ഞതയോടു ഞാൻ സ്മരിക്കുന്നുണ്ടെങ്കിലും അഭിപ്രായഭേദമുള്ളതിനെ നിരൂപണം ചെയ്യേണ്ടതു് അത്യാവശ്യമാണല്ലോ. ഇപ്പറഞ്ഞ കാൎയ്യങ്ങളെ പറ്റി കാര്യപത്തിൽ സംഗ്രഹിച്ചു കൊള്ളുന്നു.

27. I. 38. 37 Government Mss. Library, Madras.
28. R. No. 3630. end. *Ibid.*
"ശ്രീമച്ഛങ്കരപൂജ്യസ്യ ശിഷ്യേണ ...... തേനേയം വ്യാക്രിയാ കൃതാ."
29. R. No. 3595. *Ibid.*




ഊഹ്യമായ പയ്യൂരാഢ്യപരമ്പര.

കൂടാതെ, നീതിതത്ത്വാവിർഭാവ വ്യാഖ്യയിൽ മററു പിതൃവ്യന്മാരെ സ്മരിച്ചിരിക്കുന്നതുപോലെ പിതൃവ്യപദം പ്രയോഗിച്ചിട്ടില്ലെങ്കിലും,

"കാലപ്രത്യക്ഷതാവാദ-
മേവം വ്യാഖ്യദ്ദ്വഷേഃസ്യതഃ.
ഭവദാസപിതൃവ്യസ്യ
പ്രസാദാദേവകേവലാൽ.
കായവാങ്മനസാം സമ്യക്
പ്രഹ്വീഭാവേന ശങ്കരേ.
അന്യഥാഖ്യാതിവാദേപി
സ വ്യാഖ്യാതും സമുദ്യതഃ."

എന്നിങ്ങനെ ഖ്യാതിപഞ്ചകാന്യതമമായ അന്യഥാഖ്യാതിയെ സംബന്ധിച്ച വാദപ്രക്രമശ്ലോകത്തിൽ ഒരു ശങ്കരനെ സ്മരിച്ചിരിക്കുന്നു. ആ ശങ്കരൻ കായം വാക്ക് മനസ്സ എന്നീ ത്രികരണങ്ങൾ പ്രഹ്വീഭവിച്ച ഒരു സംയമി ആയിരുന്നതുകൊണ്ട് അദ്ദേഹത്തിൻെറ ഉപദേശങ്ങളൊന്നും സിദ്ധിക്കാൻ പ്രസക്തിയുണ്ടായില്ലെങ്കിലും സാന്നിധ്യംകൊണ്ടു മാത്രം സ്വപൂജനീയതയെ പരമേശ്വരൻ വെളിപ്പെടുത്തുന്നു. ആയതുകൊണ്ടു ശങ്കരനും പിതൃവ്യന്മാരിൽ ഒരാളായിരിക്കണം എന്നുള്ള ഊഹം അസ്ഥാനത്തിലല്ല. സ്വദിതങ്കരണീഗ്രന്ഥത്തിൻെറ മാതൃകയിൽ അവസാനഭാഗത്തിൽ "ഇദം പയ്യൂർ ഭഗവൽപാദകൃതം" എന്നെഴുതിയിരിക്കുന്നതുകൊണ്ടും മററനേകം തെളിവുകൾകൊണ്ടും ഇവരെല്ലാവരും പയ്യൂരാഢ്യപരമ്പരയിലുള്ളവരാണെന്നു വ്യക്തമാകുന്നു. സ്വദിതങ്കരണീഗ്രന്ഥത്തിൽ നിന്നുദ്ധരിച്ച ഭാഗത്തിൽ "ശങ്കരപൂജ്യപാദശിഷ്യ" എന്നു കാണുന്നതുകൊണ്ട് ഗൗരീഭർത്താവായ ഋഷിക്കു ശങ്കരൻ എന്നൊരു അനുജൻകൂടി ഉണ്ടായിരുന്നു എന്നു കല്പിക്കുന്നതു എത്രത്തോളം യോജ്യമായിരിക്കുമെന്നു വായനക്കാർ നിശ്ചയിച്ചുകൊള്ളേണ്ടതാകുന്നു.

(ങ)

വാസുദേവൻെറ കാലം നിണ്ണയിക്കാൻ നമുക്കു മതിയായ ലക്ഷ്യങ്ങൾ ഒന്നുമില്ല. ഇതിനെപ്പററി ശേ. കൃ. രാ. ശാസ്ത്രി ദിഗ്ദശ്നം ചെയ്തിരിക്കുന്നതനുസരിച്ച് സകൃതജ്ഞം ചില കായ്യങ്ങൾ പ്രസ്താവിച്ചുകൊള്ളുന്നു. പരമേശ്വരാദികളുടെ ഗ്രന്ഥങ്ങളിൽ ശാസ്ത്രദീപികാ-നയവിവേക-തത്വസംഗ്രഹം തുടങ്ങിയുള്ള ഗ്രന്ഥങ്ങളുടെ വിഷയങ്ങൾ അന്തൂദിതങ്ങളായിരിക്കുന്നതുകൊണ്ട് കലിവത്സരം നാപ്പതാം ശതകത്തിനിപ്പുറമാകുന്നു വാസുദേവൻെറ കാലമെന്നു തീത്തു പറയാവുന്നതാകുന്നു. ഉദ്ദണ്ഡകവി തൻെറ [30] കോകിലസന്ദേശത്തിൽ,

"കിഞ്ചിൽ പൂർവാ രണ്വഖല-
ഭുവി ശ്രീമദധ്യക്ഷയേഥാ-
സ്തന്വീമാം സാദ്വയകുലഗുരോഃ
സദ്മ പുണ്യം മഹർഷേഃ.
വിദ്വദ്വൃന്ദേ വിവദിതുമനസ്യാഗതേ യത്ര ശശ്വ-
ദ്വ്യാഖ്യാശാലാവലഭിനിലയ-
സ്തിഷ്ഠതേ കീരസങ്ഘഃ.
ശാസ്ത്രവ്യാഖ്യാ ഹരിഹരകഥാ
സൽക്രിയാഭ്യാഗതാനാ-
മാലാപോ വാ യദി സഹ
ബുധൈ രാക്ഷിപേദസ്യചേതഃ.
തദ്വിസ്രബ്ധദ്വിജപരിവൃതേ
നിഷ്കുടദ്രൗ നിഷണ്ണഃ
കോകൂയേഥാഃ സ ഖലു മധുരാം
സൂക്തിമാകർണ്യ തുഷ്യേൽ.
സ്ഥാല്യശ്വത്ഥഃ സ്ഥിതിമയി
മയാശോഭനേത്ഥേ നിയുക്തം
ശ്രാവ്യം ശബ്ദൈഃ സരസ
സുമനോഭാജമഭ്രാന്തവൃത്തിം.
ദൂരപ്രാപ്ത്യാ പ്രശിഥിലമിവ
ത്വാം സഖേ കാവ്യകല്പം
ധീമാൻ പശ്യേൽ സ യദി
നനു തേ ശുദ്ധ ഏവ പ്രചാരഃ".

എന്നിങ്ങനെ പ്രസ്താവിക്കുന്നു. ഇതിൽ ആദ്യത്തെ രണ്ടു പദ്യങ്ങളിൽനിന്നു ശംബരക്രോഡ-വൃഷപുരങ്ങളുടെ മദ്ധ്യത്തിൽ ഇരിക്കുന്ന 'രണ്വഖലം' അല്ലെങ്കിൽ പോക്കളം എന്ന പ്രദേശം വാസുദേവൻെറ പിതാവായ ഋഷിയുടെ നിവാസസ്ഥാനമായിരുന്നുവെന്നും, ഋഷി, അനേകശാസ്ത്രപാരങ്ഗതനും ഗാർഹസ്ഥ്യധമ്മനിരതനും മററുള്ളവരുടെ നിരതിശയഭക്തിയ്ക്കു പാത്രവും ആയിരുന്നുവെന്നും സ്പഷ്ടമാകുന്നുണ്ട്. കൂടാതെ അദ്ദേഹം ഒരു സഹൃദയോത്തമനായിരുന്നതുകൊണ്ട് കേരളീയരായ ഗ്രന്ഥകാരന്മാർ തങ്ങളുടെ ഗ്രന്ഥങ്ങളെ അദ്ദേഹത്തെ കേൾപ്പിച്ചു തൃപ്തിപ്പെട്ടു പ്രചരിപ്പിക്കുക പതിവായിരുന്നുവെന്നു മൂന്നാം പദ്യം മനസ്സിലാക്കുന്നു. അതുപോലെ ഉദ്ദണ്ഡകവി മല്ലികാ മാരുതം എന്ന നാടകത്തിൽ തൻെറ പാണ്ഡിത്യപ്രകഷത്തെ പ്രശംസിക്കുന്നവനായ ഒരു ഋഷിപുത്രപരമേശ്വരനെ ഉദാഹരിക്കുന്നതു ഇപ്രകാരമാകുന്നു:—

"കഥിതമപ്യേതന്മീമാംസാചക്രവത്തിനാ മഹർഷിപുത്രേണ പരമേശ്വരേണ—

30. II. a. 170 178 79 80 *Ibid.* Also printed at Mangalodayam Press, Trichur.

31. Edited by Jivananda Vidyasagar, Calcutta, 1878, page 15.

വേദേ സാദരബുദ്ധിരുദ്ധതതരേ
തൎക്കേ പരം കൎക്കശഃ
ശാസ്ത്രേ ശാന്തമതിഃ കലാസു കുശലഃ
കാവ്യേഷു ഭവ്യോദയഃ.
ശ്ലാഘ്യഃ സൽകവിതാസു ഷട്സ്വപി
പടുർ ഭാഷാസു സത്വം ക്ഷിതൌ
സൎവ്വോദ്ദണ്ഡകവിപ്രകാണ്ഡ! ഭവതേ
കസ്മൈ ന വിസ്മേരതാം.''

ഇതിൽനിന്നു ഉദ്ദണ്ഡകവി പയ്യൂരാഢ്യ ഭൂസുരന്മാരോടു വളരെ അടുപ്പമുള്ള ആളായിരുന്നുവെന്നുള്ളതു വ്യക്തമാണല്ലോ. പയ്യൂരാഢ്യന്മാർ സാമൂതിരിസഭാലങ്കാരമായിരുന്നുവെന്നുള്ളതു സൎവ്വജനവിദിതമാണ്. കൊല്ലവൎഷം ൬൦൨-ൽ ജനിച്ച [32]'തന്ത്രസമുച്ചയ' പ്രണേതാവായ ജയന്തമങ്ഗലദ്വിജവരന്റെ സമകാലികനാണു ഉദ്ദണ്ഡകവി എന്ന വിഷയം തന്ത്രസമുച്ചയത്തിലുള്ള ''ശങ്ഖഭ്രേങ്ഖച്ചടുല'' ഇത്യാദിപദ്യം ഉദ്ദണ്ഡപ്രണീതമാണെന്നുള്ള പ്രസിദ്ധിയിൽനിന്നു തെളിയുന്നു. ഉദ്ദണ്ഡപ്രതിസ്പൎദ്ധിയായിരുന്ന കാക്കശ്ശേരിഭട്ടതിരിയും തന്റെ [33]വസുമതീവിക്രമം എന്ന നാടകത്തിൽ,

യസ്മിൻ പ്രീണാതി വാണീകരതല-
വിലസദ്വല്ലകീതുല്യഭാജാം
സ്രോതാ വാതായനാധീശ്വരവിശ-
ദശിരഃകമ്പദംഭാവഹാനാം.
വാചാം മോചാമധൂളീമധുരരസ-
ജുഷാമുല്ലസന്നൈനഗമാധ്വ-
ശ്രദ്ധാലുഃ കേരളക്ഷ്മാതിലകമൃഷിഃ
സാഹിതീപാരദൃശ്വാ.''

എന്നിങ്ങനെ ഒരു ഋഷിയെപ്പററി പ്രസ്താവിക്കുന്നു. കലിവത്സരം നാല്പത്താറാം ശതകത്തിൽ ജീവിച്ചിരുന്നയാളും ചതുരധികശതപ്രബന്ധനിൎമ്മാതാവും "നീലകണ്ഠദീക്ഷിതരുടെ പിതാമഹഭ്രാതാവും ആയ അപ്പയ്യദീക്ഷിതർ 'വേദാന്തകല്പതരു' എന്ന ഗ്രന്ഥം വ്യാഖ്യാനിക്കുമ്പോൾ ബാലകവിയായിരുന്ന ഉദ്ദണ്ഡശാസ്ത്രി,

''അപ്പദീക്ഷിത! കിമിത്യതിസ്തുതിം
വൎണ്ണയാമി ഭവതോ വദാന്യതാം.
സോഽപി കല്പതരുരൎത്ഥലിപ്സയാ
ത്വദ്ഗിരാമവസരം പ്രതീക്ഷതേ.''

എന്നിങ്ങിനെ ദീക്ഷിതരെ ഉപശ്ലോകനം ചെയ്തതായി കാണുന്നു. ഇതെല്ലാം വെച്ചു നോക്കുമ്പോൾ ഉദ്ദണ്ഡകവിയുടെ കാലം കലിവത്സരം നാല്പത്താറാം ശതകത്തിലാണെന്നു വരുന്നു. വാസുദേവയമകകവിയുടെ കാലവും അതിനു സമീപിച്ചായിരിക്കണം എന്നുമാത്രമേ തല്ക്കാലം പറയാൻ നിവൃത്തിയുള്ളു.

കൊച്ചിരാജ്യചരിത്രത്തിൽ വാസുദേവനെപ്പററി ഇങ്ങിനെ പറഞ്ഞുകാണുന്നു—

''വാസുദേവീയമെന്നു പേരായ പാണിനീയസൂത്രോദാഹരണമായ കാവ്യം ഉണ്ടാക്കിയ പണ്ഡിതർ പട്ടത്തു വാസുദേവൻഭട്ടതിരിപ്പാടു പെരുമനത്തുകാരനായിരുന്നു. അദ്ദേഹം യുധിഷ്ഠിരവിജയം എന്ന കാവ്യം ഉണ്ടാക്കിയതു കൊടുങ്ങല്ലൂർ മഹോദയപുരത്തിൽ കുലശേഖരപ്പെരുമാളുടെ വാഴ്ചക്കാലത്താണെന്നു ആ ഗ്രന്ഥത്തിന്റെ പ്രസ്താവനാശ്ലോകങ്ങളിൽ നിന്നു തെളിയുന്നുണ്ട്.''

32. Trivandrum Sanskrit Series. No 67 and 71.
33. Madras University Sanskrit Series No. 6. Introduction, page xviii.

പി. ഗോവിന്ദപ്പിള്ള അവർകളുടെ മലയാളഭാഷാചരിത്രത്തിൽ ഇങ്ങിനെ പറഞ്ഞുകാണുന്നു—

“(വാസുഭട്ടതിരിക്കു) ഭാരതാചാര്യർ എന്നൊരു ഗുരു ഉണ്ടായിരുന്നുവെന്നും അദ്ദേഹം കുലശേഖരൻ എന്ന രാജാവിന്റെ സമജാതൻ എന്നും ആ രാജാവിനു കുലശേഖരൻ എന്ന പേർ അഭിഷേകത്തിൽ ഉണ്ടായതെന്നും പിതൃകൃതമായ നാമം രാമവർമ്മൻ എന്നും അദ്ദേഹത്തിന്റെ പുരത്തിന്റെ പേർ മഹോദയം എന്നും സ്പഷ്ടമായി കാണുന്നതിനാൽ”

വാസുഭട്ടതിരി വിദ്യാസമ്പന്നനായിത്തീർന്നവിധവും യമകകാവ്യങ്ങൾ രചിക്കാനുള്ള കാരണവും അവയ്ക്കു ആശ്വാസരൂപേണ വിഭാഗം ഉണ്ടാവാനുള്ള കാരണവും പയ്യൂർ മഹർഷിയെപ്പററിയുള്ള വിവരങ്ങളും മററും ഐതിഹ്യപ്രധാനമായി ഭാഷാചരിത്രങ്ങളിലും മററും വിവരിച്ചിട്ടുള്ളതു പ്രസിദ്ധമാണ്.

(ച)

ഈ നിബന്ധത്തിൽ പ്രസ്താവിച്ചിട്ടുള്ള കൃതികളിൽ ഒട്ടുമുക്കാലും അച്ചടിക്കാതെയും പലരും പകർത്തിഎഴുതി ഉപയോഗിക്കാതെയും അപ്രസിദ്ധങ്ങളായിത്തീർന്നിരിക്കുന്നു. അപൂർവ്വമായി ജരാജർജ്ജരിതങ്ങളായ താളിയോലകളിൽ ലയിച്ചിരിക്കുന്ന ഈ കൃതികളുടെ ഏതാനും ഭാഗങ്ങൾ ഇപ്പോൾ നശിച്ചിരിക്കുന്നു. ദേവീചരിതഗ്രന്ഥത്തിലെ ആദ്യഭാഗങ്ങൾ അതായതു ഒന്നാമാശ്വാസവും രണ്ടാമാശ്വാസത്തിൽ ആദ്യഭാഗവും വമ്രികൾ അല്ലെങ്കിൽ രാമബാണങ്ങൾ ഭക്ഷിച്ചുപോയതുകൊണ്ടും മററൊരു പ്രതികിട്ടാത്തതുകൊണ്ടും നമുക്കു നഷ്ടമായിത്തീർന്നിട്ടുണ്ട്. ശിവോദയത്തിൽ ആദ്യത്തെ രണ്ടാശ്വാസങ്ങൾ മാത്രമേ കാണാനിടയായിട്ടുള്ളൂ. ഇങ്ങിനെ ലോകരംഗത്തിൽ അവതരിക്കാതെ അപൂർവ്വഗ്രന്ഥഭണ്ഡാരഗുഹാനേപഥ്യങ്ങളിൽ വിശ്രാന്തങ്ങളും അനർഘങ്ങളും കേരളീയരുടെ വിജ്ഞാനഭണ്ഡാരങ്ങളും ആയ അനേകം സാഹിത്യഗ്രന്ഥരത്നോജ്ജ്വലവേഷങ്ങൾ കാലക്രൗര്യത്താൽ കാന്തിനശിച്ചു ആസ്വാദ്യത നൾകാതെ നഷ്ടങ്ങളായിത്തീർന്നിരിക്കുന്നു എന്നുള്ള വിഷയം ഓർക്കുമ്പോൾ ഏതൊരു സഹൃദയപാരിഷദനും ദ്രുതചിത്തനായിത്തീരുമെന്നുള്ളതിനു സംശയമില്ല. അതുപോലെ പല കൃതികളും നാശോന്മുഖങ്ങളായിരിക്കുന്നുവെന്നുള്ളതും പ്രസ്താവ്യമത്രേ. ഭൂഷിതവിദ്യന്മാരായ സഹൃദയാഗ്രേസരന്മാർ കേരളീയരുടെ മഹാർഘനിധികളായ പ്രകൃഷ്ടപ്രബന്ധങ്ങളെ പ്രത്യേക ശ്രദ്ധയോടു ആരാഞ്ഞെടുത്തു വേണ്ടപോലെ പ്രസിദ്ധപ്പെടുത്തി അവയെ സഹൃദയന്മാരുടെ മനോമുകരത്തിൽ പ്രതിഫലിപ്പിച്ച് വിദ്യാവ്യസനികളുടെ ഭാവിയെ അല്പം കൂടി വിജ്ഞാനമണികിരണഭാസുരമാക്കുന്നതിനു താല്പര്യപ്പെടുന്നു.

# മുക്തിയും ഭക്തിയും.

വി. കൃഷ്ണൻതമ്പി, ബി. എ.

'പ്രയോജനമനുദ്ദിശ്യ നമന്ദോfപി പ്രവത്തതേ'. ഏതെങ്കിലും ഒരു പ്രയോജനംകരുതാത്ത ഒരു പ്രവൃത്തി എത്രമന്ദബുദ്ധിയായിട്ടുള്ളവനും ചെയ്യുകാണുന്നില്ല. മൂളുക, കൈഞൊടിക്കുക, മുതലായ നിസ്സാരപ്രവൃത്തികൾക്കുപോലും പ്രയോജനംവേണം. പ്രയോജനം കാണാത്ത പ്രവൃത്തിചെയ്യുന്നവനെ ഭ്രാന്തനെന്നു നാം തീച്ചപ്പെടുത്തും. എന്നാൽ എല്ലാപ്രവൃത്തികൾക്കും അടിസ്ഥാനപ്പെട്ടിരിക്കുന്ന ഏററവും പ്രധാനപ്പെട്ട പ്രവൃത്തിയാണു് ജീവിക്കുക എന്നതു്. അതിനാകട്ടെ ആരുംതന്നെ പ്രയോജനം അന്വേഷിക്കാറില്ല. എന്നുതന്നെയല്ല, ഒരാളോടു 'ഹെ നിങ്ങൾ ജീവിക്കുന്നതു് എന്തുപ്രയോജനം ഉദ്ദേശിച്ചാണു്?' എന്നു ചോദിച്ചാൽ ചോദിക്കുന്നവൻ ഭ്രാന്തനാകുകകൂടിചെയ്യും. ലോകത്തിൻെറ സർവ്വസാധാരണമായ യുക്തിയില്ലായ്മയ്ക്കു് ഇതു വീണ്ടും ഒരു ഉദാഹരണം എന്നേ പറയാനുള്ളു. എന്നാൽ പ്രയോജനമറിയാതെ ചെയ്യുന്ന യാതൊരുപ്രവൃത്തിയും വിജയകരമായി പരിണമിക്കാറില്ലല്ലോ. ആകയാൽ ജീവിതത്തിൻെറ പ്രയോജനവും നാം പ്രയത്നിച്ചു കണ്ടുപിടിക്കേണ്ടതുണ്ടു്.

ജീവിതപ്രയോജനം യുക്തികൊണ്ടു് നമുക്കു് ഏതാണ്ടു അനുമാനിക്കാൻ കഴിയും. ഒരു കൃത്യത്തിൻെറ പ്രധാനസ്വഭാവങ്ങളെല്ലാം അതിൽ ഉൾപ്പെട്ട അവാന്തരകൃത്യങ്ങളിൽ ഓരോന്നിലും പ്രതിബിംബിച്ചിരിക്കും. സിംലായ്ക്കു പറപ്പെടുന്ന ഒരാളിൻെറ ഗതി വടക്കോട്ടേക്കുതന്നെയായിരിക്കും. വല്ല പ്രതിബന്ധവും ഒഴിയാൻവേണ്ടി ഗതി ചിലപ്പോൾ മറെറാരുദിക്കിലേക്കായാലും വീണ്ടും വടക്കോട്ടേക്കുതന്നെയാകും. അതായതു് സിംലാ വടക്കാണെന്നുള്ള വസ്തുത അയാളുടെ ഗതിയിൽ സവ്വത്ര പ്രതിബിംബിച്ചിരിക്കും. അതുപോലെതന്നെ മേൽപുരയിലുള്ള ഒരു സുഷിരത്തിൽക്കൂടിയോ, മരത്തണലുകളിലോ കാണാവുന്ന സൂയ്യപ്രതിബിംബങ്ങൾ നോക്കുക. അവ സൂയ്യനേ അപേക്ഷിച്ചു് സഹസ്രകോടിയിൽ ഒരംശത്തോളവും വലിപ്പമോ തേജസ്സോ ഉള്ളവയല്ല. എങ്കിലും ഓരോ പ്രതിബിംബവും സൂയ്യൻെറ അതിപ്രധാനങ്ങളായ രണ്ടു സ്വഭാവങ്ങളെ വ്യക്തമായി കാണിക്കുന്നുണ്ടു്. അതായതു് അവ ഓരോന്നും വൃത്താകാരമായിരിക്കും, തേജോമയമായിരിക്കും. ഈ യുക്തികളനുസരിച്ചു നോക്കുമ്പോൾ ജീവിക്കുക എന്ന മഹാകൃത്യത്തിൻെറ പ്രധാനസ്വരൂപങ്ങൾ മുഴുവൻ അതിലുൾപ്പെടുന്ന അസംഖ്യം ക്ഷുദ്രകൃത്യങ്ങളിലും തെളിഞ്ഞുകാണണം എന്നു് തീച്ചപ്പെടുത്താം. ഇനി നമ്മുടെ ജീവിതത്തിൽ നാം ചെയ്യുന്ന പ്രവൃത്തികളിലൊക്കെ പ്രധാനമായി സാവ്ത്രികമായി കാണുന്ന ഉദ്ദേശങ്ങൾ പരിഗണിക്കാം. ഒന്നാമതായി ഏതുപ്രവൃത്തിക്കും ആണിക്കല്ലായിക്കാണുന്നതു് നമുക്കു് നാശം സംഭവിക്കരുതു് എന്നുള്ള ഉദ്ദേശമാണു്. എത്ര ദരിദ്രനും, രോഗപീഡിതനും, ജീവിതത്തെ സവ്ാത്മനാ പുണന്നുതന്നെ കാണുന്നു. ഇതു

സത്തയിലുള്ള ഇച്ഛ. രണ്ടാമതായി നമ്മുടെ പ്രവൃത്തികൾക്കു പ്രേരകമായിരിക്കുന്നതു് ചുററുമുള്ള വസ്തുതകൾ അറിയുവാൻ, അനുഭവപ്പെടുവാൻ, ഉള്ള ഒരു അത്യാശയാണ്. വെറുതെ, യാതൊന്നുമറിയാതെ, മൺകട്ടപോലെ, മത്തുപിടിച്ചുള്ള ജീവിതം ആരും ഇച്ഛിക്കുന്നില്ല. നമ്മുടെ ബുദ്ധികൊണ്ടു് സകലത്തേയും വ്യാപിക്കുവാനുള്ള സ്വതഃസിദ്ധമായ ഈ ആഗ്രഹത്തെ ചൈതന്യത്തിലുള്ള ഇച്ഛയെന്നു പറയാം. മൂന്നാമതായി നമ്മുടെ പ്രവൃത്തികൾക്കു ശക്തിമത്തായ പ്രേരകമായിരിക്കുന്നതു് സുഖത്തിലുള്ള ഇച്ഛയാണ്. ഇങ്ങനെ നമ്മുടെ ഏതു നിസ്സാരപ്രവൃത്തികൾക്കും ആധാരഭൂതമായിക്കാണുന്ന ഈ ഉദ്ദേശ്യങ്ങൾ, പ്രയോജനങ്ങൾ, അതായതു്—സത്ത, ചൈതന്യം, സുഖം, എന്നിവതന്നെയായിരിക്കരുതോ ജീവിതോദ്ദേശ്യവും, അല്ലെങ്കിൽ ജീവിതപ്രയോജനവും. 'അതെ' എന്നാണ് ഉപനിഷത്കവികളും ശങ്കരൻ മുതലായ ക്രാന്തദർശികളും അനുഭവസിദ്ധിയുടെ പിൻതാങ്ങലോടുകൂടിപ്പറയുന്നതു്. സത്ത്വം, ചിത്ത്വം, ആനന്ദത്വം, എന്നീ ലക്ഷണങ്ങളൊത്ത ഒരു നിലയാണ് നമുക്കു് പ്രാപ്യമായി അവർ ഘോഷിക്കുന്നതു്. അതിനു ബ്രഹ്മമെന്നു് അവർ പേരും പറയുന്നു. സൂര്യനും, സൂര്യന്റെ മേൽപറഞ്ഞ പ്രതിബിംബങ്ങൾക്കും തമ്മിലുള്ള വ്യത്യാസമുണ്ടു്, നാം കാംക്ഷിക്കുന്ന സത്ത, ചൈതന്യം, സുഖം എന്നിവയ്ക്കും ഉപനിഷത്തുകളിലെ സച്ചിദാനന്ദലക്ഷണമായ ബ്രഹ്മത്തിനും തമ്മിൽ. നാം കാംക്ഷിക്കുന്ന സത്ത ജഡത്തിന്റെ സത്ത, നാം കാംക്ഷിക്കുന്ന അറിവു് ഈ ഇന്ദ്രിയങ്ങൾകൊണ്ടു കിട്ടാവുന്നവ, നാം കാംക്ഷിക്കുന്ന സുഖം ഭൗതികമായ സുഖം. ഇവ എത്രയോ ക്ഷുദ്രങ്ങൾ, വെറും നിഴലുകൾ. നാം എന്നുപറയുന്നതുതന്നെ മണ്ണാൽ ചമച്ചതും മണ്ണായ് ചമയുന്നതുമായ ജഡമായിട്ടത്രെ നാം കരുതുന്നതു്. യഥാർത്ഥമായ നാം ആത്മാവാണ്, ശരീരം അതിന്റെ നിഴലുമാത്രവുമാണ്. ഇങ്ങനെ നിഴലുകൾക്കു പിന്നാലെ നിഴലുകൾ ഓടുകയാണ് ലോകം. യഥാർത്ഥമായ നാം അതായതു് ആത്മാവു്, യഥാർത്ഥമായ അഖണ്ഡസത്ത അഖണ്ഡചൈതന്യം അഖണ്ഡാനന്ദം എന്ന ലക്ഷണങ്ങളോടുകൂടിയ ബ്രഹ്മം എന്നനില പ്രാപിക്കേണ്ടതാണ് ആവശ്യമായിട്ടുള്ളതു്. ഒരനുഭവസിദ്ധൻ പറയുന്നതു് ഇങ്ങനെയാണ്.

> വക്തവ്യം കിമു വിദ്യതേഽത്ര ബഹുധാ
> ബ്രഹ്മൈവ ജീവഃ സ്വയം
> ബ്രഹ്മൈതജ്ജഗദാപരാണു സകലം
> ബ്രഹ്മാദ്വിതീയം ശ്രുതേഃ
> ബ്രഹ്മൈവാഹമിതി പ്രബുദ്ധമതയഃ
> സന്ത്യക്തബാഹ്യാഃ സ്ഫുടം
> ബ്രഹ്മീഭൂയ വസന്തി സന്തതചിദാ-
> നന്ദാത്മനൈവ ധ്രുവം.

'വളരെപ്പറയേണ്ടതില്ല. ഈ ജീവൻ ബ്രഹ്മമാണ്. പരമാണുപര്യന്തം സകല ചരാചരങ്ങളും ബ്രഹ്മമാണ്. രണ്ടാമതൊരുവസ്തു ഇല്ലതന്നെ. ഞാൻ ബ്രഹ്മം എന്നു് ബുദ്ധിയുണർന്നവർക്കു് താനെന്നും അന്യനെന്നും എന്നുള്ള ഭേദം ഉണ്ടാകയില്ല. യഥാർത്ഥത്തിൽ അപ്പോഴാണ് താൻ താനാകുന്നതു്. എന്നിട്ടു് ശാശ്വതമായ ആനന്ദവും ചൈതന്യവും സത്തയും സിദ്ധിക്കുന്നു.' എന്നുസാരം.

എന്നാൽ നമുക്കു് ഈ ബ്രഹ്മത്വം എങ്ങിനെ സിദ്ധിക്കേണ്ടു. അതിന്നു് മറു

പടിപറയുന്നു. ബ്രഹ്മം എന്നുപറയുന്നതു് ഈ സകലചരാചരങ്ങളുമാണു്. നാം കരുതിപ്പോരുന്നതു് നാം ഒന്നുവേറെയെന്നാണു്. ഈ ദ്വന്ദ്വയുദ്ധത്തിൽ നിന്നാണു് ഞാൻ, നീ; സുഖം, ദുഃഖം; ലാഭം, നഷ്ടം; ജയം, അപജയം ഇത്യാദി സകല ക്ലേശങ്ങളുടേയും ഉല്പത്തി. ഈ ദ്വന്ദ്വബുദ്ധി മാററണം. നാം എന്നുവച്ചാൽ ഈ കാണുന്നതു സകലതും തന്നെയാണു് എന്നു ബോധമുണ്ടാകണം. 'അപ്രകാരം ഒരുബോധം എങ്ങനെ ഉണ്ടാകും. ഞാൻ വേറൊരാളാണെന്നോ, വേറൊരുവസ്തുവാണെന്നോ ധരിക്കുക അസാദ്ധ്യമല്ലെ' എന്നു നമുക്കു് തോന്നിയേക്കാം. സത്യത്തിൽ അനുഭവം കൊണ്ടേ ആ ബോധം ഉണ്ടാകയുള്ളു. എന്നാലും ആ അനുഭവത്തിനു് അത്യന്താഭാവമില്ലെന്നും യുക്തിക്കുകൂടി അംഗീകാര്യമാണെന്നും കാണിക്കാവുന്ന ഒരു കഥ പറയാം.

ഒരാൾ പക്ഷപാതരോഗം പിടിപെട്ടു് കാൽരണ്ടും തളർന്നനിലയിൽ കിടക്കുന്നു. കാലിൽ എന്തുപ്രവൃത്തിച്ചാലും അയാൾ അറിയുന്നില്ല. അതയാളുടേതെന്ന ബോധംതന്നെയില്ല. എങ്ങോട്ടെങ്കിലും കൈകുത്തി നിരങ്ങിപ്പോകണമെങ്കിൽ പിന്നാലെ വലിച്ചുകൊണ്ടുപോകേണ്ട രണ്ടു ഭാരങ്ങളേ ആകുന്നുള്ളു. അപ്പോഴൊരു വൈദ്യൻ വരുന്നു. സ്നേഹനവിധി ആരംഭിക്കുന്നു. അതായതു് കുഴമ്പുകൾകൊണ്ടു തടവുന്നു. കുറെനാൾ കഴിഞ്ഞപ്പോൾ വല്ല സൂചിയോമറേറാ കാലിൽ കുത്തിയാൽ അയാൾക്കറിയാറായി. ചികിത്സ ഒരുമണ്ഡലം നടക്കുന്നു. എന്നിട്ടു് ഒരുദിവസം വൈദ്യൻ വന്ന സമയം രോഗിയെ കാണ്മാനില്ല. താനല്ലെന്നും തനിക്കു രണ്ടുതടി വിലങ്ങുകളാണെന്നും കരുതിയിരുന്ന കാലുകൾ താൻതന്നെയാണെന്നും തനിക്കു് സ്വതന്ത്രസഞ്ചാരസാമഗ്രികളാണെന്നും അനുഭവപ്പെട്ട രോഗി ശയ്യയിൽനിന്നെണീററു്, അയാളുടെ ജോലിക്കു് പൊയ്ക്കഴിഞ്ഞു. ഇങ്ങനെ പക്ഷപാതിക്കു് കാലുകളിൽ സംബുദ്ധി ലഭിച്ചതുപോലെ മാനസികമായ പക്ഷപാതരോഗം പിടിപെട്ട നമുക്കു് ഈ പ്രപഞ്ചം നാംതന്നെയാണെന്ന ബുദ്ധിയെന്തുകൊണ്ടു് വന്നുകൂടാ? ഇവിടെയും വേറൊരർത്ഥത്തിൽ സ്നേഹനവിധി ആവശ്യമുണ്ടെന്നേയുള്ളു. നാം എല്ലാററിനേയും സ്നേഹിച്ചുതുടങ്ങണം. ആ സ്നേഹം നിസ്സ്വാർത്ഥമായി സർവ്വവ്യാപിയായി ഭവിക്കുമ്പോൾ നമുക്കു് അതുതന്നെയാണു് ബ്രഹ്മപ്രാപ്തി. ആദ്യമായി ഇതിലേക്കു സാധിക്കേണ്ടതു് സമബുദ്ധിയാണു്. ബ്രാഹ്മണനിലും പശുവിലും ആനയിലും ശ്വാവിലും ശ്വാവിനെ തിന്നു ജീവിക്കുന്നവനിലും പണ്ഡിതനു് സമബുദ്ധിതന്നെ തോന്നണം. "ആത്മവത് സർവ്വഭൂതാനി പശ്യേത്." സമസ്തവസ്തുക്കളേയുംനമ്മെപ്പോലെതന്നെ വിചാരിക്കണം, എന്നൊക്കെയാണു് ഗീതയിൽ ഭഗവാൻ ശ്രീകൃഷ്ണൻ അരുളിച്ചെയ്യുന്നതു്.

പാശ്ചാത്യലോകത്തിൽ ഈയിടെ വളർന്നുവന്നിട്ടുള്ള സോഷ്യലിസം (socialism) എന്ന പ്രസ്ഥാനത്തിനും മുഖ്യതത്വം സമബുദ്ധിയാണു്. എന്നാൽ വേദാന്തത്തിനും സോഷ്യലിസം എന്നതിനും തമ്മിൽ ഈ വലുതായ വ്യത്യാസമുണ്ടു്. മനുഷ്യനെ മനുഷ്യൻ അടിമപ്പെടുന്ന feudalism, capitalism മുതലായവ പലതും പരീക്ഷിച്ചു് തോററ പാശ്ചാത്യചിന്തകന്മാർക്കു് ഗത്യന്തരമില്ലാതെയായപ്പോൾ ഈ സമബുദ്ധിവാദം ഒരു പുതിയ പരീക്ഷണം ആകുന്നതേയുള്ളു. മററുള്ള രാഷ്ട്രങ്ങൾ ലോകനന്മയ്ക്കുപററികണ്ടില്ലെ

ന്നതുമാത്രമേ സമബുദ്ധി സ്വീകരിക്കുന്നതിൽ യുക്തികാണ്മാനുള്ളു. വേദാന്തിക്കാകട്ടെ അതിനുവേണ്ട യുക്തിയുണ്ടു്. നാമും മററുസകലവസ്തുക്കളും ഒന്നാണെന്നുള്ള ബുദ്ധിയാണു് ഏതുജീവിക്കും പ്രാപ്യമായിട്ടുള്ളതു്. ആ ബുദ്ധി ഏതുകാലത്തെങ്കിലും ഏതുജന്മത്തിലെങ്കിലും വരികതന്നെവേണം, വരികതന്നെചെയ്യും. ആകയാൽ നാളത്തെ ഐക്യബോധസിദ്ധിക്കു് ഇന്നത്തെ സമബുദ്ധി ഒഴിച്ചുകൂടാൻ വയ്യാത്ത പ്രഥമ സോപാനമാണല്ലോ.

കൂടാതെ സർവ്വലോകങ്ങൾക്കും മൂലഭൂതമായുള്ള ഐക്യം അല്പം ആലോചിച്ചാൽ മനസ്സിലാകും. ഓരോജീവികളും ഓരോ സ്വതന്ത്രഗോളങ്ങളെപ്പോലെ വെവ്വേറെയുള്ള വസ്തുക്കളാണെങ്കിൽ ഇവർതമ്മിൽ ഇണങ്ങുന്നതെങ്ങനെ. ഇണങ്ങീട്ടുതന്നെ എന്തുവേണം. ഒരാളുടെ കോപഹർഷസൌമുഖ്യാദികൾ മററാളുകളെ സ്പർശിക്കയുമില്ല. എന്നാൽ നേരേമറിച്ചാണല്ലോ നമുക്കു് അനുഭവം. ഒരു മണൽത്തിട്ടയിൽ രണ്ടുമരങ്ങൾ നിൽക്കുന്നു. ചിലബാലന്മാർ ഒന്നിനെപ്പിടിച്ചു് കുലുക്കിയപ്പോൾ മറേറതും കുലുങ്ങിക്കണ്ടു. ഇതെന്താണെന്നു ശങ്കിച്ചു് അവർ മണ്ണുതോണ്ടിനോക്കി. മൂന്നുനാലടി മണ്ണു മാററിയപ്പോൾ രണ്ടും ഒരു മൂട്ടിൽനിന്നു് പിരിഞ്ഞതാണെന്നു്, അതായതു് മരം രണ്ടല്ല, ഒന്നാണെന്നു് മനസ്സിലാകുന്നു. അതുപോലെ അജ്ഞാനമാകുന്ന മണ്ണു നീക്കിക്കളയുമ്പോൾ നമുക്കു സർവ്വലോകവുമായുള്ള ഐക്യം ബോധ്യമാകും. ദ്വന്ദ്വം നശിക്കും. അനന്തമായ ആനന്ദം അനുഭവപ്പെടും. ഈ ഐക്യബുദ്ധിയേയും തജ്ജന്യമായ ശാശ്വതാനന്ദത്തേയുമാണു് നാം തേടേണ്ടതും നേടേണ്ടതും.

എങ്കിലും ഇങ്ങനെയൊക്കെ യുക്തികൊണ്ടു മനസ്സിലാക്കിയശേഷവും ഈ ജ്ഞാനം അനുഭവത്തിൽ വരിക എന്നതു ദുർഘടമാണല്ലോ— "ഈ കാണുന്നതൊക്കെ ഞാനെന്നു് എങ്ങനെ ബോധം വരേണ്ടു. ഓരോ ജീവിയും വെവ്വേറെ ഞാൻ ഞാൻ എന്നഭിമാനിക്കുന്ന ആ ബോധം, ആ ചൈതന്യം, ഒക്കെക്കൂടി ഞാനാണെന്നു് എങ്ങനെ അനുഭവപ്പെടേണ്ടു. അതു് ദുഷ്കരമാണു്. എന്നാൽ നിരാശക്കു വഴിയില്ല. ജ്ഞാനം മാത്രമല്ല ഇക്കാര്യത്തിൽ നമുക്കു് സഹായമായിരിക്കുന്നതു്. ഭക്തിയും ഈ ബ്രഹ്മാനുഭൂതിക്കു് ജ്ഞാനംപോലെ സാധകമാണു്. ലോകസംഗ്രഹത്തിനായി മനുഷ്യശരീരം അവലംബിച്ചു് ഭൂജാതന്മാരായ, ദിവ്യന്മാരായ, പരമകാരുണികന്മാരായ അതവാരപുരുഷന്മാർ സദാ നമുക്കു് ഹസ്താവലംബം നൽകുവാൻ സജ്ജന്മാരായിട്ടുണ്ടു്. ഈ വിവരിച്ച ബ്രഹ്മംതന്നെ നമ്മുടെ ഉദ്ധാരണത്തിനുവേണ്ടി സഗുണമായി സ്വരൂപമായി മനുഷ്യരൂപമായി അവതരിച്ചിട്ടുള്ളവരാണു് അവർ. അവരിൽ വിശ്വസിക്കാൻ കഴിയുന്നവർക്കു് നിരാശയ്ക്കു് യാതൊരവകാശവും ഇല്ല. സർവ്വാങ്ഗീണമായഭക്തി, യഥാർത്ഥമായഭക്തി, നിഷ്കാമമായിഅനഹങ്കാരമായഭക്തി നമുക്കു് ജ്ഞാനമെന്ന ദുർഘടമാർഗ്ഗത്തെക്കാൾ എത്രയോ സുഗമമായിരിക്കും എത്രയോ ഹൃദ്യമായിരിക്കും. കവിതവായിച്ചു് കാര്യഗ്രഹണം നേടുന്നപോലെ ഉപായംതന്നെ സുന്ദരമായിരിക്കും. ഫലസിദ്ധിയും സുനിശ്ചിതമാണു്. ഇങ്ങനെ ഭക്തികൊണ്ടു സിദ്ധന്മാരായവർ പലരുമുണ്ടു്.

“ഒന്നായനിന്നെയിഹ രണ്ടെന്നു
കണ്ടളവി—
ലുണ്ടായൊരിണ്ടൽബത മിണ്ടാ
വതല്ലമമ
പണ്ടെക്കണക്കിനി വരാൻ
നിൻകൃപാവലിക-
ളുണ്ടാകയെങ്കൽ ഹരിനാരായ
ണായനമഃ”

എന്നാൽ ഈ മഹാന്മാർ ആദരിച്ചിട്ടുള്ള യഥാർത്ഥ ഭക്തിയുടെ സ്വഭാവം നാം മനസ്സിലാക്കേണ്ടതുണ്ട്. ഭക്തി നിഷ്കാമമായിരിക്കണം. ഇരുമ്പിന് അയസ്കാന്തത്തിലേയ്ക്കെന്നപോലെ വല്ലികൾക്ക് ഉപഘ്നവൃക്ഷത്തിലേക്കെന്നപോലെ, നദികൾക്ക് സാഗരത്തിലേക്കെന്നപോലെ, ഈശ്വരനിലേക്ക് മനുഷ്യഹൃദയത്തിന് കാരണാനപേക്ഷമായി സിദ്ധിക്കുന്ന ഒരു പ്രവണത, ആകർഷണം ആണ് ഭക്തി. ധനം, യശസ്സ്, ആരോഗ്യം മുതലായവ ഉദ്ദേശിച്ചുള്ള ഭക്തി, ഭക്തിയല്ല. മുക്തിക്കതുവഴിയുമല്ല.. അതു് കേവലം ഭുക്തിയാണ്. ഭക്തി നിരഹങ്കാരമായിരിക്കണം. അതായതു് അഹം, ഞാൻ, എന്നു വേർതിരിച്ചുള്ള ബുദ്ധിയില്ലാത്തതായിരിക്കണം. ‘ഈശ്വരന്റെ ഒരംശമാണു ഞാൻ. നദി സാഗരത്തെയെന്നപോലെ ഈശ്വരനെത്തന്നെ പ്രാപിക്കയാണ് ഞാൻ ചെയ്യേണ്ടതു്. അജ്ഞാനം നിമിത്തം എനിക്കുപററിക്കൂടിയ അപൂർണ്ണതകളെ ഞാൻ പരിഹരിക്കണം. എന്റെ ഓരോ കൃത്യവും എന്നെ താഴ്ത്തുകയോ ഉയർത്തുകയോ ചെയ്യുമെന്നുള്ള സ്ഥിതിക്ക് തിന്മ പരിഹരിച്ച്, നന്മചെയ്തു് ഈശ്വരസായുജ്യത്തിന് ഞാൻ കഴിയും വേഗത്തിൽ സന്നദ്ധനാകണം. ഇതിലേക്ക് സകലപൂർണ്ണതകൾക്കും അധിഷ്ഠാനമായ ഈശ്വരസ്വരൂപം ഏതുസമയത്തും എനിക്കു മാർഗദർശകമായി, താങ്ങായി, തണലായി, എന്റെ മുമ്പിൽ കളിയാടണം.’ ഇത്രയുമാണ് ഒരു യഥാർത്ഥ ഭക്തന്റെ, നിഷ്കാമനും നിരഹങ്കാരനുമായ ഭക്തന്റെ കാര്യപരിപാടി.

ഇത്തരം ബുദ്ധിയോടുകൂടിയ ഏകാന്തമായ ഈശ്വരധ്യാനത്തിനു അല്പസമയമെങ്കിലും കഴിയുമ്പോഴൊക്കെ ചെലവു ചെയ്യുന്നതു നന്നായിരിക്കും. എന്നാൽ രാജപാതയിൽ വെള്ളംകയറി ശല്യപ്പെടുത്താതിരിക്കാൻ വേണ്ടി രണ്ടുവശവും ഓടകൾ കെട്ടി വിടുന്നതുപോലെ ഈശ്വരനുവേണ്ടി ചിലപ്രത്യേകസമയങ്ങൾമാത്രം നീക്കിവയ്ക്കാൻ പാടില്ല. അങ്ങനെ ചെയ്യുന്നവർക്ക് ഈശ്വരനോടുള്ള കടമ ഇങ്ങനെ നിറവേററിക്കഴിഞ്ഞാൽ, മററു സമയങ്ങളിൽ ഈശ്വരചിന്ത അസഹ്യപ്പെടുത്തരുതെന്നും ഏതുകടുംകൈകളും പ്രവർത്തിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നും ഉദ്ദേശ്യമുണ്ടെന്നുതോന്നും. ഈശ്വരനെ ഒരു മൂർഖനായ ദുഷ്പ്രഭുവിനെപ്പോലെയാണവർ കാണുന്നതു്. അദ്ദേഹത്തെ വല്ലവഴിക്കും പ്രസാദിപ്പിച്ചുകൊണ്ടാൽ മററെല്ലാത്തിലും അദ്ദേഹം കണ്ണടച്ചുകൊള്ളുമെന്നവർ വിശ്വസിക്കുന്നു. ഈശ്വരനുമായിട്ട് ഇവർക്കുള്ള ബന്ധം ഭയമാണ്. അങ്ങോട്ടുള്ള മനഃസ്ഥിതി അടിമമനഃസ്ഥിതിയുമാണ്. ഇത്തരം സകാമവും സാഹങ്കാരവും ആഡംബരാഢ്യവും ദുഷ്ടവുമായ ഭക്തി പലപ്പോഴും ലോകത്തിന് ഉപദ്രവകരമായിതീർന്നിട്ടുണ്ട്. ഭാരതത്തിൽ ഇന്നും കാണാവുന്ന അടിമമനഃസ്ഥിതിക്കും അസമത്വത്തിനും, അറിഞ്ഞും അറിയാതെയുമുള്ള നിർദ്ദയതയ്ക്കുമൊക്കെ ഇതുകാരണമായിട്ടുണ്ട്. ഈ ഭക്തി ഒരുമതാചാര്യന്മാരും അംഗീകരിച്ചിട്ടുള്ളതല്ലെന്നു മാത്രമല്ല, സകലരും നിന്ദിച്ചിട്ടുള്ളതുമാണ്.

ഭക്തിയെപ്പററി ഇനി വേറൊന്നുകൂടി നാംധരിക്കേണ്ടതുണ്ട്. ഭക്തിഹൃദയത്തിൽ സംഭരിച്ചുവയ്ക്കുണ്ട വേറേ ഏതോ ഒരു വസ്തുവല്ല. മനസ്സിൻെറ തൻെറ ഒരു പരുവം, ഒരു പാകം ആണുഭക്തി. ഉരുക്ക് ഇരുമ്പുതന്നെയാണ്. കൂടുതൽ ഉപയോഗക്ഷമമായ ഒരു പരുവം ഉണ്ടെന്നു വിശേഷം. വെണ്ണ പാൽ തന്നെയാണ്, പാലിൻെറ ഒരു പാകം. എന്നാൽ പാൽ വെള്ളത്തിൽ ഉടൻകലൻനുപോകും. വെണ്ണയാകട്ടെ അങ്ങനെ ചെയ്യുകയില്ല. അതിനെ ഉരുക്കിയാലും വേറിട്ടുതന്നെ നിൽക്കും. ഇതേപ്രകാരത്തിൽ ഭക്തികൊണ്ടു പാകം വന്ന മനസ്സ് ഉരുക്കിനെക്കാൾ ഇരുമ്പെന്നപോലെ ഉപയോഗക്ഷമമായിരിക്കും, വെണ്ണപോലെ അസക്തമായിരിക്കും. ഭക്തിയുടെ മേന്മഇതാണ്. ലോകത്തിലെ പീഡകൾ യാതൊന്നുംഉറച്ച ഭക്തിചേന്നിട്ടുള്ള മനസ്സിനെ ക്ഷോഭിപ്പിക്കുകയില്ല. ഈശ്വരഭക്തികൊണ്ടു സങ്കടങ്ങൾ അകലും എന്നുപറയുന്നതിൻെറ അത്ഥം ഈശ്വരൻ വന്ന് ലോകംമുഴുവൻ ഭക്തൻവേണ്ടി മാററിവച്ചു കൊടുക്കുമെന്നല്ല, ഭക്തികൊണ്ടു പാകം വന്ന ആമനസ്സിനെ സങ്കടങ്ങൾ നിരാശക്കുണ്ടിൽ ആഴ്ത്തിക്കളകയില്ല എന്നാണ്. ഒരു കഥ പറഞ്ഞുകേൾക്കാറുണ്ട്. അതു് ഒരു നമ്പൂതിരിയെപ്പററിയാണ്. നമ്പൂതിരിക്കഥകൾ മിക്കവാറും പ്രഥമദൃഷ്ടിയിൽ നമ്പൂതിരിമാരെ കളിയാക്കുന്നതായി തോന്നുമെങ്കിലും ആലോചിച്ചു നോക്കുമ്പോൾ നമ്പൂതിരിമാക്കുള്ള അസാമാന്യമായ സംസ്കാരവിശേഷത്തെത്തന്നെ പ്രദർശിപ്പിക്കും. ഒരു നമ്പൂതിരിതേവാരം കഴിഞ്ഞു കോലായിൽ വന്നെത്തിയപ്പോൾ ഒരാൾ ഓടിവന്ന് ഭാര്യക്കു പ്രസവവേദനയാണെന്നും, വേറൊരാൾ ഓടിവന്ന് ഇല്ലത്തിനു തീപിടിക്കുന്നു എന്നും അറിയിച്ചുവത്രേ. നമ്പൂതിരി ഒരു നിമിഷം ഒന്നും മിണ്ടിയില്ല, എന്നിട്ട് 'അഃ എന്നാൽ ഒന്നു മുറുക്കുക എന്നുപറഞ്ഞു് ശാന്തനായി കോലായിൽ ഇരുന്ന് മുറുക്കാനാരംഭിച്ചു. ഈ നമ്പൂതിരി സാമാന്യക്കാരനാണെന്നു ധരിക്കരുതു്. എത്രയോ ജന്മങ്ങളിലെ ഭക്തിയാണ് അദ്ദേഹത്തിന് ആ സമാധാനം നൽകിയതു്. ഉത്തരക്ഷണത്തിൽ തന്നെ ഭാര്യ സുഖമായി പ്രസവിച്ചുവെന്നും ഉണ്ണി രക്ഷപ്പെട്ടുവെന്നും തീയണഞ്ഞു എന്നും നമുക്ക് കഥയാകകൊണ്ടു സങ്കല്പിക്കാം. എന്നാൽ ഭക്തിയോ ജ്ഞാനമോ സിദ്ധിക്കാത്ത ഒരുവൻ അതിനു മുമ്പിൽതന്നെ മുടിയും വലിച്ചു പിന്നി മാറത്തടിച്ചുനിലവിളിച്ച് ഭ്രാന്തനാശുപത്രിയിലേക്ക് തയ്യാറാകുമായിരുന്നു. ഭക്തിമൂലം നമുക്ക്കിട്ടുന്നതു് ശാന്തിയും നിർവൃതിയുമാണ്. ഒരുവൻെറ ഹൃദയത്തിൽ ദയവു് സ്നേഹം മുതലായവികാരങ്ങൾ ഉണ്ടാകുമ്പോൾ അവനു മൃഗീയത്വം മാറി മനുഷ്യത്വം സിദ്ധിക്കുന്നു. ശാന്തിഉറയ്ക്കുമ്പോൾ ഈശ്വരത്വവും സുലഭമായിത്തീരുന്നു. റോമാപ്പട്ടണത്തിനു തീപിടിച്ചപ്പോൾ ഫിഡിൽ വായിച്ചുകൊണ്ടിരുന്ന നീറോ ചക്രവത്തി മൃഗീയനായിരുന്നു. മിഥില കത്തിയെരിഞ്ഞപ്പോൾ "മിഥിലായാം പ്രദഗ്ദ്ധായാം ന മേ ദഹതി കിഞ്ചന" എന്നു പറഞ്ഞ ജനകന് ശാന്തി സിദ്ധിച്ചിരുന്നു. ഇങ്ങനെയുള്ള ശാന്തി ലഭിക്കുവാൻ നമുക്ക് മേൽ വിവരിച്ച യഥാർത്ഥമായ ഭക്തി സഹായിക്കും. ഈ പരമഭക്തിയുടെ ഫലമായിട്ടത്രേ അജ്ജുനന് ഉചിതമായ അവസരത്തിൽ ബ്രഹ്മജ്ഞാനം സിദ്ധിച്ചതു്.

# * കിമപികാവ്യം.

സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ.

## പ്രഥമസർഗ്ഗം.

[സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള അവർകളാൽ വിരചിതമായ ഒരു സരസകാവ്യം ഈ ലക്കംമുതൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തുന്നതാണ്. വശ്യവചസ്സായ ഈ പണ്ഡിതകവിയുടെ പ്രൌഢഗംഭീരമായ ഈ കാവ്യത്തിനു കൂലങ്കഷമായി ചർച്ചചെയ്തു രചിച്ചിട്ടുള്ള ഒരു ശരിയായ വ്യാഖ്യാനം ആവശ്യം തന്നെ. എന്നാൽ വിസ്തരഭയത്താൽ ഇപ്പോൾ അതിനായി തുനിയുന്നില്ല. അർത്ഥഗ്രഹണത്തിനു അത്യാവശ്യവും രസാസ്വാദനത്തിനു ദീങ്മാത്രവും ആയ ഒരു ലഘു ടീക മാത്രമെ ചേക്കുന്നുള്ളു. ഈ കാവ്യത്തിന്റെ ആരംഭഭാഗങ്ങൾ കോട്ടയ്ക്കൽനിന്നു പ്രസിദ്ധപ്പെടുത്തിയിരുന്ന 'കവനകൌമുദി'യിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. അതു വ്യാഖ്യാനരഹിതമായിരുന്നതുകൊണ്ടു് സാധാരണ വായനക്കാർക്കു് അർത്ഥഗ്രഹണം പ്രയാസമായിരുന്നിരിക്കണമെന്നു വിചാരിച്ചു് ഈ ലഘു ടീകയോടുകൂടി ഇവിടെ മുഴുവൻ പ്രസിദ്ധപ്പെടുത്തുവാൻ തുടങ്ങുകയാണ്.]

—Ed.

(1) സ്വാപത്തിലും ഹൃദയമേ
ഭജ നീ പ്രസൂന
ചാപാരിജാതമഖിലാശ്രിത
പാരിജാതം
പ്രാപഞ്ചിക പ്രകൃതി പോൽ
മൃഗമർത്ത്യ മിശ്ര
രൂപം ഗജാസ്യമഗജാസ്യ
രസപ്രദീപം

പ്രസൂനചാപന്റെ (കാമന്റെ) അരിയായ (ശത്രുവായ) ശിവനിൽ നിന്നുജനിച്ചവനും, ആശ്രിതന്മാൎക്കെല്ലാം പാരിജാതവും, പ്രപഞ്ചപ്രകൃതിപോലെ മൃഗരൂപവും മർത്ത്യരൂപവും സമ്മിശ്രമായിട്ടിരിക്കുന്നവനും, അഗജയുടെ (പാർവ്വതിയുടെ) ആസ്യത്തിലെ (മുഖത്തിലെ) രസങ്ങൾക്കു പ്രദീപവും ആയ ഗജാസ്യനെ (ഗണേശനെ) അല്ലയോ ഹൃദയമേ നീ സ്വാപത്തിലും (ഉറക്കത്തിലും അഥവാ തന്റെ ആപത്തിലും) ഭജ (ഭജിച്ചാലും) പ്രപഞ്ചസ്ഥിതിയിൽ മനുഷ്യനിൽ മൃഗത്വവും മനുഷ്യത്വവും സമ്മിശ്രമാണ്. ആരൂപത്തിലാണ് ഗണപതിയുടെ രൂപം എന്നു താല്പൎയ്യം. ഈ വിശേഷണം കൊണ്ടു് ഭവിഷ്യത്തായ കഥയിൽ മനുഷ്യാവസ്ഥയിലിരിക്കുന്നവർ മൃഗാവസ്ഥ കാണിച്ചിട്ടുള്ളതു് സൂചിതം. കഥയിൽ കാമദേവന്റെ വിക്രിയകൾ വർണ്ണിക്കപ്പെടുമെന്നും എന്നാൽ അതിന്റെ പരിഹാരത്തിനു ശിവസ്മരണം വേണമെന്നും ധ്വനി. അഗജാസ്മരണം കൊണ്ടു നായികയുടെ പാർവ്വതീഭക്തിയും വ്യഞ്ജിപ്പിച്ചിരിക്കുന്നു. വൃത്തം 'വസന്തതിലകം'

(2) പൂഗന്ധഹേതു സുമഹേതു
വസന്തകാല
യോഗം തഥാ പൊരുളിനുള്ളൊ
രുഹേതു ശബ്ദം
വാഗം ബ വാക്പ്രസരഹേതു
തദീയ പാദ
ഭാഗാഗ്രജാഗ്രദചലാഗ്ര
ഹമസ്തു ചിത്തം

* Copyright reserved.

പൂവാണ് ഗന്ധത്തിന് ഹേതു; പൂവിന് ഹേതു വസന്തകാലത്തിൻെറ യോഗമാണ്. അതു പോലെ അൎത്ഥത്തിൻെറ ഹേതുശബ്ദം; ശബ്ദത്തിനു ഹേതു വാഗംബ (സരസ്വതി) ആകുന്നു. ആ സരസ്വതിയുടെ പാദഭാഗാഗ്രത്തിങ്കൽ ജാഗ്രത്തായി അചലമായിരിക്കുന്ന ആഗ്രഹത്തോടുകൂടിയതായി ചിത്തം ഭവിക്കട്ടെ. സരസ്വതിയുടെ പാദത്തിങ്കൽ മനസ്സ് സ്ഥിരഭക്തിയായിരിക്കട്ടെ എന്നു താല്പൎയ്യം. അനുഭവരസത്തിനു ഹേതുവായ സുഗന്ധത്തിനു പ്രത്യക്ഷമായ പുഷ്പം കാരണമാകുന്നു. പക്ഷെ അതിനു അപ്രത്യക്ഷമായ വസന്തകാലമാണ് ഹേതു. അതുപോലെ മനോഹരമായ അൎത്ഥത്തിന് ശബ്ദവും ശബ്ദത്തിന് അപ്രത്യക്ഷമായ സരസ്വതീപ്രസാദവും കാരണമാകുന്നു. എന്നിങ്ങനെ പ്രത്യക്ഷത്തിൽ നിന്നു അപ്രത്യക്ഷം ഉപമ കൊണ്ട് അനുമാനിക്കേണ്ടതാകുന്നു എന്ന് അലങ്കാരം കൊണ്ടുധ്വനി.

(3) വാമാലലാമമയ കോമള
വാമഭാഗൻ
കാമാരിസോമസുമനാകിയ
വാമദേവൻ
സീമാതിഗാമി കരുണാനിധി
മാമകീന
സാമഗ്രിയായ പരദേവത
പാതു നമ്മേ

വാമകൾക്കു (സുന്ദരികൾക്കു) ഭൂഷണമായ [പാൎവ്വതി] എടത്തുഭാഗത്തു് അലങ്കാരമായിട്ടുള്ളവനും, എന്നാൽ കാമദേവൻെറ സഖിയായ ചന്ദ്രൻ പുഷ്പമായിട്ടു [ശിരസ്സിൽ] ഉള്ളവനും, അതിരുകവിഞ്ഞ കരുണയ്ക്കു നിധിയും, മാമകീന (എൻെറ) സാമഗ്രിയും (സൎവ്വസ്വവും) പരദേവതയും ആയിരിക്കുന്ന വാമദേവൻ (ശിവൻ) നമ്മെ പാതു (രക്ഷിക്കട്ടെ).

(4) ജിജ്ഞാസുശിഷ്യഗണ വത്സല
ഹൃൽസ്ഥലായ
പ്രജ്ഞാബലാൎജ്ജിത യശോധന
ശോഭനായ
മജ്ജാവധി പ്രചുരപണ്ഡിതതാ
തതായ
വിജ്ഞാന കല്പ തരവേ ഗുരവേ
നമോസ്തു

ജിജ്ഞാസുക്കളായ ശിഷ്യഗണങ്ങളോടു വത്സലമായ (വാത്സല്യമുള്ള) ഹൃൽസ്ഥലത്തോടു (ഹൃദയത്തോടു) കൂടിയവനും, പ്രജ്ഞാബലംകൊണ്ടു് (ബുദ്ധിശക്തികൊണ്ടു്) ആൎജ്ജിതമായ (സമ്പാദിതമായ) യശോധനംകൊണ്ടു് (കീൎത്തിസമ്പത്തുകൊണ്ടു്) ശോഭനനും, മജ്ജവരെ പ്രചുരമായ (സമൃദ്ധമായ) പണ്ഡിതത (പാണ്ഡിത്യം) കൊണ്ടു് തതനും (വ്യാപ്തനും, വിജ്ഞാനകല്പതരുവും ആയ ഗുരുവിനു നമസ്കാരം ഭവിക്കട്ടെ.

(5) കാവ്യങ്ങളും കവികളും കവി
യുന്നകാല
ത്താവ്യാപൃതിക്കു മുതിരുന്നതി
നെന്തുബന്ധം
ഹാ വ്യൎത്ഥവേല തുടരേണ്ടിതി
ലോകരാരും
കാവ്യസ്യ ശിഷ്യത കലൎന്നു
കയത്തിടൊല്ലാ

വ്യാപൃതി=വ്യാപാരം. കാവ്യസ്യശിഷ്യത=കാവ്യൻെറ (ശുക്രൻെറ) ശിഷ്യത—അതായതു അസുരത്വം. കാവ്യത്തിൻെറ ശിഷ്യത എന്നുംകൂടിഅൎത്ഥം. "ശുക്രോദൈത്യഗുരുഃകാവ്യഃ" എന്നമരം.

(6) ജന്മാന്തരത്തിലൊരു താപസനാം
കവീന്ദ്രൻ
നിർമ്മിച്ച കാവ്യമതിനുള്ളൊരു
കുററമല്പം
എൻമാനസത്തിലുളവായതു
പോലെ ചൊന്നേൻ
നമ്മോടതിന്നുകവി കോപ
മുദിച്ചുരച്ചാൻ

ജന്മാന്തരം=മററൊരുജന്മം. മുജ്ജന്മം എന്നു താല്പര്യം.

(7) "ദോഷജ്ഞനെന്നു തെളിയു
ന്നൊരു ദോഷദൃഷ്ടേ
ഘോഷിച്ചതൊക്കെ മതി വാക്കി
നടക്കമെന്യേ
യോഷിൽ പ്രധാനഭുവി പാമര
മൌലിയായ് നീ
ഭാഷിച്ചു കുക്ഷിനിറവാക
മടുത്തജന്മം"

ദോഷജ്ഞൻ=പണ്ഡിതൻ. ദോഷദൃഷ്ടേ=ദോഷം കാണുന്നവനേ എന്നു സംബോധന.

(8) ഏവം ശപിച്ചു മുനിയാം
കവിയോടപാരം
ഭാവംപകൎന്നു വിനയാനത
നായുരച്ചേൻ
ഭാവൽക്ക കാവ്യഗുണഹാനി
വരുത്തുവാനെൻ
നാവിന്നു നൈപുണികിനാവിലു
മാവതാമോ

ഭാവംപകൎന്നു്=ഭാവം ഭേദപ്പെട്ടു്. വ്യസനിച്ചു് എന്നു താല്പര്യം. വിനയാനതൻ=വിനയംകൊണ്ടു് ആനമിച്ചവൻ. (താഴ്ന്നവൻ—കുമ്പിട്ടവൻ). ഭാവൽക്കം=ഭവാനെ സംബന്ധിച്ചതു്. നൈപുണി=സാമൎത്ഥ്യം.

(9) സ്രഷ്ടാവു വിഷ്ടപമഭീഷ്ടവിധം
ചമച്ചാൻ
കഷ്ടപ്പെടുന്നതിലനേക
ജനങ്ങളെന്നും
ദൃഷ്ടൻവിരിഞ്ചനിതി താദൃശ
രാൽ യഥേഷ്ടം
ഘുഷ്ടംവചസ്സു പരമേഷ്ഠി ഗണി
പ്പതുണ്ടോ

സ്രഷ്ടാവു്=ബ്രഹ്മാവു്. വിഷ്ടപം=ലോകം. അഭീഷ്ടവിധം=തനിക്കു് ഇഷ്ടമായ വിധത്തിൽ. താദൃശരാൽ=അങ്ങിനെയുള്ളവരാൽ. ഘുഷ്ടം=ഘോഷിക്കപ്പെട്ടതു്. പരമേഷ്ഠി=ബ്രഹ്മാവു്. താല്പര്യം:—ബ്രഹ്മാവു് തനിക്കിഷ്ടംപോലെ ലോകം സൃഷ്ടിച്ചു. അതിൽ അനേകംപേർ കഷ്ടപ്പെട്ടുകൊണ്ടു കിടക്കുന്നു. അങ്ങിനെയുള്ളവർ ബ്രഹ്മാവു് ദുഷ്ടനാണെന്നു ഘോഷിക്കുന്നു. പക്ഷെ അവരുടെ വാക്കു് ബ്രഹ്മാവു് ഗണിക്കുന്നില്ല. അതുപോലെ പ്രബന്ധകല്പനയിലും ചിലർ ആക്ഷേപിച്ചു എന്നു വിചാരിച്ചു് പ്രബന്ധകാരൻ ആ ആക്ഷേപത്തെ എന്തിന്നു വകവയ്ക്കുന്നു? വകവയ്ക്കേണ്ടതായിട്ടില്ലെന്നസാരം.

(10) രോഗംപിടിച്ചു വലയുന്നവർ
പാലുപോലും
ത്യാഗത്തിനേ വിഷയമെന്നു
നിനപ്പതില്ലേ
സ്വാകാംക്ഷപോലെ ലഗുണദോഷ
വിഭാഗബോധം
ജാഗത്തിവാസ്തവികമല്ലതു
തത്വവേദിൻ

ത്യാഗത്തിനേവിഷയമെന്നു് =ഉപേക്ഷിക്കേണ്ടതുതന്നെയെന്നു്. സ്വാകാംക്ഷ =അവനവൻെറ താല്പര്യം. ജാഗത്തി=

ജാഗ്രത്തായിരിക്കുന്നു—അതായതു് സ്ഫുരിച്ചുകൊണ്ടിരിക്കുന്നു. വാസ്തവികമല്ല=യഥാർത്ഥമല്ല—അന്യാപേക്ഷമാണെന്നു താല്പര്യം. തത്വവേദിൻ=തത്വത്തെ അറിയുന്നവനേ എന്നു സംബോധന. അവിടുന്നു് തത്വം (പരമാർത്ഥം) അറിയുന്ന ആളായിരുന്നിട്ടും ഗുണദോഷവിഭാഗങ്ങളെ പററി അന്യഥാധരിച്ചല്ലോ എന്നു സൂചന.

(11) മാമൂല്യമുള്ളിലറിവിൻ കുറവും
ചിലപ്പോൾ
ധീമൂടലും ഹൃദയവിക്രിയയും
നിമിത്തം
വ്യാമൂഢതാവശഗരായ് ഗുണ
ദോഷഭാവം
നാമൂർണ്ണനാഭവലപോലെ
രചിച്ചിടുന്നു.

ധീമൂടൽ=ബുദ്ധിയുടെ മൂടൽ. ഹൃദയവിക്രിയ=ഹൃദയത്തിന്റെ വികാരം. വ്യാമൂഢതാ= വ്യാമോഹം. നാമൂർണ്ണനാഭവലപോലെ രച്ചിച്ചിടുന്നു=നാം ഊർണ്ണനാഭവല (എട്ടുകാലിയുടെവല) പോലെ രചിച്ചിടുന്നു (ഉണ്ടാക്കുന്നു). എട്ടുകാലി വലകെട്ടുന്നതു് സ്വസൃഷ്ടങ്ങളായ നൂലുകളെക്കൊണ്ടു് ആയിരിക്കുന്നതുപോലെ, ഗുണദോഷവിഭാഗകല്പന ഓരോ ജനവും അവനവന്റെ മനോഗതിയനുസരിച്ചു് നിർമ്മിക്കുന്നു എന്നല്ലാതെ, വസ്തുതത്വത്തിന്റെ യാഥാർത്ഥ്യം അനുസരിച്ചല്ല എന്നു തല്പര്യം.

(12) കാപട്യകാപഥപരായണ
നല്ല ഞാനി-
ന്നാപത്തിനേതുമവകാശിയു
മല്ലവിദ്വൻ
ശാപംനിമിത്തമതി താപ
മെഴുന്നലജ്ജാ
കൂപത്തിൽഞാൻ തവളപോൽ
വലയാറുമായി

വിദ്വൻ=വിദ്വാനേ എന്നു സംബോധന. കാപാട്യകാപഥപരായണൻ=കാപട്യം (കളവു്) കൊണ്ടുള്ള കാപഥത്തിൽ (ദുർമ്മാർഗ്ഗത്തിൽ) സക്തൻ. ലജ്ജാകൂപം=ലജ്ജയാകുന്ന കിണറു്. കൂപത്തിൽ നിന്നു് തവളയ്ക്കു സ്വയമേ കരകേറുവാൻ ശക്തിയില്ലാത്തതുപോലെ ശാപം കൊണ്ടുള്ള താപത്തിലും ലജ്ജയിലും അകപ്പെട്ട ഞാൻ വിഷമിക്കുന്നുഎന്നു താല്പര്യം.

(13) സേവക്കെനിക്കു പറവാൻ
വശമില്ലതെല്ലു
മാവിദ്യ വേണമബലാജന
രഞ്ജനാർത്ഥം
സ്ത്രീവാക്യശക്തിവിലസും ദിശി
നിർവ്വിവേകം
വാവിട്ടുഞാനുളറിയാല
വതാളമാകും

'യോഷിൽ പ്രധാനഭുവി' ജനിക്കട്ടെ എന്നാണല്ലോ ശാപം. അങ്ങിനെയുള്ള ദേശത്തു ജനിച്ചാൽ അബലകളെ രഞ്ജിപ്പിക്കാതെ നിവൃത്തിയില്ല. അതിന് സേവപറയുക മുതലായവിദ്യകൾ ആവശ്യമാണു്. പക്ഷെ അതു വശമില്ലെന്നാണ് കവിയുടെ സങ്കടം. 'പാമരമൌലി'യായിട്ടു ജനിക്കാൻ പറഞ്ഞതുകൊണ്ടു് നിർവ്വിവേകമായിട്ടുവല്ലതുംപറഞ്ഞു എന്നും വരാവുന്നതാണു്. അതു കൂടുതൽ ദുർഘടമാകും. ഇതാണ് ഈ ശ്ലോകത്തിനു പൂർവ്വശ്ലോകങ്ങളുമായിട്ടുള്ള ബന്ധം.

(14) പിട്ടല്ലവാവിവൃതമായ
ഹമഞ്ചലാപ്പീസ്
പെട്ടിക്കുതുല്യമുദരാന്തര
പൂരണാർത്ഥം

കിട്ടുന്നപോലെ കഴികെന്നു
നിനച്ചുബുദ്ധി
മുട്ടുന്നതിന്നു മിടയാവതു
കഷ്ടമല്ലേ

വിവൃതം=തുറന്നതു്. ഉദരാന്തരം=ഉദരത്തിന്റെ ഉൾഭാഗം. അഞ്ചലാപ്പീസ്പെട്ടി എപ്പോഴും വായ്തുറന്നിരിക്കുന്നതുപോലെ സദാ ഭാഷിച്ചുകൊണ്ടിരിക്കുന്നവൻേറയും വായ്. തുറന്നിരിക്കും എന്നു സാദൃശ്യം. 'ഭാഷിച്ചു കുക്ഷിനിറവേറവം' എന്ന ശാപഭാഗം സ്മരിച്ചാണു് എല്ലായ്പോഴും വായ് തുറന്നുകൊണ്ടിരിക്കേണ്ടി വരുന്ന വൈഷമ്യം ഇവിടെ പരമാശിക്കപ്പെട്ടിരിക്കുന്നതു്.

(15) അവ്യാജമെൻെറ ദയനീയ
വചസ്സുകേട്ടു
കാവ്യാഭിമാനി മുനിചെററു
കനിഞ്ഞുചൊന്നാൻ
കവ്യാദരം ശുഭമെടോ പര
കീയകീൎത്തി
ദ്രവ്യാപഹാരമൊരുമാതിരി
ചൌൎയ്യമത്രേ

കവ്യാദരം=കവികളെപ്പററിയുള്ള ആദരവു്. പരകീയകീൎത്തിദ്രവ്യാപഹാരം=അന്യൻെറകീൎത്തിയാകുന്ന ദ്രവ്യത്തിൻെറ അപഹരണം. ചൌൎയ്യം=മോഷണം.

(16) ദ്വേഷാഭിലാഷകലുഷീ
കൃതമല്ലപക്ഷേ
പാഷാണരേഖയതുപോൽ
വചനം മദീയം
ശ്ലേഷാകഷായരുചിരൂഷിത
മാകമൂലം
ഭാഷാദ്വിധാഗതി ഭവദ്വിഷയേ
സഹായം

ദ്വേഷാഭിലാഷകലുഷീകൃതം=ദ്വേഷാഭിലാഷം (വിരോധത്തിലുള്ള താല്പൎയ്യം) കൊണ്ടു കലുഷീകൃതം (കലക്കപ്പെട്ടതു്) പാഷാണരേഖ=കല്ലിൽ കൊത്തിയരേഖ; മാഞ്ഞുപോകാത്തതു് എന്നു താല്പൎയ്യം. വചനംമദീയം=എൻെറ വാക്കു്. ശ്ലേഷാകഷായരുചിരൂഷിതം =ശ്ലേഷം (അൎത്ഥദ്വയം)മൂലമുള്ള കഷായരുചി (സമ്മിശ്രരുചി)കൊണ്ടുരൂഷിതം (വ്യാപ്തം). ഭാഷാദ്വിധാഗതി=ഭാഷയുടെ രണ്ടുവിധത്തിലുള്ള പോക്കു്. ഭവദ്വിഷയേ സഹായം=ഭവാൻെറ കാൎയ്യത്തിൽ സഹായമാകുന്നു. ദ്വേഷവിചാരത്തോടുകൂടി ശപിച്ചതല്ലെങ്കിലും ശാപവാക്യത്തിലെ ഭാഷതന്നെ രണ്ടൎത്ഥത്തെ വഹിക്കുന്നതാകയാൽ അതു നിങ്ങൾക്കു ഉപകാരമായി ഭവിക്കുന്നതാണെന്നു താല്പൎയ്യം.

(17) മുൻചൊന്നപാമരപദേന
തനിക്കുജന്മം
വഞ്ചിക്കകത്തു വരുമായതു
കേരളാംശം
കിംചപ്രവേശ്യമഭിഭാഷക
വൃത്തിമാൎഗ്ഗം
സഞ്ചിക്കുതുല്യമുദരം പ്രതി
ഭീതിവേണ്ടാ

പാമരപദേന= പാമരപദംകൊണ്ടു്. കിംച =എന്നുതന്നെയുമല്ല. പ്രവേശ്യമഭിഭാഷക വൃദ്ധിമാൎഗ്ഗവുമാണു്=പ്രവേശിക്കാനുള്ളതു് അഭിഭാഷകവൃത്തി മാൎഗ്ഗവുമാണു്. പാമരം വഞ്ചിയിലേകാണുകയുള്ളു. വഞ്ചിയെന്നാൽ വള്ളമെന്നും വഞ്ചിരാജ്യമെന്നും അൎത്ഥമുള്ളതാകയാൽ ഇവിടെ വഞ്ചിരാജ്യം എന്ന അൎത്ഥംസ്വീകാൎയ്യം. പാമരശബ്ദംതന്നെ അൎത്ഥദ്വയമുള്ളതാണു്. അതിൻെറ സഹചാരിയായവഞ്ചിയുംഅൎത്ഥദ്വയമുള്ളതാണു്. ഇങ്ങനെ

ശ്ലേഷോപരി ശ്ലേഷമായി വരുന്നിടത്തു വഞ്ചിരാജ്യം എന്നു ധരിക്കണം. 'ഭാഷിച്ചുകുക്ഷിന്നിറവാക്കും' എന്ന ശാപഭാഗത്തിൻെറ മോക്ഷത്തിന്നു അഭിഭാഷകവൃത്തി തൊഴിലായിട്ടു വരുമെന്നുമാത്രമേ വിവക്ഷയുള്ളു എന്നുതാല്പര്യം

(18) യോഷിൽ പ്രധാനമിതി
വാക്കിനു പോക്കരയ്ക്കാം
രോഷം വെടിഞ്ഞു ഭഗിനീസുത
ദായവംശം
ഘോഷിച്ചെഴുന്നതിലെടോ
ജനനംഭവിക്കും
വേഷംപകന്നു പിതൃവംശ്യവു
മാം കുലം തേ

ഭഗിനീസുതദായവംശം= ഭഗനീസുതന്മാക്കു ദായമുള്ളവംശം—അതായതു മരുമക്കത്തായവംശം. മരുമക്കത്തായവംശത്തിൽ ജനിക്കും എന്നു ശാപമോക്ഷം. ആ മരുമക്കത്തായവംശംതന്നെ പിന്നീടു മക്കത്തായവംശമായിത്തീരുകയും ചെയ്യും എന്നുതാല്പര്യം. നായർ റഗുലേഷൻെറ അവതാരം ഇവിടെ സൂചിതമാകുന്നു.

(19) ശാപത്തിന്നേവമുപശാന്തി
വരട്ടെപക്ഷേ
പാപക്ഷയത്തിനുപദേശവു
മോതിടാംഞാൻ
പ്രാപഞ്ചികസ്ഥിതിയിലംഗന
മാരിലീഷ്യാ
രൂപം വികാരമകതാരില
സാധു പുംസാം

പ്രാപഞ്ചികസ്ഥിതിയിൽ =പ്രപഞ്ചാവസ്ഥയിൽ. അംഗനമാരിലീഷ്യാരൂപം വികാരമകതാരിലസാധുപുംസാം= പുരുഷന്മാക്കു് അംഗനമാരിൽ (സ്ത്രീകളെക്കുറിച്ചു) ഈർഷ്യാരൂപമായ വികാരം (അസഹിഷ്ണുത) അസാധുവാണു്—യോഗ്യമല്ല എന്നുതാല്പര്യം. പ്രപഞ്ചം സ്ത്രീപുംസ്വരൂപമായിരിക്കേ, അതിൽ സ്ത്രീകളെക്കുറിച്ചു പുരുഷന്മാക്കു് അനാദാരവുണ്ടാകുന്നതു് കഷ്ടമാണെന്നു ചുരുക്കം.

(20) സീമന്തിനീ വിമുഖചിത്ത
സമുന്നതിക്കു
സാമന്തതാ പുരുഷമാനസ
മന്തുതന്നെ
നാമെന്തിനീശ കരകൌശല
മൂൎത്തടത്തിൽ
ഹേമന്തമെന്നു രസശീനത
തേടിടുന്നു.

സീമന്തിനീ വിമുഖചിത്തസമുന്നതി=സീമന്തിനികൾക്കു (സ്ത്രീകൾക്കു) വിമുഖമായ (വിരുദ്ധമായ) ചിത്തസമുന്നതി (ഗർവം). "ഗർവോഭിമാനോഹങ്കാരോ മാനശ്ചിത്തസമുന്നതിഃ" എന്നമരം. സാമന്തതാ=വശീഭാവം. പുരുഷമാനസമന്തു=പുരുഷമാനസത്തിൻെറ അപരാധം. "ആഗോപരാധോമന്തുശ്ച" എന്നമരം. അഥവാ 'മന്തു്' എന്നു് മലയാളപദമായി ഗ്രഹിച്ചാൽ പുരുഷമാനസത്തിനുള്ള നീരുവീക്കം എന്നൎത്ഥം. നാമെന്തിനീശ... ......രസശീനതതേടിടുന്നു = ഈശകരകൌശലം ഹേമന്തം എന്നു നാം എന്തിനു മനസ്സിൽ രസശീനത തേടിടുന്നു? ഹേമന്തം=തണുപ്പുകാലം. രസശീനത=രസത്തിൻെറ ശീനത—അതായതു് ഉറഞ്ഞുകട്ടിയാകുന്നസ്ഥിതി. സ്ത്രീ സൃഷ്ടിയുടെ മാഹാത്മ്യം ശിശിരബാധപോലെ ഉള്ളതാണെന്നു വിചാരിച്ചു് രസം ഉറഞ്ഞു പോകാൻ ഇടകൊടുക്കുന്നതെന്തിനാണു് എന്നു താല്പര്യം.

(21) ലോകേശ കേശവ മഹേശ
മഹേന്ദ്രമുഖ്യർ
രാകേന്ദുചാരുവദനാജന
വാഹനങ്ങൾ

ഭൂ കേവലം വനിതമാർ
വകയാണവക്കായ്
ചാടകണമെങ്കിലതിനും
മടിമർത്ത്യനില്ല.

ലോകേശൻ=ബ്രഹ്മാവ്, "ഹിരണ്യഗർഭോലോകേശഃ" എന്നമരം. കേശവൻ=വിഷ്ണു. മഹേശൻ=ശിവൻ. മഹേന്ദ്രൻ=ദേവേന്ദ്രൻ. രാകേന്ദു=പൂർണ്ണചന്ദ്രൻ. "പൂർണ്ണേരാകാനിശാകരെ" എന്നമരം. കേവലം=അബാധിതമായി; ഖണ്ഡിതമായി. 'വധൂഗുണമയംകാവ്യം' രചിക്കണമെന്നു മേൽ പറയുന്നതിനു ഈ ശ്ലോകങ്ങൾ ഉപോത്ഘാതം ആണ്.

(22) പാരീവിധം പരിണതം
പരിചോടുപാർത്തു
നാരീനിരാദരത തീരെ
നിരാകരിക്ക
മാരീചമാർഗ്ഗരുചിശോഭന
മല്ലകാവ്യ
ഭേരീപ്രയോഗപഥമുത്തമ
പക്ഷമത്രെ.

പരിണതം=പരിണമിച്ചതു്; ആയിത്തീന്നതു്. നാരീനിരാദരത=സ്ത്രീകളെക്കുറിച്ചുള്ള അനാദരവ്. നിരാകരിക്ക=നിരസിക്ക; ഉപേക്ഷിക്ക. മാരീചമാർഗ്ഗരുചി=മാരീചൻ പ്രയോഗിച്ച മായാപ്രയോഗാദിവശീകരണവിദ്യകളിൽ ഉള്ള താല്പര്യം. കാവ്യഭേരിപ്രയോഗം=കാവ്യം എന്ന പെരുമ്പറയിലുള്ള പ്രയോഗം. പ്രശംസാരൂപമായ ഘോഷണം എന്നു താല്പര്യം.

(23) ലോകത്തഹോ മഹിളമാർ
നഹിയെന്നുവന്നാൽ
ശ്ലോകത്തിനില്ല വിഷയം
കവി മൂകനാകും
സ്ത്രീകല്പവല്ലികവിത
യ്ക്കുതു കൊണ്ടെടോതാ
നേകം വധൂഗുണമയം
വിരചിക്ക കാവ്യം

സ്ത്രീകല്പവല്ലികവിതയ്ക്കു=കവിതയ്ക്കു സ്ത്രീകല്പവല്ലിയാണ്. സർവ്വാഭീഷ്ടഫലപ്രദ എന്നത്ഥം. ജനനായോഷിൽ പ്രധാന ഭൂവി എന്നു പറഞ്ഞതുകൊണ്ടു് കാവ്യം വധൂഗുണമയമായിരിക്കേണ്ടതു യുക്തം.

(24) ശ്രീദേവിതാനവതരിച്ചു
മാറയ്ക്കുവഞ്ചി
ഭൂദേശരക്ഷ വടിവോ?
നടത്തിടും നാൾ
ആദേശമായഹമുരച്ചത
ശേഷമോർത്തു
മോദേനകാവ്യമെഴുതാ-
നെഴുമാഗ്രഹം തേ

ആദേശമായി=ആജ്ഞയായിട്ടു്. സാക്ഷാൽ ലക്ഷ്മീദേവിതന്നെ സേതുലക്ഷ്മീഭായിയായിട്ടു അവതരിച്ചു് വഞ്ചിരാജ്യംഭരിക്കുമ്പോൾ കാവ്യാ എഴുതാൻ ആഗ്രഹം കവിക്കുണ്ടാകും എന്നു മഹർഷി വചനം. ഇതുകൊണ്ടു് റീജൻസികാലത്താണ് ഈ കാവ്യം ആരംഭിച്ചതു് എന്നു വ്യക്തം. ലക്ഷ്മീദേവിയുടെ അവതാരം എന്നു പറഞ്ഞതുകൊണ്ടു് മഹാറാണി റീജൻറു തിരുമനസ്സിലെ സൌന്ദൎയ്യസമ്പൽസൌശീല്യാദി ഗുണങ്ങൾ സൂചിതം.

(25) തത്വാത്ഥദശിമുനി ചൊന്നതു
സത്വരം ഞാൻ
ശ്രുത്വാതദീയ പദതാ-
രിണതാണു നത്വാ
മൃത്വാ പിറന്നപടിതൽ-
ക്കരുണാ വിശേഷം
സ്മൃത്വാപിരിഞ്ഞു പുനരത്ര
ജനിക്കമാറായ്

തത്വാർത്ഥദർശി=പരമാർത്ഥാവസ്ഥകൾ (ഭൂതവർത്തമാന ഭവിഷ്യൽക്കാര്യങ്ങൾ) കാണുന്നവൻ. ശ്രുത്വാ=കേട്ടിട്ട്. നത്വാ=നമസ്കരിച്ചിട്ട്. മൃത്വാപിറന്നപടി=മരിച്ചിട്ടു ജനിച്ചതുപോലെ. ആപൽബന്ധത്തിൽ നിന്നു മോചനം ലഭിച്ചതുകൊണ്ടുള്ള സന്തോഷം ഇവിടെ അവഗന്തവ്യം ആകുന്നു. സ്തുത്വാ=സ്തുതിച്ചിട്ട്.

(26) ആസേധമാശ്രുമിഴികൾക്കു
പിണച്ചിടുന്നോ
രാസേചനദ്യുതി വിലാസര
സാലയാംഗി
ശ്രീ സേതുലക്ഷ്മി തിരുമേനി
ജനാർദ്ദനാംഘ്രി
ശ്രീസേവിനീജയതി
വഞ്ചിധരാധുരീണാ

ആസേധം=ബന്ധനം. ആസേചനദ്യുതി=ആസേചനമായ (അതിമനോഹരമായ) ദ്യുതി (ശോഭാ). "തദാസേചനകം തൃപ്തേർന്നാസ്ത്യന്തോയസ്യദർശനാൽ" എന്നമരം. ആസേചനദ്യുതി വിലാസ രസത്തിനു (വിലാസംകൊണ്ടുള്ള രസത്തിനു) ആലയമായ അംഗത്തോടു കൂടിയവൾ എന്നു പൊതുവിൽ സമസ്തപദത്തിനർത്ഥം. ജനാർദ്ദനാംഘ്രി ശ്രീസേവിനി=ജനാർദ്ദനാംഘ്രി ശ്രീയെ (ശോഭയെ) പതിവായിസേവിക്കുന്നവൾ; 'ണിനി' പ്രത്യയം കൊണ്ട് താച്ഛീല്യാർത്ഥംഗമ്യം. ജയതി=ജയിക്കുന്നു; ഉൽക്കർഷേണ വർത്തിക്കുന്നു. വഞ്ചിധരാധുരീണാ=വഞ്ചിധരയുടെ ധൂരിനെ (ഭാരത്തെ) വഹിക്കുന്നവൾ. പ്രധാന അല്ലെങ്കിൽമുഖ്യ എന്നുംഅർത്ഥം. 'യോഷിൽപ്രധാനഭൂവി' എന്ന ശാപവാക്യത്തോടു സന്ധിപ്പിച്ചു നോക്കുമ്പോൾ സാരസ്യം സ്പഷ്ടം.

(27) ഘോരാടവിയ്ക്കുകവുമുത്സവ
പൂർണ്ണമാക്കി
നീരാടയായി വിലസുന്നൊരു
വഞ്ചി നാട്ടിൽ
പൂരാടതാരഭവയായ് രമ
വാണിടുന്നു
വൈരാട രാജഭൂവി പാണ്ഡവ
പങ്ക്തി പോലെ

നീരാടയായി=ജലം വസ്ത്രമായിരിക്കുന്ന; സമുദ്രവസനയായിരിക്കുന്ന. പൂരാടതാരഭവ=പൂരാടം നക്ഷത്രത്തിൽ ഭവിച്ചവൾ (ജനിച്ചവൾ). വൈരാട രാജഭൂവി=വിരാടരാജാവിന്റെ ഭൂമിയിൽ (രാജ്യത്ത്.) പാണ്ഡവപങ്ക്തിപോലെ=പാണ്ഡവന്മാർ എന്ന പോലെ. വേഷപ്രച്ഛന്നന്മാരായി വിരാടരാജ്യത്തു പാണ്ഡവർ വസിച്ചതുപോലെ സാക്ഷാൽ ലക്ഷ്മീഭഗവതി ഇവിടെ വസിക്കയാണ് എന്നു താല്പര്യം. വിരാടശബ്ദത്തിൽ നിന്നു 'അൺ' പ്രത്യയയോഗം കൊണ്ടു വൈരാടശബ്ദം സിദ്ധം.

(28) സംപ്രാപ്തമായ് വിധിബലേന
നമുക്കു കാവ്യാ
രംഭാഭിലാഷമിതി സംപ്രതി-
ദുർന്നിവാരം
കിംപ്രാഭവം സുലഭമിങ്ങനെ
ശങ്ക പൊങ്ങി
കമ്പ്രാം ത്രലീ കിസ്സലയാവലി
ഞാനിദാനീം

സംപ്രാപ്തമായ്...... ദുർന്നിവാരം = ദുർന്നിവാരമായിരിക്കുന്ന കാവ്യാരംഭാഭിലാഷം വിധിബലേന ഇപ്രകാരം സംപ്രതി (ഇപ്പോൾ) നമുക്കു സംപ്രാപ്തമായി (വന്നുചേർന്നു). കിംപ്രാഭവം സുലഭമിങ്ങനെ ശങ്കപൊങ്ങി=പ്രാഭവം (പ്രഭുത്വം; സാമർത്ഥ്യം) സുലഭംകിം (സുലഭമാണോ)

എന്നു സംശയം ഉദിച്ചിട്ട്. കമ്പ്രാംഗുലീകിസലയാവലി ഞാനിദാനീം=ഞാൻ ഇദാനീം (ഇപ്പോൾ) കമ്പ്രാംഗുലീകിസലയാവലിയായിരിക്കുന്നു. കമ്പ്രാംഗുലീകിസലയാവലി=വിറയ്ക്കുന്ന വിരലുകളാകുന്ന തളിരിലകളോടു കൂടിയവൻ എന്നു ബഹുവ്രീഹിസമാസം. വിരലുകളെ തളിരുകളോടു ഉപമിച്ചിരിക്കുന്നതുകൊണ്ടു ഈ വിരലുകളിൽ നിന്നു പൂക്കളും ഫലങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു എന്നു ഭാവം.

(29) മജ്ജന്മദേശകഥയൊന്നു
കഥിക്കുവാനീ
മുജ്ജന്മ കാൎയ്യമവതാരിക
യായുരച്ചേൻ
ഉജ്ജൃംഭമാണരസ സാഗര
മജ്ജനം പോൽ
മുജ്ജന്മഹേതു നഹി മററി
ഹ സജ്ജനാനാം.

മജ്ജന്മദേശം=എന്റെ ജന്മദേശം. ഉജ്ജൃംഭമാണരസ സാഗരമജ്ജനം പോൽ=വികസിച്ചു കൊണ്ടിരിക്കുന്ന രസസാഗരത്തിൽ (രസസമുദ്രത്തിൽ) ഉള്ള മജ്ജനം പോലെ (മുഴുകുന്നതു പോലെ). മുജ്ജന്മഹേതു=മുത്തിന്റെ (സന്തോഷത്തിന്റെ) ഉൽപ്പത്തിക്കു കാരണം. രസത്തിലുള്ള അവഗാഹനം (മുഴുകുന്നതു്) പോലെ സജ്ജനങ്ങൾക്കു സന്തോഷത്തിനു വേറെ കാരണം ഇല്ലാ എന്നു താല്പൎയ്യം. കവിയുടെ ജന്മദേശം അമ്പലപ്പുഴയാണ്; അമ്പലപ്പുഴെ പണ്ടു് നടന്ന ഒരു കഥയാണ് ഇവിടെ പ്രതിപാദിക്കാൻ ഭാവിക്കുന്നതു് എന്നു ധരിക്കേണ്ടതാകുന്നു. ഈ അവതാരികാഭാഗം കാളിദാസൻ, ഭട്ടബാണൻ, സോഡ്ഢലൻ മുതലായ സംസ്കൃതകവികൾ ഋഷീശ്വരന്മാർ തുടങ്ങിയ അതിമാനുഷന്മാരുടെ വരശാപാദികളെ ഹേതുഭൂതമാക്കി മനുഷ്യപ്രവൃത്തികളുടെ ഗതിയെ വൎണ്ണിച്ചു കാവ്യനിൎമ്മാണം ചെയ്തിട്ടുള്ളതു് സ്മരിച്ചും ഒരുപക്ഷെ ഉപഹസിച്ചും കവി ഇവിടെ ഉപനിബന്ധനം ചെയ്തിട്ടുള്ളതാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

# തമിഴ്‌വ്യാകരണപ്രവേശിക.

വി, കൃഷ്ണൻതമ്പി, ബി, ഏ.

## അദ്ധ്യായം ൨.

### സന്ധി (പുണർച്ചി)

(തുടർച്ച്).

vii. അകാരത്തിനു പിന്നിലെന്നപോലെ, ആ. ഇ. ഈ. ഉ. ഊ. ഐ എന്നിവയ്ക്കു പിന്നിലും കചതപങ്ങൾ ഇരട്ടിക്കും. നാ + കിഴിന്തതു > നാക്കിഴിന്തതു = നാക്കുകീറി; മിടാ + തകർന്തതു > മിടാത്തകർന്തതു = കുടം തകൎന്നു. പോററി + ചൊന്നാൻ > പോററിച്ചൊന്നാൻ = പുകഴ്ത്തിപറഞ്ഞു. ഇനി + ചെയ്യേൻ > ഇനിച്ചെയ്യേൻ. എപ്പടി + ചൊല്ലുകിറായ് > എപ്പടിച്ചൊല്ലുകിറായ് = നീ എങ്ങനെപറയുന്നു—പുലി + തോൽ > പുലിത്തോൽ = പുലിയുടെ തോൽ. അത്തി + പഴം അത്തിപ്പഴം; ഈ + ചത്തതു > ഈച്ചത്തതു = ഈച്ച ചത്തു. കട്ടപ്പു + കടിതു > കട്ടപ്പുക്കടിതു = വേദന തീവ്രമാണ്. മുകത്തു + ചായല് > മുകത്തുച്ചായല് = മുഖത്തിൻെറ ഛായ. മരുന്തു + പൈ > മരുന്തുപ്പൈ = മരുന്നു വയ്ക്കുന്ന സഞ്ചി. അഴൈത്തു + ചൊന്നാൻ > അഴൈത്തുച്ചൊന്നാൻ = വിളിച്ചു പറഞ്ഞു; മലൈയ്ക്കു + പോ > മലൈയ്ക്കുപ്പോ = മലയിലേക്കുപോകുക. തിരു + പാദം > തിരുപ്പാദം. പാമ്പു + പടം > പാമ്പുപ്പടം = പാമ്പിൻെറ പടം; അവനൈ + പോല് > അവനൈപ്പോല്. മലൈ + പക്കം > മലൈപ്പക്കം = മലമ്പുറം; ആലൈപ്പട്ട.

അപവാദങ്ങൾ:— (1) നീ:—നീചൊന്നായ് = നീ പറഞ്ഞു.

(2) സംസ്കൃതതത്ഭവങ്ങൾക്കു പിമ്പെ:—മാകാ ചന്തോഴം.

(3) ഇകാരാന്തശബ്ദങ്ങളിൽ മനുഷ്യവാചികളായവയൊക്കെയ്ക്കും അല്ലാത്ത ചിലതിനും പിമ്പെ—തമ്പി + കൈ > തമ്പികൈ = അനുജൻെറ കൈ; ചെട്ടി പോനാൻ; കത്തിതേയ്ത്താൻ; പുത്തി ചൊന്നാൻ.

(4) ഉകാരാന്തശബ്ദങ്ങളിൽ, അതു, ഇതു, എതു, ഇരു, ഒരു, എന്നിവയ്ക്കു പിമ്പേയും കചതപങ്ങൾ ഇരട്ടിക്കുന്നില്ല.

രാമനതു + കൈ > രാമനതുകൈ. ഇതു + കൊടിതു > ഇതു കൊടിതു. എതു + കുററം > എതു കുററം. ഇരു + കൈ > ഇരു കൈ. ഒരു + തലൈ > ഒരു തലൈ.

viii. പോയ്, ആയ് എന്ന ശബ്ദങ്ങൾക്കും പലടത്തും യ, ഴ, റ, എന്നിവയ്ക്കും പിമ്പിൽ കചതപങ്ങൾ ഇരട്ടിക്കും:—പോയ്ച്ചൊന്നാൻ, സത്തിയമായ്പ്പേശിനാൻ; പൊയ്ച്ചെല്വം = അയഥാൎത്ഥമായ ധനം; വേർക്കുറൈ = വേരിൻെറ കുററം അല്ലെങ്കിൽ കുറവ്, കാഴ്ക്കുറൈ = തടിയുടെ വിളവിൻെറ കുറവ്.

N. B. ചിലേടത്തു് 'ക' എന്നതിനു മുമ്പായി 'ങ്' വരും:— വേയ് + കുഴല് > വേയ്ങ്കുഴല്. പാഴ് + കിണറു് > പാഴ്ങ്കിണറ്.

4. സാധാരണ നിയമങ്ങൾ വിട്ടുള്ള ചില വർണവിപര്യാസങ്ങൾ കാണുന്നവ താഴെ ചേർക്കുന്നു.

i. വലിത്തൽ: മെല്ലിനം വല്ലിനമാകുന്നതു്:—വായ്ന്തു > വായ്ത്തു.

ii. മെലിത്തൽ: വല്ലിനം മെല്ലിനമാകുന്നതു്:—തട്ടൈ > തണ്ടൈ.

iii. നീട്ടൽ: നിഴല് > നീഴല്

iv. കുറുക്കൽ: തീ + ഏൻ > തിയേൻ

v. തൊകുത്തൽ: അക്ഷരങ്ങൾ ഇല്ലാതായിപ്പോകുക: വേണ്ടാതാർ > വേണ്ടാർ.

vi. വിരിത്തൽ: കൂടുതൽ അക്ഷരങ്ങൾ വരിക: വളയുമൈ > വിളയുമ്മൈ.

vii മുതക്കുറൈത്തൽ, (തലൈക്കുറൈത്തൽ): ആദ്യക്ഷരം ലോപിക്കുന്നതു്:—താമരൈ > മരൈ

viii. കടൈക്കുറൈത്തൽ: അന്ത്യക്ഷരം ലോപിക്കുന്നതു്:—നീലമ് > നീല്.

ix. ഇടൈക്കുറൈത്തൽ: മദ്ധ്യാക്ഷരം ലോപിക്കുന്നതു്: യാവർ > യാർ.

5. സംസ്കൃതശബ്ദങ്ങൾ ചേരുമ്പോഴും തമിഴ് വ്യാകരണനിയമംതന്നെ അനുഷ്ഠിക്കേണ്ടതാണു വിധിയെങ്കിലും സംസ്കൃതത്തിലെ വർണ്ണദീർഘം, ഗുണം, വൃദ്ധി, മുതലായവയാണു് പ്രയോഗത്തിൽ കാണുന്നതു്. പഞ്ച + അങ്കമ് > പഞ്ചവങ്കം എന്നതിനു പകരം പഞ്ചാങ്കം എന്ന സംസ്കൃതരീതി പ്രയോഗത്തിൽ കാണുന്നു: ഇതുപോലെ തേവേന്തിരൻ, ചുത്തോതകം ഇത്യാദി: എന്നുതന്നെയല്ല തമിഴ് ശബ്ദങ്ങൾക്കു തമ്മിൽ തന്നെയും സംസ്കൃത സന്ധി ചിലപ്പോൾ ചെയ്തു കാണാം;—കുള + ആമ്പല് > കുളാമ്പല്

ആധിക്യം വൈവിധ്യം മുതലായവ കാണിക്കാൻ വേണ്ടി ചിലപ്പോൾ സംസ്കൃതശബ്ദങ്ങൾ ഇരട്ടിച്ചു് ഇടയ്ക്കു് ഒരു 'ആ' കാരംകൂടി ചേർത്തു് സംസ്കൃത വ്യാകരണത്തിനും തമിഴ്‌വ്യാകരണത്തിനും വിരുദ്ധമായ മട്ടിൽ പ്രയോഗിക്കാറുണ്ടു്:— കാലാകാലം; തേചാതേചമ്; കോടാകോടി; കുലാകുലം ഇത്യാദി.

6. തമിഴിലെ ചിലപദങ്ങൾക്കു് സന്ധി സംബന്ധിച്ച ചില വിശേഷങ്ങൾ കാണുന്നു.

i. <u>പല, ചില:</u>

പല പല, പലപ്പല, പർപല;
ചിലചില, ചിലച്ചില, ചിച്ചില
പലകലൈ, പർകലൈ;
ചിലകലൈ, ചിക്കലൈ
പലനാൾ, പന്നാൾ;
ചിലനാൾ, ചിന്നാൾ
പലമണി, പന്മണി;
ചിലമണി ചിന്മണി.
പല അണി > പലവണി, പല്ലണി
ചിലവണി, ചില്ലണി.

2. തമിഴ്—തമിഴ്ച്ചൊല്, തമിഴച്ചൊല്; തമിഴ്ക്കൂത്തു്, തമിഴക്കൂത്തു്.

3. തേൻ—തേൻ + കടിതു (= തേൻ കൊഴുത്തിരിക്കുന്നു) തേങ്കടിതു, തേക്കടിതു; തേങ്കുടമ്, തേക്കുടമ്. തേൻ + മൊഴി > തേന്മൊഴി, തേമൊഴി.

4. തൻ, എൻ — തൻ + പകൈ > തൻപകൈ, തർപകൈ; എൻപകൈ, എർപകൈ.

7. കൂടാതെ കോവിൽ എന്നതിനു കോയിൽ; ഇല്മുൻ (= വീട്ടിന്റെ മുൻവശം) എന്നതിനു് മുൻറില് ഇത്യാദി പല സ്വതന്ത്രപ്രയോഗങ്ങളും കാണുന്നുണ്ടു്.

(തുടരും)

# ഗ്രന്ഥനിരൂപണം.

## കൈപ്പററി.

1. ശ്യാമളാഭായി. (ചരിത്രാഖ്യായിക)
എസ്സ്. ഹരിഹരയ്യർ എഴുതിയതു്. ചിത്രാപബ്ളിഷിങ്ഹൌസ്, വില. അണ. 8.

2. ഡിമോസ്തനീസ് (ജീവചരിത്രം)
ഗ്രന്ഥകത്താ ഇ. എം. കോവൂർ ബീ. ഏ., ബി. എൽ., ചിത്രാപബ്ളിഷിങ്ഹൌസ്, വില. ചക്രം 10½

3. പ്രതാപരുദ്രീയം. (ഗദ്യം)
കെ. ചിദംബരവാദ്ധ്യാർ ബി. ഏ. ചിത്രാപബ്ളിഷിങ്ഹൌസ്, വിലരൂപാ 1.

4. ഗദ്യോപഹാരം.
വിദ്വാൻ വി. ആർ. പരമേശ്വരൻ പിള്ള, ചിത്രാപബ്ളിഷിഗ് ഹൌസ്, വില അണ 6.

5. ബാലാലങ്കാരം (അലങ്കാരഗ്രന്ഥം)
പേരൂർക്കട എം. കൊച്ചപ്പൻ, ചിത്രാപബ്ളിഷിങ്ഹൌസ്, വില അണ. 12.

6. ജീവചരിത്രസഞ്ചിക.
പ്രസാധകൻ, വെങ്കളം ജി. പരമേശ്വരൻ പിള്ള, ചിത്രാപബ്ളിഷിങ്ഹൌസ്, വില അണ. 5.

7. തിരുവിതാംകൂർ ആധുനികഭൂമിശാസ്ത്രം.
ആററുകാൽ നീലകണ്ഠപിള്ള, ചിത്രാപബ്ളിഷിങ്ഹൌസ്, വില അണ 12.

8. ശകുന്തള.
കെ. ബാലരാമപ്പണിക്കർ ചിത്രാപബ്ളിഷിങ്ഹൌസ് വില അണ 8.

9. കഥാകുസുമാവലി. (ചെറുകഥകൾ)
സി. ജെ. സുമതിക്കുട്ടിഅമ്മ. ചിത്രാപബ്ളിഷിങ്ഹൌസ് അണ 8.

10. പ്രബന്ധമാല്യം.
ഇ. എം. കോവൂർ, ബി. ഏ., ബി. എൽ. ചിത്രാപബ്ളിഷിങ്ഹൌസ്, വില ചക്രം 14.

11. ചിത്രാവതാരപ്രഭാവം. (പദ്യം)
ഏ. പരമേശ്വരശാസ്ത്രികൾ ചിത്രാപബ്ളിഷിങ്ഹൌസ് വില ചക്രം 4.

12. മുകിലസാമ്രാജ്യോദയം.
ആർ. നാരായണപ്പണിക്കർ ബി. ഏ. എൽ. ററി. ചിത്രാപബ്ളിഷിങ്ഹൌസ് വില രൂപ ½.

13. ആദർശദർപ്പണം (പുരാണകഥകൾ)
പ്രസാധകൻ മാനേജർ ചിത്രാപബ്ളിഷിങ്ഹൌസ് വില. അണ 6.

14. ശ്രീരത്നാവലി. (നാടകം തർജ്ജമ)
ഏ. പരമേശ്വരശാസ്ത്രികൾ ചിത്രാപബ്ളിഷിങ്ഹൌസ് വില രൂപ 1.

15. ശ്രീരാമചരിതം. (പദ്യം)
ഏ. പരമേശ്വരശാസ്ത്രികൾ ചിത്രാപബ്ളിഷിങ്ഹൌസ് വില ചക്രം 7.

16. സൽക്കഥാസമ്പുടം.
തുണ്ടത്തിൽ പി. വേലുപിള്ള, ബി. ഏ., ബി. എൽ. ചിത്രാപബ്ളിഷിംങ്ഹൌസ് വില ചക്രം 7.
17. അശ്രുധാര. (ചരിത്രാഖ്യായിക)
വെങ്കുളം പരമേശ്വരൻപിള്ള. ചിത്രാപബ്ളിഷിങ്ഹൌസ് വില രൂപ 1.
18. വസുധ. (ഖണ്ഡകാവ്യം): പേരൂർക്കട എം. കൊച്ചപ്പൻ, ചിത്രാപബ്ളിഷിംങ് ഹൌസ്, വില ചക്രം 8.
19. കടമററത്തച്ചൻെറ മാന്ത്രികവിദ്യകൾ.
സി. ററി. സാമുവൽ സാഹിത്യവിലാസം ബുക്ഡിപ്പോ ഹരിപ്പാട് വില അണ 4.
20. RAVI VARMA. (Monograph)
By K. P. Padmanabhan Thampi B, A. Published by Krip & Co. Price 8 as.
21. NICKOLAS ROERICH (A Monograph)
By K. P Padmanabhan Tampi B. A. Published by the Travancore HumanitarianCo-operative society Ltd. No. 1934.
22. FULL NOTES ON B. A.
Malayalam Texts by Mahopadhyaya M. H. Sastry published by the Educational Supplies Depot. Price Rs. 2.

## അഭിപ്രായങ്ങൾ.

1. ബാലാലങ്കാരം

വസുമതി, ശന്തൻമുതലായ കൃതികളുടെ കർത്താവും, നല്ലഒരു സാഹിത്യകാരനും ആയ പേരൂർക്കട എം. കൊച്ചപ്പൻ എഴുതിയ 'ബാലാലങ്കാരം' എന്ന അലങ്കാരഗ്രന്ഥം, പ്രൊ-രാജരാജവർമ്മകോയിൽത്തമ്പുരാൻെറ ഭാഷാഭൂഷണത്തെ അനുകരിക്കുന്നു. പ്രതിപാദ്യവിഷയങ്ങളെ സംബന്ധിച്ചിടത്തോളം സമഗ്രവും, സുഗ്രഹവും ആണെന്നു പറയാവുന്നതാണ്. ഭാഷയുടെ വളച്ച്യ്ക്കനുരൂപമായി വ്യാകരണങ്ങളും അലങ്കാരഗ്രന്ഥങ്ങളും ഇടയ്ക്കിടയ്ക്കു പരിഷ്കരിച്ചെഴുതേണ്ടതാവശ്യമാകയാൽ മി. കൊച്ചപ്പനെപ്പോലെയുള്ള സഹൃദയന്മാർ അക്കാര്യം നിർവഹിക്കുന്നതു ശ്ലാഘ്യമായിരിക്കുന്നു എന്നു പറയേണ്ടതില്ലല്ലോ.

ശബ്ദാർത്ഥാലങ്കാരങ്ങൾക്കു ആധുനികഭാഷാകാവ്യങ്ങൾമൂലം നമ്മുടെ സാഹിത്യത്തിലും ഉൽക്കർഷം ലഭിച്ചുവരുന്നതുകൊണ്ടു് നിരൂപകന്മാർക്ക് അവയെ ഒഴിച്ചുനിർത്തീട്ടു് അഭിപ്രായംപറവാൻ ഇനിമേൽ സാധിക്കുന്നതല്ല. വായനക്കാർക്കും രസാസ്വാദനവിഷയത്തിൽ അലങ്കാരജ്ഞാനം അത്യാവശ്യമെന്നാണു വന്നിരിക്കുന്നതു്. ആകയാൽ ബാലാലങ്കാരംപോലെയുള്ള ഒരു ഗ്രന്ഥത്തിൻെറ ഉപയോഗം അപലപിക്കത്തക്കതല്ല.

അലങ്കാരങ്ങളെപ്പററിയുള്ള സാമാന്യപ്രതിപാദനത്തിനുശേഷം, സാമ്യോക്തിയും, അതിശയോക്തിയും പ്രത്യേകം എടുത്തു് ഈ ഗ്രന്ഥത്തിൽ വളരെ ലളിതമായും വേണ്ട ഉദാഹരണങ്ങളോടുകൂടിയും വിവരിച്ചിരിക്കുന്നതു് വിദ്യാർത്ഥികൾക്കും, അദ്ധ്യാപകന്മാർക്കും ഒരുപോലെ ഉപകാരപ്രദമായിരിക്കുന്നു എന്നുള്ളതിനു സംശയമില്ല.

P. A. P.

1. <u>ലീലാവിലാസം:—</u>

ബർണാഡ്ഷാ, സീ. വി. രാമൻപിള്ള മുതലായ സുപ്രസിദ്ധഗ്രന്ഥകാരന്മാരുടെ ഗദ്യനാടകങ്ങളും പ്രഹസനങ്ങളുംമാർഗ്ഗമാക്കി ഇയ്യിടെ ഗദ്യനാടകം എന്നും പ്രഹസനം എന്നുമുള്ള പേരുകളിൽ പ്രതിദിനം എന്നവണ്ണം മലയാളത്തിൽ ഒരു സാഹിത്യപ്പുതുക്കോട്ട ഉയൎന്നുവരുന്നു. കാമിനീകാമുകന്മാരുടെ കമനോപാസനകളിൽ അനേകം പ്രതിബന്ധങ്ങൾ അഭിമുഖപ്പെട്ടുന്നതായും ഒരു തരത്തിൽ അവ തിരോഭവിക്കുന്നതായും മററും ഉത്ഭാവനംചെയ്യു ഒരു സാധാരണ പഴക്കമായിരിക്കുന്നു. അതിനിടയിൽ അക്ഷരജ്ഞാനശൂന്യമായ ഒരു പരിചാരകൻേറയൊ മറേറാ വികടവിഡംബനങ്ങളും സജ്ജീകൃതമായാൽ മിക്കവാറും ഇന്നത്തെ തോതിലുള്ള ഒരു പ്രഹസനമാകുന്നു; അഥവാ ഗദ്യനാടകവും ആയേക്കും. നാടകപ്രഹസനങ്ങൾ തമ്മിലുള്ള അന്തരം തദ്രചയിതാക്കളിൽ ഭൂരിഭാഗം അത്രകണ്ടു ദീക്ഷിക്കുന്നതായിട്ടേ കാണുന്നുള്ളു. എങ്കിലും ചില അനുഗൃഹീതമതിമാന്മാർകൂടി ഈ രംഗത്തു പ്രത്യക്ഷപ്പെട്ടുന്നതിനാൽ കാലാന്തരത്തിൽ ഇതു് ഒരു അമൂല്യസമ്പത്തായി ശേഷിക്കുന്നതാണു്. ഈ കൃതി പ്രസ്തുത നൂതനരീതിയിൽ മി. കേ. എൻ. ഗോപാലപിള്ള ബി. ഏ (മധുര അമേരിക്കൻ കാളേജ് ലെക്ചറർ) യാൽ നിൎമ്മിതമായ ഒരു ഗദ്യനാടകമാകുന്നു.

ഒരു കവിയുടെ സൃഷ്ടികൌശല്യം മുഖ്യമായി പ്രകാശിക്കുന്നതു് ഒരു രസാധായകമായ ഇതിവൃത്തഗ്രഥനയിലാണല്ലോ. ഇന്നത്തെക്കവനകൎമ്മങ്ങളിൽ കഥാവസ്തുനിൎമ്മിതിക്കായി അധികം കവികളും ക്ലേശിക്കുന്നതായികാണുന്നില്ല. പാത്രനിൎമ്മാണം, സംഭാഷണവ്യാപാരം മുതലായതുകളിലാണു് അവർ അധികവും വ്യാപൃതരായിരിക്കുന്നതു്. തിരഞ്ഞെടുക്കുന്ന കഥാവസ്തുതന്നെ രസകരമാണോ എന്നും അത്ര നോക്കാറില്ല. പാത്രനിൎമ്മിതി തുടങ്ങിയ വിഷയങ്ങളിൽ കാണുന്ന ശ്രമങ്ങളും വിജയപരിപൂൎണ്ണങ്ങൾ എന്നു പറവാനും അത്രയൊന്നും ദൎശിക്കുന്നുമില്ല. എന്നാൽ പ്രസ്തുതപ്രബന്ധത്തിലെ കഥ സൎവ്വഥാരസപ്രസരഹേതുകമാണെന്നു സന്തോഷിക്കുന്നു. അതിൽ ജയസിംഹരാജാവിൻെറ ഒരുപത്നി നളിനി സത്യനിഷ്ഠനായ മന്ത്രിയുടെ കോമളശരീരം പൂണ്മാനാകാഞ്ഞു കൈക്കൊള്ളുന്ന കഠിനക്രിയകളും മററും ഹൃദയസ്പൃക്കാകുമാറു ചിത്രീകരിച്ചിരിക്കുന്നു. രാജാവിൻെറ സ്ത്രീവശത, സത്യധൎമ്മാദികളിൽ മന്ത്രിയുടെ സ്ഥൈൎയ്യം, യോഗീശ്വരൻെറ ദിവ്യജ്ഞാനം, സജ്ജനക്ഷേമകാംക്ഷ ഇത്യാദികളും അവിടെ പ്രകാശിക്കുന്നുണ്ടു്. നവപരിണീതരായ ലീലാരമേശന്മാരുടെ സംഭോഗശൃംഗാരഭാഗം ഹൃദ്യമായ ഒരു സംഗീതവിഷയപ്രസംഗംകൊണ്ടു് സമാപിച്ചതു് സമുചിതമായിരിക്കുന്നു.

സംഭാഷണ വിന്യാസത്തിലും ഗ്രന്ഥകാരൻ നല്ലപോലെ മനസ്സിരുത്തിയിട്ടുണ്ടു്. ആയതു സന്ദൎഭം അനുസരിച്ചു് ഉജ്വലമായിത്തീരുന്നു. മന്ത്രിപുംഗവ പ്രാപണവ്യഗ്രയായ നളിനിയുടെ അവസാന സന്ദൎശനഘട്ടം ഈ ഭാഗത്തിനു് ഒരു മികച്ച ഉദാഹരണമാകുന്നതിനു പുറമേ കാമകൈങ്കൎയ്യം ഒരു ഹൃദയത്തെ പ്രേരിപ്പിക്കുന്ന സമ്പ്രദായംകൂടി ഗ്രഹിപ്പാൻ പൎയ്യാപ്തവുമാകുന്നു.

ഈ കൃതി സംഗീതം പരിത്യജിച്ചു നിൎമ്മിച്ചിരിക്കുന്നു എന്നു പറഞ്ഞിട്ടു് ഇടയ്ക്കിടയ്ക്കു് സംഗീതംചെയ്യുന്നതായി സൂചി

തമായിരിക്കുന്നതെന്തിനാണെന്നു മനസ്സിലാകുന്നില്ല. ഇതിനു വിശേഷവിധിയായി, ഗ്രന്ഥകാരനായിരിക്കാം, ഒരു ടിപ്പണം കൂടി ചില സന്ദർഭങ്ങളേയും ശബ്ദങ്ങളേയും വ്യക്തമാക്കാൻ നൽകിയിരിക്കുന്നു. അതിന്റെ ആവശ്യം ഈ ലഘുകൃതിയ്ക്കു് ഉണ്ടായിരുന്നുവോ എന്നു സന്ദേഹിക്കുന്നു. അതിൽ ഒരിടത്തു 'സുഗമം' എന്നതിനു 'സുകരം' എന്നു് അർത്ഥം വെച്ചിരിക്കുന്നതു പ്രമാദജന്യമല്ലേ എന്നും ശങ്കിക്കുന്നു.

ആകപ്പാടെ മി. ഗോപാലപിള്ളയുടെ ഈ സാഹിത്യശ്രമം അഭിനന്ദനീയമെന്നു പറവാൻ സന്തോഷമുണ്ടു്.

K. P.

### 3. ശന്തൻ അഥവാ സൂര്യവംശത്തിലെ ഭീഷ്മർ.

ക്രി. പി. പതിനഞ്ചാംശതകത്തിൽ 'മീവാർ' എന്ന രാജസ്ഥാനത്തു നടന്നതായി പറയപ്പെടുന്ന ഒരു കഥയെ ഇതിവൃത്തമാക്കി രചിച്ചിട്ടുള്ള ഒരു കൃതിയാണു് ഇതു്. ശ്രീരാമവംശജനായ ശന്തൻ പിതാവിന്റെ രണ്ടാം പരിഗ്രഹത്തിന്റെ പുത്രനു്, തനിക്കു ജന്മസിദ്ധമായ രാജ്യാവകാശത്തെ സ്വമനസ്സാലെ ഒഴിഞ്ഞുകൊടുക്കുന്നു. പിതൃമരണാനന്തരം, വയഃപ്രാപ്തിവരാത്ത വൈമാത്രേയനെ രാജ്യഭാരത്തിൽ സഹായിക്കുന്നു. എന്നാൽ, അചിരേണ തന്റെ വിമാതാവിനു തന്നിൽ ശങ്ക വളരുന്നതായികണ്ടു് ശന്തൻ ജന്മഭൂമി വിട്ടു് കാട്ടിൽപോയി തപസ്സുചെയ്യുന്നു. അതിനുശേഷം സ്വപുത്രനായ കുമാരന്റെ തുണയ്ക്കായി ആ രാജമാതാവു് 'രണമല്ലൻ' എന്ന സ്വസഹോദരനെ 'മാർവാറി'ൽനിന്നും വരുത്തുന്നു. അയാൾ 'ഭജനാമൂത്തു് ഊരാളു'വാൻ ബദ്ധപ്പെടുന്ന ഘട്ടത്തിൽ, ഭീതയായി അവർ ശന്തനോടു സഹായം അഭ്യർത്ഥിക്കുന്നു. വനവാസിയായ ശന്തൻ നാട്ടിൽ മടങ്ങിവന്നു് രണമല്ലനെ യുദ്ധത്തിൽ വധിച്ചു് സമാധാനം പുനഃസ്ഥാപിച്ചു വീണ്ടും തപസ്സിനായി പോകുന്നു. ഇത്രയുമാണു കഥ. ഈ കഥാകഥനം വളച്ചുകെട്ടലുകളോ വൃഥാസ്ഥൂലങ്ങളായ വർണ്ണനകളോ കൂടാതെതന്നെ കവി സാമാന്യം ഭംഗിയായി നിർവ്വഹിച്ചിരിക്കുന്നു. ശ്ലോകങ്ങൾക്കു പ്രായേണ പ്രസാദം എന്ന ഗുണം ധാരാളമായി കാണ്മാനുണ്ടു്. പിതൃഭക്തിമാഹാത്മ്യദ്യോതകമായ ഈ കൃതിയിൽ അർത്ഥാന്തരന്യാസം സുലഭമായി പ്രയോഗിച്ചു കാണുന്നതും യുക്തംതന്നെ.

'ഈ ലൌകികാഭ്യുന്നതിയാം കിരീട
ത്തുമ്പത്തൊളിത്തുവണി വൻമണിക്കും
വരാം മഹത്സംഗമവാഞ്ഛര; ബന്ധു
സമ്പത്തിനെങ്ങും വിലപൊങ്ങിനില്പൂ.

മുതലായുള്ള ശ്ലോകങ്ങൾ ഹൃദ്യങ്ങളായിട്ടുണ്ടു്.

ഈ ലഘുകൃതിയിൽ, കവി, സ്ഥായിയായിട്ടു രസമൊന്നും നിഷ്പാദനം ചെയ്തു കാണുന്നില്ല. പഠിതാവിൽ വികാരം ചുരത്തുന്ന പദ്യങ്ങളും അനേകം ഉണ്ടെന്നു പറവാൻ നിവൃത്തിയില്ല—എങ്കിലും, ആകപ്പാടേ നോക്കുന്നതായാൽ കവിത നന്നായിരിക്കുന്നു എന്നു രേഖപ്പെടുത്തുവാൻ ഞങ്ങൾക്കു സന്തോഷമുണ്ടു്. തുച്ഛേ—വടി, എന്ന 'ഒടിച്ചുകുത്തലും, ചൂടേറവെകാലവർഷം, ചെയ്താസ്സുകൃതം, ആയവററാൽ, നീണ്ടാന്ന്, മിഥുനവ്രജം' ഇത്യാദി വികലപ്രയോഗങ്ങളും ഒഴിച്ചാൽ നന്നു്.

P. S.

**ഒരു തിരുത്തു്**

'സഹൃദയ' രണ്ടാംലക്കം ൮൪-ാം വശത്തു ഒന്നാംപത്തിയിൽ ചില അച്ചടിത്തെററു വന്നിരിക്കുന്നതിനാൽ താഴെ ക്കാണുന്നവിധം ആഭാഗം തിരുത്തിവായിക്കേണ്ടതാണു്. College, honors തുടങ്ങിയ ഇംഗ്ലീഷുപദങ്ങൾ തത്സമങ്ങളായി മലയാളത്തിലേക്ക് എടുക്കുമ്പോൾ ആദ്യസ്വരത്തിൻെറ ഉച്ചാരണം ശരിയായി കാണിക്കാൻ ഇപ്പോൾ ഉപയോഗിച്ചുവരുന്ന ലിപികൾ പര്യാപ്തങ്ങളല്ലാത്തതിനാൽ ഒരു പുതിയലിപി കല്പിക്കുന്നതു നന്നായിരിക്കുമെന്നും അതു 3 എന്നാകട്ടെ എന്നും അഭിപ്രായപ്പെട്ടിരുന്നു. ആ ലിപിചേർത്തു് ക3ളേജ്, ആ3ണേഴ്സ് എന്നിങ്ങനെയെല്ലാമാണു എഴുതിയിരുന്നതു്; കൗളേജ്, അൗണേഴ്സ് എന്നിങ്ങനെയെല്ലാം അച്ചടിച്ചിരിക്കുന്നതു തെററാണു്. law, lord, longcloth, block, എന്നിവയ്ക്കു മറയ്ക്കു ല3, ല3ർഡ്, ല3ങ്ക്ലൊ3ത്ത്, ബ്ള3ക്ക്, എന്നിങ്ങനെയുമാണ്; ൗ ചേർത്തു അച്ചടിച്ചിരിക്കുന്നതു ശരിയല്ല. Professor എന്നതിലെപ്പോലെ ഹ്രസ്വമായ ഉച്ചാരണം കാണിക്കേണ്ടിവരുന്നിടത്തു 3 പുതിയലിപി കല്പിച്ചു് പ്ര3ഫസർ എന്നും എഴുതാം. ഫ എന്നതു് f-നു കല്പിച്ചിരിക്കുന്ന ലിപിയാണു്.

എൻ, കുഞ്ഞുരാമൻപിള്ള.

---


## ഭാഷാപോഷിണി

കേരളത്തിലെ ഏററവും പഴക്കവും പ്രചാരവുമുള്ള വിശിഷ്ടമാസിക. പ്രസിദ്ധ ലേഖകന്മാരുടെ പ്രൗഢലേഖനങ്ങൾ, വിമർശനങ്ങൾ, ജീവചരിത്രങ്ങൾ, ചെറുകഥകൾ, ലോകഗതി, കവിതകൾ, പ്രധാന സംഭവക്കുറിപ്പുകൾ, വിവിധവൃത്താന്തങ്ങൾ മുതലായവ ഓരോ ലക്കത്തിലും ഉണ്ടായിരിക്കും.

വരിസംഖ്യ മുൻക്രൂർ.

ഒരാണ്ടത്തേക്കു. ക. 2. ണ. 8. ആറുമാസത്തേക്കു. ക. 1. ണ. 4. ഒററപ്രതിക്കു. ണ. 4.

വി. പി. അയയ്ക്കാൻ സമ്മതിച്ചോ പണം മുൻപേറയച്ചോ ആവശ്യപ്പെടാത്തവക്ക് മാസിക അയയ്ക്കുന്നതല്ല.

പരസ്യക്കൂലി (മുൻക്രൂർ)

ഒററ പ്രാവശ്യത്തേക്ക് ഒരു പേജിന് അഞ്ചു് രൂപാ. ദീർഘകാലത്തേക്കു പ്രത്യേകനിരക്കു.

☞ ഭാഷാപോഷിണി പഴയ ലക്കങ്ങൾ ഭംഗിയായി ബയൻറു ചെയ്തു തയ്യാറാക്കിയിരിക്കുന്നു. പുസ്തകമൊന്നിനു വില രൂപാ 2.

മാനേജർ, ഭാഷാപോഷിണി,
കോട്ടയം.

# പത്രാധിപക്കുറിപ്പുകൾ.

## നാട്ടുഭാഷാ പര്യവേക്ഷകൻ.

സയൻസുകാളേജിൽ നാട്ടുഭാഷാ പര്യവേക്ഷകനെന്ന ഒരു പുതിയ സ്ഥാനം ഗവൺമെൻറിൽ നിന്നും ഏർപ്പെടുത്തിയതു് അഭിനന്ദനീയമായ ഒരു കൃത്യമാണെന്നുമാത്രമല്ല, കേരളീയരെ സംബന്ധിച്ചിടത്തോളം ഒരനുഗ്രഹവും കൂടിയാണ്. ശാസ്ത്രാഭ്യുദയത്തിന് നാട്ടു ഭാഷകളുടെ ഉന്നമനം അത്യാവശ്യമാകയാൽ അവയുടെ പാശ്ചാത്യവിദ്യാഭ്യാസകേന്ദ്രങ്ങളിൽ നൽകുന്ന ആനുകൂല്യങ്ങൾ ഒരിക്കലും അസ്ഥാനത്താവുന്നതല്ല. ഗ്രാമീണപുനരുദ്ധാരണം, ആതുര ശുശ്രൂഷ, ശുചിത്വപരിപാലനം മുതലായി സാമാന്യജനങ്ങളുടെ ഉൽക്കർഷത്തെ ലക്ഷീകരിച്ചുള്ള പല ജോലികളും നമ്മുടെ ഭാവിപൌരന്മാരായ വിദ്യാർത്ഥികൾ നിർവഹിക്കാനുള്ളവരാകയാൽ, അവർക്കു സിദ്ധിക്കുന്ന പാശ്ചാത്യസംസ്കാരത്തെ പരിപോഷിപ്പിക്കുന്നതിനും, പൊതുജനോപകാരപ്രദമാക്കുന്നതിനും മാതൃഭാഷയിലുള്ള അവരുടെ പരിശീലനം കുറേക്കൂടി നിഷ്കൃഷ്ടമായി നടത്തുവാൻ അധികൃതന്മാർ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാരണത്താൽ ഗവൺമെൻറിൻെറ ഈ ഉചിതകൃത്യം ഞങ്ങൾ വീണ്ടും അനുമോദിച്ചു കൊള്ളുന്നു.

## വീരരാഘവപ്പട്ടയം

തിരുവനന്തപുരം ആർട്സ് കാളേജ് മലയാളം ആണേഴ്സ് സമാജത്തിൻെറ ആഭിമുഖ്യത്തിൽ നടന്ന രണ്ടാം യോഗത്തിൽ രാജശ്രീ സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള ബി. ഏ. ബി. എൽ അവർകൾ അഗ്രാസനാധിപത്യം വഹിക്കുകയും, രാജശ്രീ പി അനന്തൻപിള്ള എം. ഏ. അവർകൾ വീരരാഘവപ്പട്ടയത്തിൻെറ കാലം, ദാതാ, ഗ്രഹീതാ മുതലായ സംഗതികളെപ്പററിയുള്ള വാദമുഖങ്ങൾ അവതരിപ്പിക്കയും ശ്രീമാന്മാരായ വി. കൃഷ്ണൻ തമ്പി, ഡാക്ടർ ഗോദവർമ്മ, ഡാക്ടർ എൽ. ഏ. രവിവർമ്മ, വെങ്കിട്ടരാമശർമ്മ, ശൂരനാട്ടു കുഞ്ഞൻപിള്ള, കരിങ്കുളം നാരായണപിള്ള എന്നിവർ അവരവരുടെ മതങ്ങൾ സ്ഥാപിക്കത്തക്ക പ്രസംഗങ്ങൾ ചെയ്കയും ചെയ്തു. ശ്രോതാക്കളുടെ കൂട്ടത്തിൽ രാജശ്രീ ഏ. ഗോപാലമേനോൻ അവർകൾ എം. ഏ. ബി. കാം. ആദിയായി പല പണ്ഡിതന്മാരും വിദ്യാർത്ഥികളും സന്നിഹിതരായിരുന്നു.

## സഹൃദയ സമാജം.

തിരുവനന്തപുരം സഹൃദയ സമാജത്തിൻെറ ഒരു യോഗം രക്ഷാധികാരിയായ രാജശ്രീ പി. കേ. നാരായണപിള്ള ബി. ഏ. ബി. എൽ. അവർകളുടെ ഗൃഹത്തിൽ കൂടുകയും, സമാജത്തിൻെറ രക്ഷാധികാരസ്ഥാനം കല്പിച്ചു സ്വീകരിക്കുന്നതിനു തിരുവുള്ളമുണ്ടാകുവാൻ മഹാരാജാവു തിരുമനസ്സിലെ മുഖം കാണിച്ചു് അപേക്ഷിക്കുന്നതിന് ശ്രീമാന്മാരായ പി. കെ നാരായണപിള്ള അവർകൾ ഏ. ഗോപാല മേനോൻ അവർകൾ വി. കൃഷ്ണൻതമ്പി അവർകൾ, പി. അനന്തൻപിള്ള അവർകൾ ഡാക്ടർ കെ. ഗോദവർമ്മ തമ്പുരാൻ പി. വേലുപ്പിള്ള അവർകൾ എന്നിവരെ നിശ്ചയിക്കുകയും,

കൊട്ടാരം ഗ്രന്ഥപ്പുരയിലേയും, ക്യൂറേ ററർ ആഫീസിലേയും ഗ്രന്ഥങ്ങൾ സഹൃദയസമാജത്തിൻെറ പയ്യവേക്ഷണപരമായ ഉപയോഗത്തിന്ന് ലഭ്യമാകുവാൻ വേണ്ട സൌകയ്യങ്ങൾ ഉണ്ടാക്കിത്തരുന്നതിന്ന് അധികൃതരോടു അപേക്ഷിക്കുവാനും, ഒരു പ്രവത്തനപദ്ധതി നിർദ്ദേശിക്കുന്നതിനും, ശ്രീമാൻ എൻ. ഗോപാല പിള്ള സംയോജകനായും, ശ്രീമാന്മാരായ പി. അനന്തൻപിള്ള, ഡാക്ടർ ഗോദവമ്മ, ശൂരനാട്ടു പി. എൻ. കുഞ്ഞൻ പിള്ള എന്നിവർ അംഗങ്ങളായും ഒരു കമ്മിററി രൂപവൽക്കരിക്കുകയും, മാസികയുടെ നടത്തിപ്പിനു വേണ്ട കായ്യങ്ങൾ നിർദ്ദേശിക്കുകയും ചെയ്തതിനു ശേഷം ലഘുഭക്ഷണം, കവിതാപാരായണം മുതലായവ കഴിഞ്ഞു പിരിഞ്ഞു.

## കേരള സവ്വകലാശാല.

കോഴിക്കോട്ടുനിന്നും ശ്രീമാൻ കുട്ടികൃഷ്ണൻമേനോൻ അവർകൾ ഈയ്യിടെ ഇവിടെ വന്നു ചില പ്രമാണികളോടു കൂടി കേരള സവ്വകലാശാല സ്ഥാപനം സംബന്ധിച്ച് ദിവാൻജി അവർകളെ സന്ദശിക്കുകയും വേണ്ട ഒത്താശകൾ ചെയ്തു കൊടുക്കാമെന്ന് ദിവാൻ വാഗ്ദാനം ചെയ്കയും ചെയ്തതായി അറിയുന്നു. ഈ നാട്ടുകാക്ക് വേണ്ട ഉത്സാഹം ഉണ്ടായിരുന്നുവെങ്കിൽ ഇതിനു മുമ്പുതന്നെ സവ്വകലാശാലക്കയ്യും സാദ്ധ്യമാർഗത്തിലെത്തുമായിരുന്നു. തിരുവിതാംകൂറും കൊച്ചിയും കൂടിച്ചേന്നപേക്ഷിച്ചാൽ മദിരാശി ഗവൺമെൻറ് സവ്വകലാശാല സ്ഥാപിക്കാൻ അനുവദിക്കുന്നതും ധനസാഹായ്യം ചെയ്യുന്നതുമാണ്. ഉടൻ വേണ്ടതു കേരളത്തിലെ പ്രധാനസ്ഥലങ്ങളിൽ നിന്നും പ്രതിനിധികളെ തെരഞ്ഞെടുത്ത് ഒരു യോഗം കൂടി ഒരു പ്രവത്തക സമിതിയെ നിശ്ചയിക്കുകയാകുന്നു. ധനലാഭമുദ്ദേശിക്കാതെ ആത്മാത്ഥമായി ജോലി ചെയ്യുന്ന ഏതാനും പേരുണ്ടായാൽ അധികകാലതാമസം കൂടാതെ കേരള സവ്വകലാശാല പ്രായോഗികമാക്കിത്തീക്കാവുന്നതാണ്.

# സഹൃദയസമാജാംഗങ്ങൾ.

1. സാഹിത്യപഞ്ചാനനൻ, പി. കെ. നാരായണപിള്ള ബി. ഏ. ബി. എൽ. എം. എൽ. ഏ. റിട്ടയർഡ് ഹൈക്കോട്ട് ജഡ്ജ്. (രക്ഷാധികാരി)
2. ഏ. ഗോപാലമേനോൻ, എം. ഏ. ബീ,കോം. പ്രിൻസിപ്പാൾ, ആർട്സ്കാളേജ്. (Do)

നിർവാഹകസംഘം.

3. പ്രഫസ്സർ, വി. കൃഷ്ണൻതമ്പി, ബി. ഏ. ആർട്സ്കാളേജ്. (അദ്ധ്യക്ഷൻ)
4. ഡാക്ടർ, കെ. ഗോദവർമ്മ, എം. ഏ. പി. എച്ച്. ഡി. (ലണ്ടൻ), പ്രിൻസിപ്പാൾ, സംസ്കൃതകാളേജ്. (ഖജാൻജി)
5. ബി. പത്മനാഭപിള്ള, ബി. ഏ. (സെക്രട്ടറി)
6. പി. അനന്തൻപിള്ള, എം. ഏ. നാട്ടുഭാഷാപര്യവേക്ഷകൻ, സയൻസ് കാളേജ്. (കൺവീനർ, "സഹൃദയ")
7. എൻ. കുഞ്ഞുരാമൻപിള്ള, എം. ഏ. ബി. എൽ. ആർട്സ്കാളേജ്.
8. എൻ. ഗോപാലപിള്ള, എം. ഏ. ആർട്സ്കാളേജ്.
9. ശ്രീവദ്ധനത്ത്, എൻ. കൃഷ്ണപിള്ള, എം. ഏ.
10. സാഹിത്യകുശലൻ,ടി.കെ. കൃഷ്ണമേനോൻ,ബി.ഏ.എഫ്.ആർ.എച്ച്.എസ്സ്.
11. വിദ്വാൻ, സി. ഐ. ഗോപാലപിള്ള, എം. ഏ. ആർട്സ്കാളേജ്.
12. ശൂരനാട്ട്, പി. എൻ. കുഞ്ഞൻപിള്ള, എം. ഏ. (ഇംഗ്ലീഷ്) എം. ഏ. (സംസ്കൃതം) എം. ഏ. (മലയാളം) ആർട്സ്കാളേജ്.
13. പി. വേലുപ്പിള്ള, ബി. ഏ. ബി. എൽ. ഹൈക്കോട്ടുവക്കീൽ.
14. മഹോപാദ്ധ്യായൻ, എൻ. പത്മനാഭപ്പണിക്കർ, സംസ്കൃതകാളേജ്.
15. എം. ആർ. ബാലകൃഷ്ണവാര്യർ, എം. ഏ. സയൻസ്കാളേജ്.
16. കെ. മാമൻ, എം. ഏ. ആർട്സ് കാളേജ്.
17. ഇളംകുളം, പി. എൻ. കുഞ്ഞൻപിള്ള, എം. ഏ. ആർട്സ്കാളേജ്.
18. പി. കെ. നാരായണപിള്ള, എം. ഏ. സംസ്കൃതകാളേജ്.
19. എസ്. ജ്ഞാനസ്കന്ദയ്യർ, മാനേജർ, ഏ. ആർ. വി. പ്രസ്സ് & "സഹൃദയ"; പ്രൊപ്രൈററർ, ചിത്രാപബ്ളിഷിങ് ഹൌസ്സ്.
20. മഹോപാദ്ധ്യായൻ, എം. ഹരിഹരശാസ്ത്രി.
21. എം. കെ. ഹരിഹരയ്യർ, ബി. ഏ.
22. വെങ്കുളം, ജീ. പരമേശ്വരൻപിള്ള.
23. കെ. പി. പത്മനാഭപിള്ള ബി. ഏ., 'എൽ. എൽ.' ബി. ബാർ-അററ്ലാ, ലാ കാളേജ്.
24. വിദ്യാഭൂഷണൻ, വി. വെങ്കിട്ടരാമശർമ്മ, ആർട്ട്സ് കാളേജ്.